L. No. 2. 0. Dd. 28-11-1933 Reg. No. T. 105 of 1120

സുപ്രഭാതം

കേരളരാജ്യം കേരളഭാഷ
കേരളസംസ്കാരം

ഇത്രയുമാണ് മലയാളികളുടെ യഥാർത്ഥവും ശാശ്വതവുമായ സ്വകാര്യസ്വത്തുക്കൾ. ഇവയുടെ പരിരക്ഷണവും പരിപോഷണവും ഓരോ കേരളീയന്റെയും ആയുഷ്കാലധർമ്മമാണെന്ന് ബോദ്ധ്യം വരുമ്പോൾ അവന്റെ ജനനമരണങ്ങൾപോലും ഒരു നിശ്ചിതവ്യവസ്ഥയിൽ പെട്ട മഹനീയസംഭവങ്ങളായി മാറുകതന്നെചെയ്യും

പത്രാധിപന്മാർ { ബോധേശ്വരൻ
കെ. സി. പിള്ള

വിഷയവിവരം

1. പത്രാധിപപംക്തി
2. പുസ്തകാഭിപ്രായങ്ങൾ
3. പ്രാചീനകേരളസംസ്കാരം
മാത്യു, എം, കുഴിവേലിൽ ബി ഏ എൽ. റ്റി.
4. പെനിസില്ലിൻ — ഡാക്ടർ കെ. മധുസൂദനൻ പണ്ടാല
5. രണ്ടും പ്രചരണമാണ്
സി. നാരായണപിള്ള ബി ഏ. ബി. എൽ.
6. രാജകീയാദർശവാദനം അനുവാദകൻ എം. കൃഷ്ണൻനായർ
ബി എ. ഓണേഴ്സ്
7. സേവൻ, — നാലാങ്കൽ കൃഷ്ണപിള്ള എം. ഏ എൽ. റ്റി.
8. ആശാന്റെ ബാല്യകാലകവനങ്ങൾ — സി. ഓ. കേശവൻ ബി. എ.
9. ഹിററ്ലറും, സ്റ്റാലിനും — കെ. കൃഷ്ണൻനായർ, ശാന്തിനികേതൻ,
10. കലാവിമർശകനോട് — എം. പി. അപ്പൻ എം. എ. എൽ. റ്റി.
11. ജീവിതചിന്ത — സാഹിത്യവിശാരദൻ രാഘവൻ, മൂവാററുപുഴ
12. ഹിറോ ഹിതൊ ചക്രവർത്തി — അനുവാദനം (എല്ലു്)
13. അന്ത്യസമാഗമം — വി. മാധവൻനായർ ബി ഏ. ബി. എൽ.

സുപ്രഭാതം

കേരളത്തിന്റെ ഐക്യവും കേരളസംസ്കാരത്തിന്റെ
പുരോഗതിയും ലക്ഷ്യമാക്കിക്കൊണ്ടു പുറപ്പെടുവിക്കുന്ന

ഒരു ഉൽകൃഷ്ടമാസിക

വരിസംഖ്യ

(എപ്പോഴും മുൻകൂർ)

ഒരാണ്ടേത്തേയ്ക്കു്	ബ്രി. രൂ. 5
ആറുമാസത്തേയ്ക്കു്	ബ്രി. രൂ. 3
ഒററപ്രതിക്കു്	അണ 8

ലേഖനങ്ങളും മാററപ്പത്രങ്ങളും അഭിപ്രായത്തിനുള്ള പുസ്തകങ്ങളും പത്രാധിപർ, സുപ്രഭാതം തിരുവനന്തപുരം എന്നുള്ള മേൽവിലാസത്തിൽ അയച്ചുതരാനപേക്ഷ.

Printed at the "Bharath Press"—Puthenchanthai, Trivandrum.

സുപ്രഭാതം

പുസ്തകം 7. | 1121 തുലാം—വൃശ്ചികം | ലക്കം 3-4.

പത്രാധിപക്കുറിപ്പുകൾ

മംഗളാശംസ

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ മുപ്പത്തിമൂന്നാമത്തു് തിരുനാളിനെ
അനുസ്മരിച്ചു് തിരുമനസ്സിലെ ആയുരാരോഗ്യ ക്ഷേമാദികൾക്കു്
സുപ്രഭാതത്തിൻ്റെ വിനീതാശംസകൾ!

—o—

ഇൻഡ്യൻ ദേശീയസേനാനികളുടെശിക്ഷ.

ലോകത്തിൻ്റെ ശ്രദ്ധയും ഭാരതത്തിൻ്റെ ഉൽക്കണ്ഠയും ഈയിടെ സന്ദർഭമുണ്ടാക്കിയ പ്രധാന സംഭവം ഇൻഡ്യൻ ദേശീയ സേനയുടെ സേനാനികളെ ബന്ധനസ്ഥരാക്കി ചരിത്രപ്രസിദ്ധമായ ഡെൽഹിയിലെ റെഡ് ഫോർട്ടിൽ കൊണ്ടുവന്നു് ചക്രവർത്തിയോടു യുദ്ധംചെയ്ക എന്ന, കുററംചുമത്തി വിസ്തരിച്ചു് വിധി പറഞ്ഞതാണു്. ഷാനാവാസ്സ്, സൈഗാൾ, ഡില്ലൻ, എന്നീ മൂന്നു യുവഉദ്യോഗസ്ഥരും കുററക്കാരാണെന്നു തെളിയുകയാൽ ജീവപര്യന്തം നാടുകടത്തലിനു വിധിക്കുകയും ഇൻഡ്യൻ സർവസൈന്യാധിപൻ്റെ കാരുണ്യാതിരേകത്താൽ, അവരെ ഉടൻതന്നെ നിരുപാധികം മോചിപ്പിക്കുകയുംചെയ്തു നാടകീയരംഗങ്ങൾ ഇൻഡ്യയിൽ ഇംഗ്ലീഷ് ആധിപത്യം ഉറച്ചതിനുശേഷമുണ്ടായിട്ടുള്ള രാജകീയ വിനോദങ്ങളിൽ ഏററവും മഹത്തരമായിട്ടുള്ളതാണെന്നു് ചരിത്രം രേഖപ്പെടുത്താതിരിക്കയില്ല.

അത്യാപൽക്കരമായ ഘട്ടങ്ങളിൽപോലും രസകരമായ നേരമ്പോക്കുകൾക്കവസരമുണ്ടാക്കാൻ—സംസ്കാരമുള്ള, ജനതയ്ക്കു കെല്പുണ്ടാ

യ്‌രിക്കയുള്ളു! ഇനിയും ഒട്ടനവധി ഇൻഡ്യാക്കാർ മോചിതരാകേണ്ടിയിരിക്കുന്നതായും വിസ്താരത്തിൽ ഇരിക്കുന്നവരിൽ പലരും മററനേകംപേരും അവരവരുടെ തുറങ്കുകളിൽ യാതൊരു സ്വാസ്ഥ്യവുമില്ലാതെ കഴിഞ്ഞു കൂടുന്നതായും കേൾക്കുന്നു. ഭരണാധികാരികളുടെ അന്നുള്ള ജഠരാഗ്നിയുടെ സ്ഥിതിപോലെ സംഗതികൾ നടന്നു കൊണ്ടിരിക്കും എന്നുമാത്രം!

ഈ ഘട്ടത്തിൽ ഈ ദേശാഭിമാനികളായ കുററക്കാരെ രക്ഷിക്കുവാനും അവർക്കുവേണ്ടി കേസ്സു നടത്തുവാനുംമററും സംഭാവനകൾ നൾകിയ എല്ലാ ഭാരതീയരും വിദേശീയരും തികച്ചും ചരിതാൎത്ഥരാണെന്നുള്ള സംഗതികൂടി പ്രസ്താവ്യമായിരിക്കുന്നു.

ഡിഫൻസ് കൗൺസിൽ

നിസ്തുല്യമായ പരിതസ്ഥിതികൾ കൊണ്ടും നിയമവ്യാഖ്യാനങ്ങൾകൊണ്ടും അനന്യസുലഭങ്ങളും അനശ്വരതമങ്ങളുമായ പ്രതിരോധവാദമുഖങ്ങൾ കൊണ്ടും ലോകോത്തരമായ ഈ കേസ്സിന്റെ പ്രതിപക്ഷ വാദക്കാരിൽ ബുലുബായ് ദേശായി, അദ്വിതീയനാണെങ്കിലും തേജ് ബഹദൂർസപ്രൂ, ആസഫ് ആലി, നെഹ്രു, ഡാക്ടർ കഡ്ജു, സർ, ദിലീപ് സിങ്ങ് പി. കെ. സെൻ. റായി ബഹദൂർ ബദ്രിദാസ്സ് എന്നീ അഭിഭാഷകന്മാർ എല്ലാഭാരതീയരുടെയും കൃതജ്ഞതയ്ക്കർഹന്മാരാണ്. പക്ഷെ ഇരുപതു കൊല്ലക്കാലമായി പണ്ഡിററ് നെഹ്രു ഈ ഉടുപ്പ് എവിടെ ഒളിച്ചുവെച്ചിരുന്നു എന്നുള്ള കാര്യം രാഷ്ട്രം അന്വേഷിക്കുക തന്നെ ചെയ്യുന്നു. എന്തായാലും ഗാന്ധിജിയെപ്പോലെ സ്വഭാവമൂല്യം കൊണ്ട്, ആ ഡിഗ്രി കളയരുതെ എന്നുമാത്രം!

നമുക്ക് ഉപേക്ഷിക്കുവാൻ പാടില്ല.

ദീർഘകാല അടിമത്വം ഒരു പ്രത്യേക വീക്ഷണഗതിയേയും അത്ര സ്പൃഹണീയമല്ലാത്ത സന്മാർഗ്ഗബോധത്തേയും മധുരമല്ലാത്ത മനോഭാവങ്ങളേയും സൃഷ്ടിക്കുമെങ്കിലും ഏതു കാല ദേശാവസ്ഥകളിലും നമുക്ക് നമ്മോട് ബഹുമാനം തോന്നത്തക്ക ചില ഗുണവിശേഷങ്ങളെ സംരക്ഷിക്കേണ്ടിയിരിക്കുന്നു എന്നാണ് ഈയുള്ളവർ വിശ്വസിക്കുന്നത്. മനുഷ്യവംശത്തെ ഇന്നല്ലങ്കിൽ നാളെ ഒരുമിച്ചിണക്കേണ്ടത്, അവർക്ക് ആർക്കെങ്കിലും ഒരു ദിവസമെങ്കിലും സമാധാനമായും സന്തോഷമായും കഴിഞ്ഞു കൂടുവാൻ അവസരമുണ്ടാക്കി കൊടുക്കേണ്ടത്, സത്യം, പ്രതിജ്ഞാവിശ്വാസം, ഇത്യാദികാര്യങ്ങളാണെന്നുള്ളതിൽ ആർക്കെങ്കിലും അഭിപ്രായാന്തരത്തിനവകാശമുണ്ടെന്നു തോന്നുന്നില്ല. ഒരു ഗവർമ്മെൻറിനോട് വിശ്വാസപ്രതിജ്ഞചെയ്ത ഭടന്മാർക്ക് ഏതു പരിതസ്ഥിതിയിലും അതിനെ പരിരക്ഷിക്കേണ്ട ചുമതലയുണ്ടെന്നുള്ള കാര്യം ഒരിക്കലും ഒരു വാദവിഷയമാകുവാൻ കൂടി പാടുള്ളതല്ല. പക്ഷെ നിസ്സഹായമായ പരിതസ്ഥിതികളിൽ നിർബന്ധമായടിച്ചേൾപ്പിക്കുന്ന വിശ്വാസപ്രതിജ്ഞകൾക്ക് അതിന്റെ തികച്ചുമുള്ള ഭാരവും തൂക്കവുമുണ്ടായിരിക്കുന്നതെങ്ങിനെ എന്നൊരു ചോദ്യത്തിന് സമാധാനം കണ്ടുപിടിക്കുവാൻ പ്രയാസമായിരിക്കുന്നു!

രണ്ടുപാഠങ്ങൾ

ജപ്പാനുമായുള്ളസമരം കൊണ്ട് രണ്ടല്ല അനേകം പാഠങ്ങൾ ആംഗ്ലോ അമേരിക്കൻ ജനത പഠിച്ചിരിക്കുമെന്നുള്ള കാര്യത്തിലും അതിൽ അല്പമൊക്കെ ഇൻഡ്യാക്കാർക്കും പ്രയോജന

പ്പെട്ടിരിക്കുമെന്നുള്ള കാര്യത്തിലും ആർക്കും സംശയമില്ല തന്നെ. എന്നാൽ എല്ലാരാഷ്ട്രങ്ങളും പഠിക്കേണ്ട രണ്ടു പാഠങ്ങൾ സംഭവചരിത്രങ്ങളിൽ പ്രധാനമായി പൊന്തിനിൽക്കുന്നുണ്ട്. അതിൽ ഒന്നു് അടിമരാജ്യങ്ങളേയും സ്വജനങ്ങളെപ്പോലും വിശ്വാസപ്രതിജ്ഞകൾ അടിച്ചേൽപ്പിക്കുന്നത് പരസ്പരം ചെയ്യുന്ന ആത്മവഞ്ചനയെന്നുള്ളത്, രണ്ടാമത്തേത് തങ്ങളെ വിശ്വസിച്ചും ആശ്രയിച്ചും കഴിയുന്നവരുടെ രക്ഷ തങ്ങളുടെ രക്ഷയെക്കാൾ പ്രധാനമായിക്കരുതണമെന്നുള്ള വിശ്വജനീനമായ മര്യാദ- ഏതൊരു രാഷ്ട്രത്തിന്റെയും ജനതയുടെയും നിലനില്പിന് ഈ പാഠങ്ങൾ വിസ്മരിച്ചുകൂടാത്തതാണ്.

തിരുവിതാംകൂറിന്റെ ശ്രേയോന്മുഖമായ ഗതി.

കുറെക്കാലമായി കായികവിനോദങ്ങളിൽ നമ്മുടെ രാജ്യം കൈക്കൊണ്ടിരിക്കുന്ന മനോഭാവം തികച്ചും അഭിമാനകരമാണെന്നുള്ളതിൽ പക്ഷാന്തരത്തിനവകാശമില്ല. അതിവിശാലവും സുന്ദരവുമായ സർവകലാശാലാ സ്റ്റേഡിയത്തിന്റെ ആവിർഭാവം, അതോടൊന്നിച്ച് അഖിലേൻഡ്യാഫുട്ട്ബാൾ മത്സരം, എന്നിങ്ങനെ കായികവിനോദരംഗത്ത് അനന്യസുലഭമായ പ്രസിദ്ധി ആർജ്ജിക്കുവാനുള്ള പരിതസ്ഥിതികളെല്ലാം തിരുവനന്തപുരത്ത് സൃഷ്ടിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിനൊക്കെയും നിഷ്കളങ്കവും നിസ്തന്ദ്രവും നിർവ്യാജവുമായ നേതൃത്വം കൊടുക്കുന്ന ഒരു ബഹുമാന്യവ്യക്തി ലഫ്: കർണ്ണൽ ഗോദവർമ്മരാജാവാണെന്നുള്ള സംഗതി തിരുവിതാംകൂറിലെ യഥാർത്ഥപൗരലോകം കൃതജ്ഞതാപൂർവം അനുസ്മരിക്കുക തന്നെ ചെയ്യുന്നു. തിരുവിതാംകൂറിന് ഇൻഡ്യയുടെ പടത്തിൽ യഥാർഹമായ ഒരു സ്ഥാനം ലഭിക്കുവാനായുള്ള ഈ ദ്രശപരിശ്രമങ്ങളിൽ തിരുവിതാംകൂർജനതയുടെ എല്ലാവിധപ്രോത്സാഹനങ്ങളും ഉണ്ടായിരിക്കുമെന്നു് ന്യായമായി ആശിക്കാമെന്നുള്ളതാണ്.

അഖിലഭാരതസാഹിത്യകാരസമ്മേളനം.

പി. ഈ. എൻ എന്ന അഖിലലോകസാഹിത്യകാര സംഘടനയുടെ ആഭിമുഖ്യത്തിൽ ജെയ്പ്പൂരിൽ വച്ചു് കഴിഞ്ഞ ഒക്ടോബർ മാസത്തിൽ കൂടിയ ഭാരതീയ സാഹിത്യകാര സമ്മേളനം വിജയപൂർവ്വം നിർവഹിക്കപ്പെട്ടു എന്നറിഞ്ഞു് ഞങ്ങൾ സന്തോഷിക്കുകയും സമ്മേളന ഭാരവാഹികളെ ഹൃദയംഗമമായി അഭിനന്ദിക്കുകയും ചെയ്യുന്നു. ആ മഹനീയ സന്ദർഭത്തിൽ മലയാള സാഹിത്യത്തിന്റെ പ്രതിനിധികളായി ഡാക്ടർ കെ. ഗോദവർമ്മ, സർദാർ, കെ. എം. പണിക്കർ, ഡാക്ടർ കുഞ്ഞൻ രാജാ എന്നിവർ സംബന്ധിച്ചിരുന്നു. ശ്രീമാന്മാരായ പണിക്കരും കുഞ്ഞൻ രാജാവും അവരുടെ പങ്കുകൾ യഥായോഗ്യം വഹിച്ചതിൽ കേരളീയർക്ക് കൃതാർത്ഥതയുണ്ട്. അഖിലഭാരത സാഹിത്യത്തിന്റെ ആകെക്കൂടിയുള്ള ഒരു എൻസൈക്ലോപ്പീഡിയ, വേണമെന്ന മി. കെ. എം. പണിക്കരുടെ അഭിപ്രായം തികച്ചും സമുചിതമായിരിക്കുന്നു. ഡാക്ടർ ഗോദവർമ്മ മലയാള സാഹിത്യത്തിന്റെ ഹ്രസ്വനിരീക്ഷണം സന്ദർഭോചിതമായി നിർവഹിച്ചു എന്നു കാണുന്നതിൽ ഞങ്ങൾ അദ്ദേഹത്തെ പ്രത്യേകം അനുമോദിച്ചുകൊള്ളട്ടെ! പൗരാണികകാലം തൊട്ട് ആധുനിക കാലത്തിന്റെ അധുനാതനാവസ്ഥവരെ ഒരു വിഹഗവീക്ഷണം നടത്തുവാൻ ഇത്ര നിമ്നോന്നതങ്ങളും ഭിന്നസ്വഭാവ പ്രചുരങ്ങളുമായ മാർഗ്ഗശതങ്ങളിൽ ആയാസഹീ

മായ ഒരു സഞ്ചാരം നടത്തുവാൻ, സാക്കൂർ വർമ്മയ്ക്കു് സാധിച്ചിരിക്കുന്നു എന്നു് അദ്ദേഹം ഈ സമ്മേളനത്തിനുവേണ്ടി തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കുന്ന ലഘുഗ്രന്ഥം സാക്ഷ്യം വഹിക്കുന്നു. ഇൻഡ്യയിലെ എല്ലാ ഭാഷകളുടെയും സാഹിത്യശാഖകളുടെയും പ്രതിനിധികൾ ഒരുമിച്ചുകൂടുക എന്ന ആ മഹനീയ സംഭവം സ്പഷ്ടമായിക്കൊണ്ടിരിക്കുന്ന ഭാവി ഭാരതത്തിൻെറ പുഷ്ടിക്കും സൗന്ദര്യത്തിനും തികച്ചും സന്ദർഭങ്ങളുണ്ടാക്കുമെന്നു് ന്യായമായി ആശിക്കാം!

തിരുവനന്തപുരം കാപ്പ്റേഷൻ.

ഒരു ലക്ഷം ജനങ്ങൾ തികഞ്ഞുപോയതിനാൽ നഗരം, കാപ്പ്റേഷൻ, മേയർ, എന്നിത്യാദി സ്ഥാനമാനങ്ങൾ—കുതിച്ചുചാടി വന്നിരിക്കുന്ന തിരുവനന്തപുരം പട്ടണത്തിൻെറ യഥാർത്ഥസ്ഥിതി ഒരു നഗരത്തിനൊത്തവണ്ണമായിത്തീരണമെങ്കിൽ കാപ്പ്റേഷനും പൊതുജനങ്ങളും, ഗവമ്മെൻറും എത്രയധികം പരിശ്രമിക്കേണ്ടിയിരിക്കുന്നു എന്നുള്ള കാര്യം എല്ലാപേരുടേയും ഗൗരവാവഹമായ ചിന്തയ്ക്കു വിഷയീഭവിച്ചുകൊണ്ടിരിക്കുന്നു എന്നു തന്നെ വിശ്വസിക്കാം! ഉദ്യോഗങ്ങളിലോ നിയമസഭകളിലൊ കടന്നു കൂടാനുള്ള ഒരു കല്പടയായിപ്പരിഗണിക്കുന്നവരുടേയും ഗവർമ്മെൻറ് സിൽബന്ധികളുടേയുംമററും സ്വാധീനബലം കൊണ്ടു നിസ്സാരമായ ലാഭങ്ങളാർജ്ജിക്കാമെന്നാശിക്കുന്നവരുടേയും ഒരു മത്സരരംഗമായിത്തീരാതെ പട്ടണത്തെയുംപൊതുജനങ്ങളെയും വേണ്ടതരത്തിൽ സഹായിപ്പാനും സേവനങ്ങളനുഷ്ഠിപ്പാനും പററിയ ഒരു രംഗമാക്കി കാപ്പ്റേഷൻ കൗൺസിലിനെ പ്രയോജനപ്പെടുത്താൻ പട്ടണത്തിലെ ഓരോ വാർഡുകളെയും പ്രതിനിധീകരിക്കുന്ന മാന്യന്മാർ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പട്ടണത്തിലുള്ള കച്ചവടക്കാരുടെയും മററും വരവുചിലവുകളുമായിയാതൊരു പൊരുത്തവുമില്ലാത്തവിധം നികുതികൾ വർദ്ധിപ്പിക്കുകയോ ശരിയായ നികുതിയഥാകാലം ഈടാക്കാതിരിക്കുകയോ ചെയ്യാതിരിക്കുവാനും കാർപ്പറേഷൻെറ അധീനതയിൽ വന്നുചേർന്നിരിക്കുന്ന റോഡുകളുടെയും പബ്ലിക്ക് സ്ഥലങ്ങളുടെയും സംരക്ഷണവിഷയത്തിൽ ശരിയായി ശ്രദ്ധിക്കുവാനും പകർച്ചവ്യാധികളുടെ ബാധയിൽനിന്നു ബഹുജനങ്ങളെ രക്ഷിക്കുവാനും മററം നാനാമുഖമായ സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുവാനും അധികാരപ്രമത്തതയും സേവനവൈമുഖ്യവും ഒരുപോലെ നടമാടുന്ന നാട്ടുകാരുടെ അപരിഷ്കൃതമായ ഒരു മനോഭാവം കാർപ്പറേഷൻ എക്സിക്യൂട്ടിവിനെ തികച്ചും ഗ്രസിച്ചു, കളയാതിരിക്കുവാനും കൗൺസിൽ പ്രതിനിധികൾ എത്രയധികം സേവനോത്സുകരും ശ്രദ്ധാലുക്കളുമായിരിക്കണമെന്നുള്ള കാര്യം വിശിഷ്യാപറയേണ്ടതില്ലല്ലോ.

എന്തായാലും നഗരജീവിതത്തിൽ സമ്പൂർണ്ണമായ ഉത്തരവാദിത്വബോധം സമാർജ്ജിക്കുകയും പൗരാവശ്യങ്ങൾ സാധിക്കുകയും പൗരാവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുകയും നഗരത്തിൻെറ അഭിമാനകരമായ എല്ലാവിധ പുരോഗതികൾക്കും കാർപ്പറേഷൻ കൗൺസിലിനുള്ളിലും പുറമെയും നിന്നു് സമുചിതമായ സേവനങ്ങൾ നിർവഹിക്കുകയും ചെയ്യുവാൻ" സമാരംഭിച്ചിരിക്കുന്ന നികുതിദായകസംഘത്തിലേക്കു് പട്ടണവാസികളുടെ ശ്രദ്ധയെ ഞങ്ങൾ സാദരംക്ഷണിച്ചുകൊള്ളുന്നു.

ദേശീയ ഗവർമ്മെൻറ്

ഇൻഡ്യൻ നാട്ടുരാജ്യങ്ങൾ ദേശീയഗവർമ്മെൻറുകളുടെ മാതൃകകളാണെന്നു് ബ്രിട്ടീഷ് ഇൻഡ്യയിലെ പതിനെട്ടാം നൂററാണ്ടു മാധ

ലുകളിൽപെട്ട ചില രാജ്യകാര്യവിശാരദന്മാർ പറഞ്ഞുകൊണ്ടിരുന്നു.

ഇൻഡ്യൻ ഇൻഡ്യാ-നാട്ടുരാജ്യം ഏതദ്ദേശീയ രാജ്യങ്ങൾ എന്നിങ്ങനെ പല നാമധേയങ്ങൾ പറഞ്ഞ് ഇൻഡ്യയുടെ ചില ഭാഗങ്ങളെ സങ്കല്പിക്കാറുണ്ട്. പക്ഷെ ദേശീയ ഗവൺമെൻറുകൾ അവിടെ നിലവിലിരിക്കുന്നു എന്ന് ആരെങ്കിലും പറയുന്നുണ്ടെങ്കിൽ അത് കേവലം അജ്ഞതയൊ ദുരുദ്ദേശ്യപരമായ വ്യാജപ്രസ്താവനകളോമാത്രമാണ്. എന്തെന്നാൽ ഇന്നത്തെ നാട്ടുരാജ്യങ്ങൾ തന്നെ വിവിധപരിതസ്ഥിതികളിലുണ്ടായതും വിവിധകാലങ്ങളിൽ ഇന്നത്തെ സ്ഥിതിയിൽ എത്തിച്ചേർന്നിട്ടുള്ളവയുമാണ്. ഇവയെല്ലാററിനും ഒരു സാമ്യതയുള്ളത്, എല്ലാം ബ്രിട്ടീഷ് മേൽക്കോയ്മയുടെ കീഴിൽ എന്നുള്ളതുമാത്രമാണ്. നാട്ടുരാജ്യം എന്ന് സൗകര്യത്തിനായ് സങ്കല്പിക്കുന്ന ഈ ഭൂവിഭാഗങ്ങളുടെ ഏതൊരു കോണിൽക്കൂടി നോക്കിയാലും യൂണിയൻ ജ്യാക്കിൻെറ, ഇളതല്ലാത്ത ആ നിറങ്ങൾ മറഞ്ഞുനിന്ന് കളിക്കുന്നതു കാണാം. ചുരുക്കിപ്പറഞ്ഞാൽ നാട്ടുകാരായരാജാക്കന്മാരും മേൽക്കോയ്മയും ചേർന്ന് ഇഷ്ടംപോലെ ഭരിക്കുന്ന ഒരു ഭൂവിഭാഗത്തിൻെറ പേരാണ് നാട്ടുരാജ്യം. ഇക്കൂട്ടത്തിൽ ബ്രിട്ടീഷുകാരുടെ ആവിർഭാവത്തിനു ശേഷമുണ്ടായ രാജാക്കന്മാരും രാജ്യങ്ങളും കൂടി ഉണ്ടെന്നുള്ള വസ്തുതയും നമുക്കു വിസ്മരിക്കാവുന്നതല്ല. ചില നാട്ടുരാജ്യങ്ങളിൽ മന്ത്രിമാരും പ്രധാന ഉദ്യോഗസ്ഥന്മാരും ബ്രിട്ടീഷുകാർ തന്നെ നിയോഗിക്കുന്നവരാണ്. ഇന്നും ഏതു നാട്ടുരാജ്യത്തിലും, ബ്രിട്ടീഷുകാരുടെ നിർദേശാനുസരണം ഭരണാധികാരികളെ നിയോഗിക്കുവാനുള്ള അവകാശം അവർ കൈവെടിഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ എല്ലാ നാട്ടുരാജ്യങ്ങളുടെയും എക്സിക്യൂട്ടിവ് ഹെഡ്' ആയ രാജാവുൾപ്പെടെയുള്ള ഭരണമണ്ഡലത്തെ ആക്കുവാനും നീക്കുവാനുമുള്ള അധികാരം ബ്രിട്ടീഷ് മേൽക്കോയ്മ കൈവശം വെച്ചുകൊണ്ടിരിക്കുകയാണ്.

എക്സിക്യൂട്ടിവിനെ, അഥവാ അധികാരകേന്ദ്രത്തെ ആക്കുവാനും നീക്കുവാനുമുള്ള അധികാരം ജനങ്ങളിൽ നിക്ഷിപ്തമാകുമ്പോൾ ഉള്ള അവസ്ഥയാണ്—അതിൻെറ ശരിയായ പരിണാമമാണ് യഥാർത്ഥ ദേശീയ ഗവൺമെൻറ്. അതിൽനിന്നും കുറഞ്ഞ പടികളൊ, അത്—പലതുമാകാം!

തങ്ങളുടെ മഹാരാജാവു തിരുമനസ്സിലെ പരമാധികാരത്തിൻകീഴിൽ, ഉത്തരവാദഭരണം ലഭിക്കണം എന്ന് ഘോഷിക്കുന്നവർ മഹാരാജാവിനെ നിയന്ത്രിക്കുവാൻ ഒരു മേൽക്കോയ്മ എപ്പോഴും ഉണ്ടായിരിക്കണമെന്നുകൂടി ഭാവന ചെയ്യുന്നവരായിരിക്കയില്ലല്ലൊ! അങ്ങിനെ ഉണ്ടായിരുന്നാൽ മേൽക്കോയ്മയിൽ പരമാധികാരവും മഹാരാജാവ് അവരുടെ ആൾ പേരുമായിരിക്കും. ആരും അതിനാഗ്രഹിക്കുന്നില്ല. ഇനി ആവിർഭവിക്കാൻ പോകുന്ന ഇൻഡ്യൻ ദേശീയ ഗവൺമെൻറിന് ഒരു നാട്ടുരാജ്യത്തിൻെറ നേർക്ക് ഇന്നു ബ്രിട്ടീഷ് രാജാധികാരത്തിനുള്ള അധികാരം ആക്കാനും, നീക്കാനും, നിയന്ത്രിക്കാനുമുള്ള അധികാരമുണ്ടായിരിക്കുമോ? ഉണ്ടായിരിക്കണമോ? എന്നുള്ള കാര്യങ്ങൾ—ഏററവും ഗൗരവാവഹങ്ങളായ ചിന്താവിഷയങ്ങളാണ്. ഇക്കാര്യം ചിന്തിച്ചുചിന്തിച്ചാണ് അധികാരികളുടെ തല പുകയുന്നതു്. എന്നാൽ വെറും സെൻറിമെൻറലിസ്റ്റ് എന്ന നിലയ്ക്ക് അധികാര ശൂന്യരായ നാട്ടുരാജ്യപ്രജകൾ എന്തു വിചാരിക്കുന്നു എന്ന് ആലോചിക്കുക തന്നെ. നാട്ടുരാജാക്കന്മാർ ബ്രിട്ടീഷ് പിടിയിൽനിന്നും സ്വതന്ത്രരായാൽ നിശ്ചയമായും ഇൻഡ്യാഗവൺമെൻറിൻെറ കീഴിൽ അ

വരെ അങ്ങിനെ അടിമപ്പെടുത്താൻ പാടില്ല. രാജ്യത്തിന്റെ പുറമെയുള്ള കാൎയ്യങ്ങൾക്കായി ബന്ധിക്കണമെന്നല്ലാതെ രാജകുടുംബാംഗങ്ങൾ തമ്മിലുള്ള തൎക്കങ്ങളോ കൊട്ടാരച്ചിലവുകളോ സംബന്ധിച്ചുള്ള നിയന്ത്രണങ്ങളോ എന്നു വേണ്ട ഇന്ന് മേൽക്കോയ്മ വെച്ചുകൊണ്ടിരിക്കുന്ന ചില അധികാരങ്ങൾ ഫെഡറൽ കോർട്ടിനും പൊളിറ്റിക്കൽ ഡിപ്പാർട്ടുമെന്റിനും വിട്ടുകൊടുക്കാതെ അതെല്ലാം സ്വതന്ത്രപ്രജകളുടെ തീരുമാനത്തിന് തന്നെ വിധേയമാക്കുന്നതല്ലേ ഉത്തമം എന്ന് ദേശാഭിമാനമുള്ളവർ വിചാരിക്കുന്നു. പക്ഷെ അങ്ങിനെയുള്ള ദേശീയ ഗവർമ്മെന്റിനും ന്യൂനപക്ഷ സമുദായം 51 ശതമാനമായ്ത്തീരുന്നതുവരെ അവരുടെ അന്തരീക്ഷത്തിൽ, കൈ കടത്തുവാൻ പാടില്ലായിരിക്കാം!

ഹൈന്ദവ ഭൂരിപക്ഷം!

ഹൈന്ദവ ഭൂരിപക്ഷത്തെപ്പറ്റിയുള്ള ഭയം ഇന്നും ഇന്നലെയും ഉണ്ടായിട്ടുള്ളതല്ല. ഹിന്ദുക്കൾ ലോകത്തെ ജനസംഖ്യയിൽ ഇന്നും ഒരു വെറും ന്യൂനപക്ഷമായിത്തീർന്നിട്ടില്ലാ. ഭൂരിപക്ഷത്തെപ്പറ്റിയുള്ള ഭയം ന്യൂനപക്ഷങ്ങൾക്കുള്ളതു ലോകസഹജമായ ഒരു സംഗതിയാണെങ്കിലും ഇൻഡ്യയിലെ ഗതികൾ യഥാർത്ഥത്തിൽ അങ്ങിനെയൊന്നുമല്ല- ഇൻഡ്യയിലെ ഹിന്ദുക്കൾ ഒരു ഏകീകൃത സംഘടനയായി നിന്നകാലം ഉണ്ടായിട്ടില്ല. ഹിന്ദുക്കൾ എന്നു വെച്ചാൽ തന്നെ ഏകീകൃതമാകുവാൻ കഴിയാത്ത പല വിശ്വാസങ്ങളിൽ പെട്ട നിരവധിവർഗ്ഗങ്ങളുടെ സാമാന്യനാമം മാത്രമാണെന്ന് ലോകത്തധികം പേർ മനസ്സിലാക്കിയിരിക്കാനിടയുണ്ട്. മതപരമൊ രാഷ്ട്രീയമൊ ആയ ആവശ്യങ്ങൾക്ക് ഇതേവരെ അവർ ഒരുമിച്ചു നിന്നിട്ടില്ല. എന്തായാലും എന്നും ഇവരുടെ താല്പൎയ്യങ്ങൾ ഭിന്നങ്ങളാണ്. വിദേശീയ ആക്രമണങ്ങൾ ഉണ്ടായ കാലങ്ങളിൽ അവയുണ്ടായ പ്രദേശങ്ങളിൽ മുമ്പ് ആധിപത്യമുറപ്പിച്ചിരുന്ന അധികാര വർഗ്ഗങ്ങളുമായി അപ്പോഴത്തെ വിദേശികൾ പൊരുതിട്ടുണ്ട് എന്നല്ലാതെ ഇൻഡ്യയുടെ ഇന്നു കാണുന്ന ഒരു പ്രാവിൻസു പോലും ഒരുമിച്ചു നിന്നെതിർത്ത ഒരു കാലഘട്ടം ഉണ്ടായിരുന്നിട്ടില്ല. ആ ചരിത്രകാലങ്ങളൊക്കെ പോകട്ടെ! ഹിന്ദുക്കൾ എന്നു പറയുന്നവൎക്ക് ഏതെങ്കിലും ഒരു പ്രത്യേക സാമ്പത്തിക താല്പൎയ്യമൊ സാംസ്കാരിക താല്പൎയ്യമൊ ഉണ്ടോ എന്നന്വേഷിക്കുക തന്നെ. ഇൻഡ്യയുടെ സാമ്പത്തിക സ്ഥിതി പൊതുവെയുള്ള സമുദായത്തെയും ബാധിക്കുമെന്നല്ലാതെ വർഗ്ഗീയമായ ഒരു സാമ്പത്തിക സ്ഥിതി ഇതേവരെ ഉണ്ടായിട്ടില്ല. ഉണ്ടാകുവാനുള്ള സാദ്ധ്യതകളും കാണുന്നില്ല. സാംസ്കാരികമായി നോക്കുകയാണെങ്കിൽ ക്രിസ്ത്യാനികളും മുഹമ്മദീയരുമായ വിദേശികൾ വന്നു ചേരുന്നതിനുമുമ്പിൽ തന്നെ ഏകദേശം, ഐക്യം വന്ന ഒരു സംസ്കാരമാണ് ഭാരതത്തിൽ ഉണ്ടായിരുന്നത്. ജന്മംകൊണ്ടുള്ള നിമ്നോന്നതസ്ഥിതികൾ, പാരമ്പൎയ്യമായ തൊഴിൽ വ്യവസ്ഥകൾ, ഇങ്ങിനെ പരസ്പരബന്ധമുള്ള ചില സാമൂഹിക കാൎയ്യങ്ങളൊഴിച്ചാൽ ഇതരസമുദായങ്ങളുമായി കൂടിക്കഴിയാൻ തടസ്സപ്പെടുത്തുന്ന യാതൊരു കാൎയ്യങ്ങളും സാംസ്കാരികമായി ഹിന്ദുക്കൾക്കില്ല. എല്ലാപേരുടെയും മതവിശ്വാസങ്ങൾ ശരിയാണെന്നും മനുഷ്യരെമാത്രമല്ല കഴിയുന്നത്ര ഒരു ജീവികളെയും ഹിംസിക്കാൻ പാടില്ലെന്നുമാണ് അവരുടെ വിശ്വാസം. പാരമ്പൎയ്യമായ ആ വിശ്വാസത്തിന്റെ ഫലമായി ഏതു വേഷത്തിലും ഏതു മതവിശ്വാസത്തിലും ഏതു നിറത്തിലുമുള്ള ജനങ്ങളെക്കണ്ടാലും അവരിൽ വിദ്വേഷ

മിളകിത്തുള്ളാരുമില്ല. ചുരുക്കിപ്പറഞ്ഞാൽ ഏതു തരം മതവിശ്വാസങ്ങളിൽ കൂടിപ്പോയാലും മോക്ഷംകിട്ടുമെന്നും ഞങ്ങടെ അടുപ്പിലും പാത്രത്തിലും തൊടരുതെന്നും മാത്രം പറഞ്ഞു കൊണ്ടു് ഒഴിഞ്ഞു മാറിക്കിടക്കുന്ന അനാക്രമണമതികളായ ഒരു വർഗ്ഗക്കാരെയാണു് ഹിന്ദുക്കളെന്നു വിളിക്കാറുള്ളതു്. അവരുടെ ദീർഘകാലചരിത്രത്തിൽ അലക്സാണ്ടരുടെ കാലത്തിനുശേഷം ഹിന്ദുക്കുഷ് മലകൾക്കപ്പുറം കടന്ന ഒരാക്രമണകാരൻ ചന്ദ്രഗുപ്തൻ മാത്രമായിരിക്കും! അതും ഒരു പ്രതിരോധസമരം മാത്രമായിരുന്നിരിക്കാനേ ഇടയുള്ളു. പിന്നീടുണ്ടായ മത്സരങ്ങളെല്ലാം സ്വന്തരാജ്യത്തു് വന്നുചേർന്ന വൈദേശിക താല്പര്യങ്ങൾ കലർന്നുള്ളതോ തികച്ചും വൈദേശികങ്ങളായിരുന്നതോ ആണെന്നുപറയാം. ഹിന്ദുക്കൾ അവരുടെമതം അന്യരെ അടിച്ചേൾപ്പിക്കണമെന്നോ സംസ്കാരം ന്യൂനതഒഴിഞ്ഞതും നേരിട്ടു, കിട്ടിയതുമാണെന്നോ വിശ്വസിക്കുന്നില്ല. ആ തരം വിശ്വാസങ്ങളുടെ പിൻബലത്തോടുകൂടി ഇൻഡ്യയിൽവന്നു് ആധിപത്യമുറപ്പിച്ചവരുടെ പരമ്പരകൾ ഇനിയും ഹൈന്ദവ ഭൂരിപക്ഷത്തെ ഭയപ്പെടുന്നു! ഹൈന്ദവഭൂരിപക്ഷം സ്വതന്ത്രരായാൽ നമ്മുടെ സംസ്കാരം നശിപ്പിച്ചുകളയുമെന്നു കോലാഹലം കൂട്ടുന്നു. ഇതെല്ലാം ഭരണാധികാരലബ്ധിക്കായുള്ള മോഹങ്ങളുടെ വ്യാജവേഷങ്ങളും അവരുടെ വ്യാജപ്രസ്താവനകളുമാണെന്നു് സാമാന്യജനതയ്ക്കറിയാൻ ഒരു കാലമുണ്ടാകുമോ? ഹിന്ദുക്കൾ സംസ്കാരമടിച്ചേൽപ്പിക്കാൻ ഒരിടത്തും പോയിട്ടില്ല. പോകുന്നുമില്ല. ഇൻഡ്യയിൽ അവർക്കുള്ള അവകാശത്തെ ചോദ്യം ചെയ്യുന്നതു ശരിയൊ എന്നവർ ചോദിക്കുന്നു എന്നുമാത്രം! കൈബലത്തിന്റെ കാലം കഴിഞ്ഞു് ന്യായബോധത്തിന്റെ കാലം ഉദയം ചെയ്യുമെങ്കിൽ ഇൻഡ്യയിൽനിന്നു് വിദേശീയ താല്പര്യങ്ങളെല്ലാം പിൻമാറുകതന്നെ ചെയ്യും.

മുസ്ലീമിങ്ങൾക്കു് അവരുടെ രാജ്യങ്ങളുണ്ടു്. അവ എല്ലാംകൂടി കൂട്ടുകയാണെങ്കിൽ ഇൻഡ്യയെക്കാൾ വലിപ്പവും വിഭവങ്ങളുമുണ്ടായിരിക്കും. ക്രിസ്ത്യാനികൾക്കു് ലോകം മുഴുവനുമുണ്ടു്. ഇനി ഇപ്പോൾ നിശ്ചയമായും മുസ്ലീമിങ്ങൾക്കു് പ്രത്യേകമൊരുനാടു് ഇൻഡ്യയ്ക്കകത്തും വേണമെന്നവർ പറയുന്നു. എന്തെന്നാൽ ഇൻഡ്യയിൽ ഹൈന്ദവ ഭൂരിപക്ഷമുണ്ടു്. ഇനിയും മതമുണ്ടെന്നുള്ളതാണു് അവർക്കു ശല്യമായിത്തീർന്നിരിക്കുന്നതു്. ഇൻഡ്യയിൽ മുസ്ലീമിങ്ങൾക്കു് പ്രത്യേക രാജ്യത്തിനുള്ള ആവശ്യവും അവകാശവും എന്താണു്! അവർ ഇൻഡ്യാക്കാരാണു് എന്നു വെച്ചാൽ വിദേശത്തു നിന്നുവന്ന ആക്രമണകാരികളുടെ പരമ്പരയോ അവരുടെ മതം മോക്ഷത്തിനു പററിയതാണെന്നു വിശ്വസിച്ച ഹിന്ദുക്കളുടെ പരമ്പരയൊ ചേർന്നുണ്ടായ സമുദായ വിഭാഗം എന്നർത്ഥം. അവർ ഇന്നു് ഹൈന്ദവ ഭൂരിപക്ഷത്തെ സംശയിക്കുന്നു, എന്തിനു്, ഈ ന്യൂനപക്ഷത്തിന്റെ സംസ്ക്കാരത്തെ അവർ ഉലച്ചു കളഞ്ഞെങ്കിലോ എന്നു്, അതെ സംസ്ക്കാരം എന്നു് ഒന്നുണ്ടു് വിശപ്പു കഴിഞ്ഞാലുണ്ടാകുന്ന ഒരു വികാരം! അതിനൊക്കെ പരിഹാരമുണ്ടാക്കാൻ ഒരു മാർഗ്ഗം ഇൻഡ്യയെ ഹൈന്ദവഇൻഡ്യയെന്നും മുസ്ലീംലിൻ ഇൻഡ്യയെന്നുംവിഭജിക്കുക! എന്നുള്ളതുമാത്രം. തന്മൂലം സാധിക്കുന്നതെന്താണു് ഇൻഡ്യയെന്നും മുസ്ലീമിങ്ങളും ഹിന്ദുക്കളും ക്രിസ്ത്യാനികളുമായിക്കിടന്നടിച്ചുകൊള്ളും. അങ്ങിനെ ആയാൽ വെള്ളക്കാരുടെ സുവർണ്ണകാലം അവസാനിക്കുന്ന ലക്ഷണം ഇനിയും കാണുന്നില്ല തന്നെ. നാല്പതുകോടി ഇൻഡ്യാക്കാർക്കു് പതിനെട്ടുലക്ഷം ചതു: മൈൽസ്ഥലം മതിയാവുന്നില്ല എന്നുള്ളവാദം ലോകത്തിന്റെ കർണ്ണങ്ങൾ അതുകേൾക്കുണ്ടല്ലോ!

പക്ഷെ ഇതിനൊക്കെയെല്ലാം ഇടവരുത്തിയത്ത് ഗാന്ധിജിയും മററുമാണെന്നാണ് ചില പ്രചാരണക്കാർ പറഞ്ഞുപരത്തുന്നത്. എന്തെന്നാൽ ഗാന്ധജി രാഷ്ട്രീയകാര്യങ്ങളെ മതത്തിന്റെ സീമയിലേക്കു വലിച്ചുകൊണ്ടുപോയത്രെ! മോങ്ങാനിരുന്ന നരിയുടെ തലയിൽ തേങ്ങാ വീണു എന്നു പറയത്തക്ക ഒരു സംഭവം മാത്രമെ അതിൽ ഉണ്ടെന്നു പറയാനൊള്ളൂ. യഥാർത്ഥത്തിൽ ഇംഗ്ലീഷുകാരുടെ ആവിർഭാവത്തിനു മുമ്പിലുണ്ടായിരുന്ന അധികാര മത്സരത്തിന്റെ ഛായയല്ലാതെ മറെറാന്നും തന്നെ കാര്യമായിട്ടില്ലെന്ന് ഇന്നത്തെ സ്ഥിതിഗതികളെ നിഷ്പക്ഷമായി പരിശോധിക്കുന്നവക്ക് മനസ്സിലാക്കാമെന്നുള്ളതാണ്. ഇന്ന് ഭൂമുഖത്ത് മനുഷ്യന് കഴിച്ചുകൂട്ടണമെങ്കിൽ, കൃഷിയോ കച്ചവടമൊ വ്യവസായമൊ, സർവ്വരാജ്യബന്ധങ്ങളോടുകൂടി നടത്തിയാലെ ഉപയോഗമുള്ളൂ എന്നുവന്നിരിക്കുന്ന ഈ കാലത്ത്, രാജ്യങ്ങൾക്കല്ല ഭൂഖണ്ഡങ്ങൾക്കുപോലും പ്രത്യേകനില ഒരു രംഗത്തും സാദ്ധ്യമല്ലാതായിത്തീർന്നിരിക്കുന്ന ഇക്കാലത്ത്, ആ വക ശക്തികളുടേയും മനുഷ്യന്റെ ഏകീകൃതമായ, ശാസ്ത്രീയമായ, പുരോഗതികളുടേയും, എല്ലാവ ികളും അടച്ചുകളയാനൊ അവകളെ കാണാതിരിക്കാനൊ നിർബന്ധം പിടിക്കുന്ന ഒരു നതയോട് അനുകമ്പയുള്ളല്ലാതെ മറെറാന്നും കാരണം കാണുന്നില്ല.

കൂട്ടത്തോടെ നിന്ന് രാജ്യങ്ങളെ പിടിച്ചുടക്കുവാനായുള്ള മതസംസ്കാരങ്ങളിൽനിന്ന് മനുഷ്യൻ മോചിച്ചാൽ മാത്രമെ വ്യക്തിയുടെ മാനസിക ഗുണങ്ങൾ വർദ്ധിപ്പിക്കുക എന്ന യഥാർത്ഥ മതസംസ്കാരത്തിലേക്കു തിരിയുവാൻ സാദ്ധ്യമാവുകയൊള്ളൂ. മനുഷ്യലോകത്തിന്റെ ഭാവി വ്യക്തിഗുണങ്ങളുടെ വർദ്ധനവിൽ അടിയുറച്ചു നിൽക്കുന്നു. ഭൂരിപക്ഷം ഒരു തെററിദ്ധാരണയും ന്യൂനപക്ഷം വെറും വ്യാജവും മാത്രമാണ്. ഹൈന്ദവഭൂരിപക്ഷത്തിന്റെ സ്വാർത്ഥതകളെ നിയന്ത്രിക്കുവാൻ മുസ്ലീം ഭൂരിപക്ഷമുള്ള മറെറാരു സ്വാർത്ഥതയെ സൃഷ്ടിച്ചാൽമതിയാകുമെന്നു കണ്ടുപിടിച്ച രാജ്യതന്ത്രം, നിശ്ചയമായും കട്ടവണ്ടിയുടെയും കെട്ടുവള്ളത്തിന്റെയും സുവർണ്ണകാലത്തെ പഴഞ്ചൻ മസ്തിഷ്കത്തിൽ നിന്ന് ആവിർഭവിച്ചിട്ടുള്ളതാണ്. ഹിന്ദുസ്ഥാനത്തെ മുസ്ലീമിങ്ങളെ ന്യായമായി ഭരിച്ചുകൊള്ളാമെന്നുള്ളതിനു പാക്കിസ്ഥാനിലെ ഹിന്ദുക്കളും പാക്കിസ്ഥാനിലെ ഹിന്ദുക്കളെ ന്യായമായി ഭരിച്ചുകൊള്ളാമെന്നുള്ളതിന് ഹിന്ദുസ്ഥാനത്തെ മുസ്ലിമിങ്ങളും ജാമ്യമായിരിക്കുമെന്നുള്ള ഈ ഭരണവ്യവസ്ഥ സ്വീകരിക്കുവാൻ തയ്യാറാകുന്നതിനെക്കാൾ, ഭാഗംകിട്ടുന്ന സ്ഥലങ്ങളിലേക്ക് മാറിത്താമസിക്കാൻ നിശ്ചയിക്കുന്നതായിരിക്കും ഈ ജാമ്യരീതിയെക്കാൾ, മാന്യമായിട്ടുള്ളത്!

ആസാദ്ഹിൻഡ് ഗവൺമെൻറ്.

ഇൻഡ്യയുടെ അനേക ശതവർഷങ്ങൾകൊണ്ടുള്ള ശോകാകുലമായ നാടകത്തിൽ ആധുനിക കാലത്തുണ്ടായ ഒരാകസ്മികരംഗത്തിൻെറനാമധേയമാണ് ആസാദ്ഹിൻഡ് ഗവൺമെൻറ്. 1942 ജൂൺ 24ാനു- സിങ്കപ്പൂരിൽ (ഷോണാണിൽ) ഇൻഡ്യൻ ഇൻഡിപ്പെൻറൻഡ് ലീഗ് സ്ഥാപിതമാകുകയും 1943 ഏപ്രിൽ 18ാനു-അവർ സമരനടപടികളിൽ പ്രവേശിക്കുകയുംചെയ്തു. ഇൻഡ്യയിൽ സ്വഭവനത്തിൽ തടങ്കൽപ്പുള്ളിയായിരുന്ന ശ്രീ സുബാസ്സ് ചന്ദ്രബോസ്സ് തിരോധാനം ചെയ്തശേഷം ജർമ്മനിയിൽ എത്തി സൈനികപരിശീലനം നടത്തുകയായിരുന്നു. ജപ്പാൻെറ കയ്യിൽ സിങ്കപ്പൂർ പതിച്ചതോടുകൂടി ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിന് കൂടുതൽ സൌകര്യം ലഭിക്കുമെന്ന് അദ്ദേഹം കണക്കുകൂട്ടി, ഒരന്തർവാഹിനി വഴി ടൊക്കിയോയിൽ എത്തി അവിടെയുള്ള സുഹൃത്തുക്കളുമായി ആലോചിച്ചശേഷം സിങ്കപ്പൂരിൽ വന്നുചേരുകയും 1943 ജൂലായി 4ാനു- ഐ. ഐ. എൽ. അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കുകയും ചെയ്തു. ജൂലായി 5-ാംതീയതി ആസാദ് ഹിൻറ് ഗവൺമെൻറ് രൂപീകൃതമായി. ഒക്ടോബർ 25ാതീയതി ആംഗ്ലോ അമേരിക്കൻ ഗവൺമെൻറ്കളോട് സമരപ്രഖ്യാപനംചെയ്തു. സ്ത്രീകളും കുട്ടികളും മാത്രമുള്ള സേനാവിഭാഗങ്ങൾ കൂടി അവർ രൂപീകരിച്ചിരുന്നു എന്നുള്ളതോർക്കുമ്പോൾ സാഹസികതയുടെ വിനോദവശങ്ങളെല്ലാം അതിലംഘിച്ചു എന്നുള്ള കാര്യം നിശ്ചയം തന്നെ. എന്തായാലും ജപ്പാൻ കൈവശമാക്കിയ, ആൻറമാൻ നിക്കോബാർ ഈ ദ്വീപുകളെ ആസാദ്ഹിൻഡ് ഗവൺമെൻറിന് 1943- നവമ്പർ 8ാനു-വിട്ടുകൊടുത്തതായി അറിയുന്നു. അതേവർഷത്തിൽതന്നെ ഡിസമ്പർ 3-ാംതിയതിയോടുകൂടി ഇൻഡ്യൻ നേഷണൽകാൺഗ്രസ്സിൻെറ ത്രിവർണ്ണപതാക പോർട്ട് ബ്ളയറിൽ പാറിക്കളിച്ചുഎന്നുള്ള കാര്യവും രേഖപ്പെടുത്തേണ്ടിയിരിക്കുന്നു. 1944 മാർച്ച് 18ാംതിയതിഇൻഡ്യൻ ദേശീയസേന ഇൻഡ്യയുടെ അതിർത്തികളിൽ പ്രവേശിച്ചു എന്നുള്ളതും ഏതൊരുഭാരതീയനിലും പുളകംകൊള്ളിക്കുന്ന സംഭവചരിത്രമാണെങ്കിലും അതിനൊക്കെയ്ക്കും വേണ്ടിവന്നത്യാഗത്തിൻെറയും വീര്യത്തിൻെറയും മാത്രമല്ല മഹത്വമേറിയ മററുമനോഭാവങ്ങളുടേയും അളവുനിർണ്ണയിക്കുവാൻ ഈ പരിതസ്ഥിതിയിൽ നമുക്കുസാധിക്കുമെന്നു തോന്നുന്നില്ല. ഒരു ഗവൺമെൻറ് ഒരു സൈന്യം ഒരു നല്ലബാങ്ക് ഇത്രയുമുണ്ടാക്കി- സ്വജനങ്ങളുടെ മാനധനങ്ങളെ യഥായുക്തംസംരക്ഷിക്കുവാനും സ്വരാജ്യത്തെ ശരിയായിസേവിക്കുവാനും- സാധിച്ചനേതാക്കന്മാരും അവരുടെ അനുഗാമികളും മാത്രമാണ് യുദ്ധകാലത്ത് വിദേശികളുടെ നിർദ്ദയമായ ചൂഷണത്തിന് കൈകാലുകൾ പരത്തിക്കിടന്നു കൊടുത്തനിസ്സഹായരായ ഭാരതീയരെക്കാൾ ജീവനോടെ ജീവിച്ചവർ എന്നുള്ളതിൽ സംശയമില്ല. ആഹാരസാധനങ്ങളുടെ ദൌർല്ലഭ്യവും ആയുധസാമഗ്രികളുടെ കുറവുംകൊണ്ട് 1945-മേമാസം 3-ാം തിയതിറംഗൂൺ ബ്രിട്ടീഷ് ഹസ്തങ്ങളിൽ പതിച്ചതോടുംകൂടി ഇൻഡ്യൻദേശീയസേനയും അതിൻെറ ലക്ഷ്യത്തിലെത്താതെ നിലംപതിച്ചു!!

പുസ്തകാഭിപ്രായം

ബലാബലം

ബലാബലം ചിന്താസുന്ദരമായ ഒരു സാമുദായിക നാടകമാണ്. വായനക്കാരെ ചിന്തിപ്പിക്കാനുള്ള ശക്തി അതിനുണ്ട്. അതുകൊണ്ട് അതു് ജീവിക്കും. നേരമ്പോക്കിനുവേണ്ടി പുസ്തകം വായിക്കുന്നവർ ഈ നാടകം വായിക്കാതിരിക്കുന്നതാണ് നല്ലതു്. ചിന്താശീലന്മാരായ വായനക്കാരെ ഈ നാടകം നിശ്ചയമായും നിരാശപ്പെടുത്തുകയില്ല.

മലയാളനാടകത്തിലെ സാങ്കേതിക മാർഗ്ഗത്തിൽ ആരോഗ്യപ്രദമായ വ്യതിയാനം വരുത്താനുള്ള പരിശ്രമത്തിന്റെ ഫലമാണ് ഈ നാടകം. ഇന്നലെവരെ ഉണ്ടായിട്ടുള്ള മലയാള ഗദ്യനാടകങ്ങൾ ഇങ്ങനെ ഒരു വ്യതിയാനത്തിന്റെ ആവശ്യകതയെ ദയനീയമാംവണ്ണം പ്രഖ്യാപനം ചെയ്യുന്നുണ്ട്. ഗദ്യനാടകത്തിന്റെ പേരിൽ ഭാഷയിൽ ആവിർഭവിച്ചിട്ടുള്ള ക്ഷണികങ്ങളും ക്ഷുദ്രങ്ങളുമായ കൃതികൾ കേവലം വിനോദത്തിനും നേരമ്പോക്കിനുംവേണ്ടിയുള്ള ഉപകരണങ്ങളായിട്ടു മാത്രമ തൽ കർത്താക്കളും പ്രേക്ഷകരും കരുതിയിരുന്നുള്ളൂ. അതിൽ കവിഞ്ഞ ഒരു ലക്ഷ്യമൊ ഉദ്ദേശമൊ പ്രസ്തുത നാടകങ്ങൾക്കില്ലായിരുന്നു.

അനാശാസ്യമായ ഈ പാരമ്പര്യത്തിൽനിന്ന് നാടകപ്രസ്ഥാനത്തെ ഉദ്ധരിച്ചുയർത്താൻ ഈയിടെ ചിലർ ശ്രമിച്ചിട്ടുണ്ട്. പാശ്ചാത്യസാഹിത്യത്തിൽ നാടകപ്രസ്ഥാനത്തിനു കൈവന്നിട്ടുള്ള ബഹുമുഖമായ പുരോഗതിയുടെ ഫലമായി അതിൽ ആവിർഭവിച്ചിട്ടുള്ള നവീന പ്രവണതകളും സാങ്കേതികരീതികളും പ്രതിപാദനത്തിലും പ്രതിപാദ്യത്തിലും ഉണ്ടായിട്ടുള്ള പുതുമകളും അല്പമായിട്ടെങ്കിലും ഭാഷാനാടകങ്ങളിൽ പ്രയോഗിച്ചുനോക്കിയിട്ടുണ്ട്. ശ്രീ: എൻ. കൃഷ്ണപിള്ളയുടെ ഇതര നാടകങ്ങളെപ്പോലെ ബലാബലത്തിന്റെയും പ്രാധാന്യം ഈ വിധത്തിലാണ്.

സാമൂഹ്യജീവിതത്തിൽ ആവിർഭവിക്കുന്ന പ്രശ്നങ്ങളും പ്രമേയങ്ങളും നാടകത്തിനു് പറ്റിയ വിഷയമാണെങ്കിലും മലയാളനാടകകർത്താക്കളിൽ അധികമാരും അവയെ സ്പർശിച്ചിട്ടില്ല. നാടകത്തിനുള്ള വിഷയം തിരഞ്ഞെടുക്കുന്നതിൽ ശ്രീ: എൻ. കൃഷ്ണപിള്ള പ്രദർശിപ്പിക്കുന്ന അഭിനവത്വം പ്രശംസനീയമാണ്. സാമൂഹ്യജീവിതത്തിൽ ഒരു ഗൃഹത്തിലെ വ്യക്തികൾ തമ്മിൽ ഉണ്ടാകുന്ന സംഘട്ടനത്തെ ബലാബലത്തിൽ സജീവമായി ചിത്രീകരിച്ചിരിക്കുന്നു. ഭദ്രമെന്നും ആദരണീയമെന്നും നാം വിശ്വസിച്ചുപോരുന്ന ഗാർഹികബന്ധങ്ങൾ എത്രമാത്രം ശിഥിലമാണെന്നും അവയുടെ യഥാർത്ഥരൂപം എത്ര വികൃതമാണെന്നും ഈ നാടകത്തിലൂടെ ദർശിക്കുമ്പോൾ നാം അമ്പരന്നുപോകും. അസുഖകരങ്ങളായ ആ യാഥാർത്ഥ്യങ്ങളെ പാടെ നിഷേധിക്കാനൊ ചോദ്യം ചെയ്യാനൊ നമുക്കു ശക്തിഇല്ല. അത്ര സൂക്ഷ്മങ്ങളും തീക്ഷ്ണങ്ങളുമാണവ. ഇന്ന് രാഷ്ട്രീയ മണ്ഡലത്തിലും സാമൂഹ്യജീവിതത്തിലും എന്നുവേണ്ട എല്ലാ മണ്ഡലങ്ങളിലും സർവസാധാരണമായി കളി

യാടുന്ന മേധാവിത്വവും ഭരണമോഹവും വരുത്തിവയ്ക്കുന്ന ഭയങ്കരനാശത്തെ ബലാബലം നഗ്നമായി വെളിപ്പെടുത്തുന്നുണ്ട്. ആധിപത്യത്തോടും അടിച്ചമർത്തലിനോടുമുള്ള കഠിനമായ പ്രതിഷേധസ്വരം ഇതിൽ ആദ്യന്തം മാറ്റൊലിക്കൊണ്ടു മുഴങ്ങുന്നു. അതാണ് ബലാബലത്തിലെ പ്രമേയം.

വ്യക്തിത്വത്തിന്റെയും പുരുഷത്വത്തിന്റെയും കൊലക്കളമായ ഒരു ഗൃഹം! അവിടെ ജീവനുള്ള പ്രേതങ്ങളുണ്ട്. പിശാചിന്റെ പിടിയിൽ പെട്ട് ഞെരിഞ്ഞു തകരുന്ന മനുഷ്യരുണ്ട്. ഇന്നത്തെ സമുദായത്തെ തികച്ചും, പ്രതിനിധീകരിക്കുന്ന ഈ ഭവനമാണ് നാടകത്തിലെ രംഗം. സകലതിനെയും തന്റെ അധികാര ശക്തിയുടെ കീഴിൽ അടിച്ചമർത്തി ഭരണം നടത്താൻ ആഗ്രഹിക്കുന്ന ഒരു മാതാവും ആണത്തവും ആലോചനാശക്തിയും നശിച്ച് ജീവശ്ശവങ്ങളായി പരിണമിച്ച രണ്ടു പുത്രന്മാരും ആ മേധാവിത്വത്തിനു വഴങ്ങിക്കൊടുക്കാതെ മല്ലിടുന്ന ഒരു മരുമകളുമാണ് ഈ നാടകരചനയ്ക്ക് നാടകകർത്താവു സ്വീകരിച്ചിട്ടുള്ള കരുക്കൾ.

ബലാബലത്തെപ്പോലെ പ്രമേയപ്രധാനമായ ഒരു നാടകത്തിന്റെ വിജയം 90 ശതമാനവും പാത്രസൃഷ്ടിയെ ആശ്രയിച്ചിരിക്കുന്നു. ഈ നാടകത്തിലെ പാത്രങ്ങൾ ഓരോ വിഭിന്നവിഭാഗക്കാരെ പ്രതിനിധീകരിക്കുന്നു. രക്തവും മാംസവുംകൊണ്ടു സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഈ കഥാപാത്രങ്ങൾ നമ്മുടെ ചുറ്റുമുള്ള സമുദായത്തിൽ രഹസ്യമായും പരസ്യമായും ജീവിക്കുന്നതുകാണാം. അവരോട് നമുക്ക് അടുത്തബന്ധമുണ്ട്. നമ്മിൽ ചിലർക്ക് അവരോടു സാദൃശ്യമുണ്ട്. അസ്വാഭാവികത എന്ന ദോഷം ആവരിൽ ആരോപിക്കാൻ കഴികയില്ല. അതിശയോക്തി കാണുന്നെങ്കിൽ നാടക ലക്ഷ്യത്തിന് അതു് കുറെ ആവശ്യമാണ്.

ലക്ഷ്മിഅമ്മ ഒരു ഭയങ്കരസൃഷ്ടിയാണ്. ഭരണമോഹത്തിന്റെ മൂർത്തീകരണമാണവർ. ഭരിക്കാനുള്ള നിശ്ചയത്തിൽ അവർ അവസാനം വരെ ഉറച്ചു നിൽക്കുന്നു. ധാർമ്മികചിന്തകളോ സ്നേഹബന്ധങ്ങളോ അവരെ പിന്തിരിപ്പിക്കുന്നില്ല. തന്റെ ഉദ്ദേശം സാധിക്കുന്നതിന് അവർ പല ഉപായങ്ങളും അടവുകളും പ്രയോഗിക്കുന്നു. തന്റെ ആഗ്രഹസാധ്യത്തിനു പ്രതിബന്ധമായി നിൽക്കുന്ന എല്ലാത്തിനെയും തകർക്കാൻ അവർ മടിക്കുന്നില്ല. സ്നേഹിച്ചു കൊല്ലാൻ അവർക്ക് നല്ല വശമാണ്. ലക്ഷ്മി'അമ്മയുടെ ഭരണമോഹം വരുത്തിക്കൂട്ടിയ മഹാനാശങ്ങളുടെ പൂർണ്ണരൂപം വെളിപ്പെടുത്തിയശേഷം ആരാച്ചാരെന്നും കൊലപാതകിയെന്നും പങ്കജം അവരെ അഭിസംബോധനചെയ്യുമ്പോൾ അവർ ക്ഷണനേരം അങ്ങനെ നടുങ്ങി നിൽക്കുന്നു. പക്ഷെ ഉരുക്കുപോലുള്ള ആ നിശ്ചയം ഉരുകി ഒലിച്ചു, പോകുന്നില്ല. അവർക്ക് മാനസാന്തരം സംഭവിക്കുകയോ പശ്ചാത്താപം നിറഞ്ഞ ഒരു വാക്കുപോലും അവരിൽനിന്നും പുറപ്പെടുകയോ ചെയ്യുന്നില്ല. നേരെ മറിച്ച് മൂന്നാമങ്കത്തിന്റെ അവസാനത്തിൽ ചൂടുവെള്ളത്തിൽ കുളിച്ചാൽമതിയെന്ന് മകനോട് ആജ്ഞാപിച്ചിട്ട് അവർ വിരമിക്കുമ്പോൾ നാടകം പരമോന്നത കോടിയിൽ എത്തിച്ചേരുന്നു. ലക്ഷ്മിഅമ്മയ്ക്ക് മനം മാറ്റം സംഭവിച്ചുവെന്ന് ഒരു സൂചനയെങ്കിലും നൽകിയിരുന്നെങ്കിൽ ഈ നാടകത്തിന്റെ അടിസ്ഥാനം പാടെ തകർന്നു നിലം പതിക്കുമായിരുന്നു. സ്വഭാവചിത്രീകരണത്തിൽ നാടക കർത്താവ് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്ന അസാധാരണ സാമർത്ഥ്യവും ഔചിത്യവും എത്ര പുകഴ്ത്തിയാലും അധികമായിപ്പോകയില്ല. ലക്ഷ്മിഅമ്മയുടെ ഭരണമോഹത്തിന്റെ അടിസ്ഥാനമായി ഈഡിപസ് കാംപ്ലെക്സ് (oedipus complex

എന്ന മനഃശ്ശാസ്ത്രതത്വത്തെ അവലംബിക്കുന്നതു് അസംബന്ധമാണെന്നു മാത്രമല്ല അതു് ഈ നാടകത്തിലെ പ്രമേയത്തെ ദുർബലപ്പെടുത്തുകയും ചെയ്യും.

ശേഖരനും ശ്രീകുമാരനും വെറും നിഴലുകളാണു്. മാനസികമായും ശാരീരികമായും വളർച്ച ഉണ്ടാകാത്ത ഒരുതരം രോഗികളായിട്ടാണു് അവർ നമ്മുടെമുമ്പിൽ പ്രത്യക്ഷപ്പെടുന്നതു്. അവർക്കു് സ്വാതന്ത്ര്യമില്ല, ചിന്തിക്കാനുള്ള ശക്തിയില്ല, വ്യക്തിത്വമില്ല. ലക്ഷ്മിഅമ്മ അവരുടെ പ്രത്യക്ഷദൈവമാണു്. അമ്മയെ സർവേശ്വരിയായി ആരാധിക്കുന്ന അവർക്കു് അവരുടെമറുപുറം കാണാൻകഴിവില്ല. അടിമത്വത്തിന്റെയും ആത്മനാശത്തിന്റെയും പാരമ്യം നാം ശേഖരൻനായരിൽ ദർശിക്കുന്നു. അയാളെ രക്ഷപ്പെടുത്താൻ പങ്കജം ശ്രമിക്കുന്നുണ്ടെങ്കിലും അമ്മ തനിക്കായി തോണ്ടിയ ശവക്കുഴിയിൽ അയാൾ ചാരിതാർത്ഥ്യത്തോടെ വീണുനശിക്കുന്നു. ശ്രീകുമാരനിൽ അവശേഷിച്ചിട്ടുള്ള പുരുഷത്വത്തിന്റെ ഒന്നുരണ്ടു തീപ്പൊരികളെ പങ്കജം ഊതിക്കത്തിക്കുന്നുണ്ടു്. അതിന്റെ പ്രേരണനിമിത്തം അയാൾ വീടുവിട്ടിറങ്ങിപ്പോകുന്നു. എങ്കിലും അയാളുടെ ഭാവിയെപറ്റി അധികമൊന്നും ആശിക്കാനില്ല. പരാജയത്തിന്റെ ചിഹ്നങ്ങളായിപരിലസിക്കുന്ന ഇത്തരം "നല്ലകുട്ടി"കൾ നമ്മുടെ ഇടയിൽവിരളമല്ല.

പങ്കജം പ്രസരിപ്പുള്ള ഒരു പാത്രമാണെങ്കിലും വായനക്കാരുടെ മുമ്പിൽ അവൾ ഒരു ചോദ്യചിഹ്നമായിനിൽക്കുന്നു. അവളുടെചാരിത്രത്തിൽ ചില പരിവർത്തനഘട്ടങ്ങളുണ്ടു്. ത്രതെളിച്ചമില്ലാത്ത അവളുടെ ചിത്രത്തിൽ വിരുദ്ധവർണ്ണങ്ങൾ കലർന്നിട്ടുള്ളതിനാൽ ഒരു പാത്രമെന്നനിലയിൽ പങ്കജംപരാജയപ്പെട്ടുവെന്നു് തോന്നാനിടയുണ്ടു്. അവൾ ഒരു ഭാര്യഎന്നനിലയിൽ സ്വന്തം അവകാശം സ്ഥാപിക്കുന്നതിനുവേണ്ടി ലക്ഷ്മിഅമ്മയുടെ ഏകാധിപത്യത്തിനെതിരായിസമരം ചെയ്യുകയാണെന്നു് ആദ്യം നമുക്കു തോന്നുമെങ്കിലും യഥാർത്ഥത്തിൽ അവൾ ഒരിക്കലും ഒരു ഭാര്യയായിജീവിക്കുന്നില്ല. ശക്തിയേറിയ പ്രതിയോഗിയോടു് നേരിട്ടശേഷം വിജയപൂർവം പിന്മാറുന്നഘട്ടത്തിൽ അവൾ തന്റെ തനിനിറംവെളിപ്പെടുത്തുന്നുണ്ടു്. വിദ്യയും പണക്കാരനുമായ ഒരു പുരുഷനെ തന്റെ കളിപ്പമ്പരമായികിട്ടണമെന്നുള്ള ആഗ്രഹത്തോടെ അലഞ്ഞുനടന്ന അവൾ ശേഖരൻനായരെകാണുന്നു. അയാളെ തന്റെഇഷ്ടംപോലെഭരിക്കാമെന്നുള്ള മോഹത്തോടെ അവൾ വിവാഹംചെയ്യുന്നു. സ്നേഹത്തിനുംഹൃദയത്തിനും യാതൊരുസ്ഥാനവുമില്ലാത്ത ആ ബന്ധംവെറും നയതന്ത്രപ്രയോഗമാണു്. പക്ഷെ ശേഖരൻനായർനേരത്തെതന്നെ തന്റെഅമ്മയുടെ ശക്തിയേറിയ കുരുക്കിൽ വീണുകഴിഞ്ഞിരുന്നതിനാൽ പങ്കജത്തിന്റെ ഉദ്ദേശംഫലിക്കുന്നില്ല. രണ്ടുപേരും തമ്മിൽ ബലപ്രയോഗംനടത്തുന്നു. രണ്ടുപേരുടെയും ഉദ്ദേശംഒന്നാണു്— മേധാവിത്വം; ഒടുവിൽ വിജയസാദ്ധ്യതഇല്ലെന്നുകണ്ടു് പങ്കജംപിന്മാറുന്നു. അതിനിടയിൽ ആധിപത്യത്തിന്റെയും അടിച്ചമർത്തലിന്റെയും ഭയങ്കരപരിണാമം കാണുമ്പോൾ പങ്കജത്തിനു് അതിനോടു് വെറുപ്പുംവിരക്തിയും ജനിച്ചതിന്റെ ഫലമായി മാനസപരിവർത്തനം സംഭവിക്കാനുവെന്നുവേണം വിചാരിക്കാൻ. പിന്നീടുള്ള അവളുടെനിസ്വാർത്ഥമായപരിശ്രമം ശേഖരൻനായരെ നാശഗർത്തത്തിൽ നിന്നു രക്ഷപ്പെടുത്താനാണു് ആ അവസ്ഥയിൽ അവൾക്കു് അയാളോടു സഹതാപം തോന്നുന്നുണ്ടു. പക്ഷെനമുക്കതിൽ വിശ്വാസം തോന്നുന്നുണ്ടോ? അവൾ ഒരു അഴിഞ്ഞാട്ടത്തിനുതന്നെ സന്നദ്ധയാകുന്നു. എന്തൊക്കെയാണു് അവൾ വിളിച്ചുപറയുന്നതു്! നാടകകർത്താവു് അവളെ പൊക്കിക്കാണിക്കാൻ

ശ്രമിക്കുന്നുണ്ടെങ്കിലും അവൾ പറയുന്നതിലും അവളുടെ പുനരുജ്ജീവനത്തിലും നമുക്കു വിശ്വാസം ജനിക്കുന്നില്ല. രണ്ടുപേർ ഒരേ—മൃഗത്തെ വേട്ടയാടാൻ പിൻതുടരുന്നു. ഒരാളിന്റെ അസ്ത്രമേററ് മൃഗം നിലത്തുവീണു പിടക്കുന്നു. അതുകണ്ട് രണ്ടാമത്തെ വേട്ടക്കാരന് മൃഗത്തോടു തോന്നുന്ന സഹതാപത്തിന്റെ വിലമാത്രമെ പങ്കജത്തിന്റെ സഹതാപത്തിനുള്ളൂ. ധാർമ്മികമായ പിൻബലം അതിനില്ല. ഇതൊന്നും കൂടാതെതന്നെ പങ്കജത്തെ ഒന്നാം കിടയിലുള്ള സൃഷ്ടിയായി ഉയർത്താമായിരുന്നു. ഒരു ഭാര്യയെന്നനിലയിൽ അനിഷേധ്യമായ ധാർമ്മികശക്തിയോടുകൂടി തന്റെ ഭർത്താവിനെ ഉദ്ധരിച്ചെടുക്കാൻ ധീരമായി സമരംചെയ്തശേഷം ആധിപത്യത്തോടുള്ള പ്രതിഷേധ സൂചകമായി അവൾ വീടുവിട്ടിറങ്ങിപ്പോയിരുന്നെങ്കിൽ ആ ഇറങ്ങിപ്പോകലിന് വലിയപ്രഭാവം ഉണ്ടാകുമായിരുന്നു. ഒരു പക്ഷെ അപ്പോൾ അവൾക്കു ശേഖരൻനായരെ രക്ഷപ്പെടുത്താൻ കഴിയുമായിരുന്നേനെ. ഇന്നത്തെ നിലയിൽ അവൾ ചരിത്രം സൃഷ്ടിക്കുന്നില്ല വെളിയിൽ നിന്നും ഉയരാൻ ശ്രമിച്ച പങ്കജം വെറും പുകയും പൂഴിയുമായി മാറിമായുന്നു. ഇതാണ് പങ്കജത്തിന്റെ ചരിത്രത്തിലെ പരാജയം.

ഈ നാടകത്തിലെ പരിമൃദുലമായ സൃഷ്ടി ശാരദയാണ്. തിരശ്ശീലയുടെ പിന്നിൽ നിൽക്കുന്ന ശാരദ നമ്മുടെ വാത്സല്യവും അനുകമ്പയും മുഴുവൻ അവകാശപ്പെടുന്നു. നിരപരാധിനിയും നിഷ്കളങ്കയുമായ അവളുടെ ശോകപരിപൂർണ്ണമായ ചരിത്രവും ദാരുണമായ അന്ത്യഘട്ടവും നമ്മുടെ കണ്ണുകൾ നിറയ്ക്കുന്നുണ്ട്. അവൾ കുലീനയായ ഒരു ഭാര്യയാണ്. സ്ത്രീയുടെ ത്യാഗസന്നദ്ധതയിലും ആർജ്ജവശീലത്തിലും നമുക്കുള്ള വിശ്വാസത്തെ മററു പാത്രങ്ങൾ കുലുക്കിയാലും ശാരദ ഉറപ്പിക്കുന്നുണ്ട്. ഒരു രക്തസാക്ഷിയെന്ന നിലയിൽ ശാരദ ചെലുത്തുന്ന ധാർമ്മിക പ്രേരണ നാടകത്തിലെ പ്രമേയത്തെ ബലപ്പെടുത്തുന്നു. "റോസ് മർഷാം" എന്ന നാടകത്തിലെ ഇബ്സന്റെ അനശ്വര സൃഷ്ടിയായ "ബീററാ"യുടെ ഛായയാണ് ശാരദ. ബീററാ ജലപ്രവാഹത്തിൽ ചാടി ആത്മഹത്യ ചെയ്യുന്നു. ശാരദ കുളത്തിൽ ചാടി ആത്മഹത്യ ചെയ്യാൻ ശ്രമിക്കുന്നു.

ബലാബലത്തിലെ കഥാപാത്രങ്ങളെല്ലാം ഒരു വലിയ അവശത അനുഭവിക്കുന്നുണ്ട്. അവക്ക് തങ്ങളുടെ സൃഷ്ടികർത്താവിന്റെ പിടിയിൽ നിന്നും പൂർണ്ണ സ്വാതന്ത്ര്യം ലഭിച്ചിട്ടില്ല. ഈ കൈകടത്തൽ വലിയ അനീതിയാണെന്ന് പറയാതെ തരമില്ല. വിശേഷിച്ചും ഒരു നാടകത്തിൽ ഈ സ്വാതന്ത്ര്യം തീരെ ആശാസ്യമല്ല. പാത്രങ്ങളെ സൃഷ്ടിച്ച് അവരെ സ്വതന്ത്രമായും സ്വാഭാവികമായും ജീവിക്കാനും ചിന്തിക്കാനും സംസാരിക്കാനും സഞ്ചരിക്കാനും അനുവദിക്കുന്നതിലാണ് സൃഷ്ടി കർത്താവിന്റെ വൈദഗ്ധ്യവും വിജയവും സ്ഥിതിചെയ്യുന്നത്. അല്ലാതെ അവരെ തന്റെ ഇഷ്ടംപോലെ ചരടുകെട്ടി വലിക്കുന്നതിലല്ല. കൃത്രിമത്വം പാത്രങ്ങളുടെ ശക്തിയെ നശിപ്പിക്കുന്നു. നാടക കർത്താവ് തന്റെ കഥാപാത്രങ്ങളെ ഒരു വിരുന്നു സൽക്കാരത്തിനു ക്ഷണിച്ചു വരുത്തിയിട്ടുള്ള അതിഥികളായി പരിഗണിക്കണം. അവരുടെ ഇഷ്ടങ്ങൾ നിറവേററിക്കൊടുക്കുകയും സുഖസൗകര്യങ്ങൾ അന്വേഷിക്കുകയും ചെയ്യുകയല്ലാതെ അവരുടെ ചുമലിൽ യാതൊന്നും അടിച്ചേല്പിക്കാൻ ശ്രമിക്കരുത് എന്നാണ് മാക്സിംഗോർക്കിയുടെ അഭിപ്രായം. ബലാബലത്തിലെ കഥാപാത്രങ്ങൾ പലപ്പോഴും സ്വമേധയാ സംസാരിക്കുകയല്ല അവരെക്കൊണ്ട് സംസാരിപ്പിക്കുകയാണ് ചെയ്യുന്നത്. അവർ നാടക കർത്താവിന്റെ ജിഹ്വയാണ്. എല്ലാപാത്രങ്ങളുടെയും മേൽ നാടകകർത്താവിന്റെ നിഴൽ പരത്തുന്നുണ്ട്. എന്തെങ്കിലും

ഒരു പ്രത്യേകപാത്രത്തോട് പ്രതിപത്തികാണിക്കുകയൊ അതിൽ ആത്മീയാംശം കലർത്തുകയൊ ചെയ്യുന്നതിൽ ദോഷമില്ല. പക്ഷെ അതല്ല ഈ നാടകത്തിൽകാണുന്നത്. ചിലഘട്ടങ്ങളിൽ കഥാപാത്രത്തെ പിടിച്ചു പുറകിലാക്കിയിട്ട് തല നീട്ടുന്ന ഗ്രന്ഥകാരനെ നമുക്കു കാണാൻ കഴിയും. നാടകത്തിലെ പ്രമേയത്തോട് ഗ്രന്ഥകാരനുള്ള അതിരററ താല്പര്യമാണ് ഈ കുഴപ്പത്തിനു കാരണം.

ഒരു കലാസൃഷ്ടി എന്ന നിലയിൽ ബലാബലവും ഗ്രന്ഥകാരൻെറ മറെറാരു നാടകമായ കന്യകയും ഭഗ്നഭവനത്തെക്കാൾ വളരെ താണപടിയിൽ സ്ഥിതിചെയ്യുന്നു. ബലാബലത്തിലും കന്യകയിലും നാടകകർത്താവിൻെറ ശ്രദ്ധ പ്രതിപാദനത്തെക്കാൾ പ്രതിപാദ്യത്തിൽ കേന്ദ്രീകരിച്ചിട്ടുള്ളതായി കാണാം. ഒന്നിന് അമിതമായ പ്രാധാന്യം കല്പിച്ചിട്ടുള്ളതുകൊണ്ട് രണ്ടാമത്തേതിന് ഉടവുതട്ടുന്നു. രണ്ടും കൂടി ഇണക്കിക്കൊണ്ടുപോകാനുള്ള ശ്രമം അത്ര ഫലിച്ചിട്ടില്ല. ഭഗ്നഭവനത്തിൻെറ രചനയിൽ ഇബ്സനെ, അനുകരിച്ച ഗ്രന്ഥകാരൻ കന്യകയിലും ബലാബലത്തിലും ഷായെ സമീപിച്ചിരിക്കുന്നു. ഈ രണ്ടു രീതികളും തമ്മിൽ വലിയ അന്തരമുണ്ട്. നാടകത്തിൽ ആവിഷ്കരിക്കുന്ന പ്രശ്നങ്ങളും പ്രമേയങ്ങളും ശക്തിയായി പ്രതിപാദിക്കുന്നതിനുവേണ്ടി ഇബ്സൻ, കലാസൗകുമാര്യത്തെ ഒരിക്കലും ബലികഴിച്ചിട്ടില്ല. പ്രമേയങ്ങളെ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നതിനു പകരം കഥാപാത്രങ്ങളുടെ പ്രവൎത്തനങ്ങളിൽനിന്നും നാടകത്തിൻെറ ആകെക്കൂടിയുള്ള അനുഭൂതിയിൽനിന്നും പ്രസ്തുത പ്രമേയങ്ങൾ ഹൃദയസ്പൃക്കായ വിധത്തിൽ രൂപം പ്രാപിക്കുന്നു. വായനക്കാരനുണ്ടാകുന്ന പ്രത്യാഘാതമാണ് അതിൻെറ അടിസ്ഥാനം. നാം അറിയാതെ നമ്മെ കാര്യം ധരിപ്പിക്കുന്നു. ഈ ഗുണം നിമിത്തം ഇബ്സൻെറ സാമുദായിക നാടകങ്ങൾ കലാശില്പത്തിൽ അദ്വിതീയമായി ശോഭിക്കുന്നു. നേരെമറിച്ച് ഷായുടെ നടകങ്ങൾ കേവലം ആശയപ്രകാശത്തിനുള്ള ഉപാധികളായി പരിണമിക്കുന്നുണ്ട്. ഏതെങ്കിലും പ്രശ്നത്തിൻെറ വിവിധവശങ്ങൾ ഉറക്കെവിളിച്ചുപറയുകയാണ് സാധാരണയായി ഷായുടെ പാത്രങ്ങൾ ചെയ്യാറുള്ളത്. പ്രസംഗ വേദിയിലെന്ന പോലെ അവർ ദീർഘ സംഭാഷണങ്ങളിൽ ഏൎപ്പെടുന്നു. വാഗ്വാദങ്ങൾ നടത്തുന്നു. പറഞ്ഞാലും അവൎക്കു തൃപ്തിയാകുന്നില്ല. ഈ രീതി അത്ര സുഖപ്രദമല്ല. അങ്ങനെ കാര്യം മാത്രം പറയണമെന്നുണ്ടെങ്കിൽ നാടകമെഴുതേണ്ട ആവശ്യമില്ല. പ്രസംഗിക്കുകയൊ ലേഖനം എഴുതുകയൊ ചെയ്യുന്നതാണുത്തമം. ഈ ന്യൂനത നിമിത്തം ഷായുടെ നാടകങ്ങൾ കലാഭംഗിയിൽ വളരെ പിന്നോക്കമാണ്. ഷാ ഒരു കലാ കാരനല്ല ചിന്തകനാണ് എന്നാണ്. നിരൂപകന്മാരുടെ അഭിപ്രായം.

ഗതാവലോകനരീതി,യാണ് ഈ നാടകത്തിൽ പ്രയോഗിച്ചു കാണുന്നത്. ഇതൊരു പുതുമയാണ്. ഇബ്സൻ അത്യന്തം വിജയകരമായി പ്രയോഗിച്ചിട്ടുള്ള ഈ സാങ്കേതികപദ്ധതി വളരെ സാധ്യതകൾ നിറഞ്ഞതാണ്. ക്രിയാംശത്തെ പററിയാണെങ്കിൽ കഥാപാത്രങ്ങളുടെ പ്രവൎത്തനങ്ങളല്ല, അവയുടെ പരിണാമമാണ് നാം നാടകത്തിൽ ദർശിക്കുന്നത്. പക്ഷെ ഇതിൽ സ്തോഭജനകങ്ങളായ നാടകീയഘട്ടങ്ങൾ വിരളമല്ല. ബലാബലത്തിലെ സംഭാഷണ രീതി ഭഗ്നഭവനത്തിലെ കലാസുഭഗമായ രീതിയല്ല. ഇതിലെ സംഭാഷണങ്ങൾ കുറേക്കൂടി ഭാരമേറിയവയാണ്. അവ ഒരു ശ്വാസം മുട്ടുന്ന പ്രതീതി ഉളവാക്കുന്നു. സ്വരം മിക്കപ്പോഴും അത്യുച്ചമാണ്. ആ ശബ്ദത്തിൽ മററു പലതും ആണ്ടുപോകുന്നു. കൂടുതൽ സംസാരിക്കാനുള്ള ആ വേഗം ഒരോവാക്കിലും

സ്ഫുരിക്കുന്നുണ്ട്. രംഗവിധാനത്തിലും അധികം ശ്രദ്ധ ചെലുത്തിക്കാണുന്നില്ല.

നാടകങ്ങൾ അഭിനയിക്കപ്പെടാനാണ് എഴുതുന്നതെങ്കിലും ചില നാടകങ്ങൾ പുസ്തകരൂപത്തിൽ വായിക്കുമ്പോഴുണ്ടാകുന്ന പ്രഭാവം രംഗത്തു ദർശിക്കുമ്പോൾ ഉണ്ടായില്ലെന്നു വരാം. ഇതിന്റെ പ്രധാനകാരണം ദൃശ്യാംശത്തിന്റെ അഭാവമാണ്. ആശയങ്ങൾക്കും നാടകത്തിൽ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുമാണ് പ്രാധാന്യമെങ്കിൽ സഹൃദയന്മാർക്ക് പുസ്തകം വായിച്ചാസ്വദിക്കുന്നതു കൊണ്ട് സംതൃപ്തിയടയാൻ സാധിക്കും. ബലാബലം ഈ ഇനത്തിൽ പെട്ടതാണ്.

ചില ന്യൂനതകളുണ്ടെങ്കിലും മലയാളത്തിലെ ദൃശ്യനാടകപ്രസ്ഥാനത്തിന്റെ ഇന്നത്തെ നിലയ്ക്കു് ബലാബലം ഒരു വിശിഷ്ടനാടകമാണെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. ഗഹനമായി ചിന്തിക്കാനും ശക്തിയോടെ എഴുതാനും കഴിവുള്ള ഒരു അനുഗൃഹീത സാഹിത്യകാരനാണ് ശ്രീ എൻ. കൃഷ്ണപിള്ള. അദ്ദേഹത്തിന്റെ ഓരോ കൃതിയും നമ്മിൽ കൂടുതൽ പ്രതീക്ഷകൾ ഉളവാക്കുന്നുണ്ട്. അദ്ദേഹം ഇനിയും ധാരാളം എഴുതണമെന്നാണ് നമ്മുടെ ആഗ്രഹം.

(പട്ടം. എൻ. ഗോപാലൻനായർ)

ഒരു ഫ്രഞ്ച് കോടതി.

അഥവാ,

കൗടില്യപീഠം

റെഡീമർപ്രസ്സ് തിരുവനന്തപുരം. വിലരൂപ. ൨.

ഗ്രന്ഥകർത്താ;

ആർ. സെബാസ്ത്യൻ. നെയ്യാറ്റിൻകര.

ജോവാൻ അഫ് ആർക്ക് മനുഷ്യചരിത്രത്തിലെ ഒരു കണ്ണുനീർ പുഴയാണ്. അജ്ഞതയും അനാസ്ഥയും നിറഞ്ഞ ജനസാമാന്യത്തിനെ തെററിദ്ധരിപ്പിച്ചും സ്വർഗ്ഗീയമോ ലൗകീകമോ ആയ പ്രലോഭനങ്ങൾക്കു വശംവദമാക്കിയും സ്വാർത്ഥപൂർത്തി കൈവരുത്തുന്ന ഒരുതരം ഭരണാധികാരികളുടേയും പുരോഹിതന്മാരുടേയും നിണം പുരണ്ട ദീർഘചരിത്രത്തിൽ മനുഷ്യഗുണങ്ങൾ യാഗമൃഗങ്ങളാകുന്ന കഥാവിശേഷങ്ങൾ സമുദായം കടന്നുപോന്ന ഓരോ കാലഘട്ടത്തിലെയും നാഴികക്കുറികളായി അങ്ങിങ്ങായ് തെളിഞ്ഞു കാണുന്നുണ്ട്. ആ കൂട്ടത്തിൽ ജോവാൻ, അനുസ്മരണീയയായ ഒരു മഹാവ്യക്തിയായിത്തീർന്നിരിക്കുന്നു.

1431-മേയ് മാസം 30ന് ആ പെൺകിടാവിനെ പിടിച്ചുകെട്ടി എരിച്ചുകൊന്ന ദൈവവിശ്വാസികളുടെ പരമ്പര, 1920 മേയ് 16-ാം തിയതി ആയപ്പോഴേക്കും സമൂലപരിവർത്തനം വന്നപോലെ ആ കന്യകയെ പുണ്യവാളന്മാരുടെ പീഠത്തിലേക്കുയർത്തിയിരിക്കുന്നതാലോചിക്കുമ്പോൾ—നൂററാണ്ടുകൾ കൊണ്ടുള്ള തെററുകൾ തിരുത്താൻ ഒരു വ്യാജമായ പരിശ്രമമെങ്കിലും മനുഷ്യന്റെ ഇടയിൽ ഉണ്ടെന്നുള്ളതു് ആശ്വാസകരം തന്നെ.

വിശ്വസാഹിത്യത്തിൽ ഒരു വിശിഷ്ടസ്ഥാനം കൈക്കലാക്കിയിരിക്കുന്ന ഈ കഥാഭാഗത്തെ കൈരളിക്ക്—ഈ രൂപത്തിൽ തിരുമുൽക്കാഴ്ചവെക്കാനുള്ള ഭാഗധേയമുണ്ടായത് മി: ബെസ്ത്യാനാണെന്നുകാണുന്നതിൽ സന്തോഷമുണ്ട്—എന്തെന്നാൽ ഈ ഗ്രന്ഥത്തിന്റെ ആസ്വാദനത്തിൽ മി. പി. മാധവൻപിള്ള പറയുന്നതുപോലെ "ബസ്ത്യൻ അവർകൾ രചിച്ചത് കലയ്ക്കുവേണ്ടിമാത്രമല്ല. ചിലപ്രധാനലക്ഷ്യങ്ങൾ ഗ്രന്ഥകാരന്റെ വിചാരധാരയെ നിയന്ത്രിച്ച് ജ്വരവേഗത്തിൽ മുന്നോട്ടു പോകുന്നുണ്ട്......ഗുണാവബോധവും യുക്തിചിന്തയും, തീവ്രപ്രതിപാദന സാമർത്ഥ്യവുമാണ്. മി. ബാസ്ത്യന്റെ പ്രത്യേകതകൾ"

എന്നിത്യാദി അഭിപ്രായങ്ങളോട് ഞങ്ങളും അനുകൂലിക്കുന്നു.

പക്ഷെ മനോഹരമായ ഒരു കലാസൃഷ്ടിക്കു വേണ്ട കരുക്കളെ വിവർത്തനശേഷി മാത്രമുള്ള ഒരു സാഹിത്യകാരനുപോലും നിർവ്വഹിക്കാമെന്നുള്ള ഒരു ചരിത്രസാഹിത്യ പ്രതിപാദ്യത്തെ ഒരു പ്രസംഗവേദിയിലെ ക്രമീകരണത്തെ അധികമൊന്നും അതിലംഘിക്കാതെ അവതരിപ്പിച്ചിട്ടുള്ള ഗ്രന്ഥകർത്താവിന്റെ കെല്പിനനുയോജ്യമായ ഒരു സംഭാവനയായിരിക്കുമെന്നുള്ളതല്ല. ഭാഷാ സ്വാധീനം വികാരതീക്ഷ്ണത- ന്യായാന്യായ ബോധം ഇത്യാദി അടിസ്ഥാനങ്ങളും ഉറച്ചിട്ടുള്ള ഒരു സാഹിത്യകാരനു് വേണ്ടുന്ന സ്വാത്മ വിശ്വാസം -അടുക്ക്- വ്യവസ്ഥ- കലാബോധം ഇവകളുടെ അവശ്യകത- ഈ ഗ്രന്ഥത്തിൽ കാണുന്നു എന്നു പറയുമ്പോൾ ആ കുറവുകൾ യഥാനുസൃതം പരിഹരിക്കപ്പെട്ടുമെന്നുള്ള വിശ്വാസം രേഖപ്പെടുത്തുന്നു എന്നേ ഉള്ളൂ.

“അല്ലയൊ ദിഗന്ത വിശ്രാന്ത കീർത്തിമാന്മാരായ ചക്രവർത്തിമാരാലും, രാജാക്കന്മാരാലും ഭടനായകന്മാരാലും, മാടമ്പിമാരാലും മററും താലോലിക്കപ്പെട്ടു പോന്നിരുന്നതും താലോലിക്കപ്പെട്ടുപോരുന്നതുമായ കൊലമരമേ; നിന്റെ പ്രതാപം അവർണ്ണനീയം തന്നേ” ..ത്യാഗത്തിന്റെ ബലിപീഠമായി കുരിശ്ശു് ഒരു കൽവാരിമലമേൽ നാട്ടപ്പെട്ടുവെങ്കിൽ, നീ ആ മഹനീയ ബലിപീഠമായി എത്രയെത്ര മലകളിലും മൈതാനങ്ങളിലും, ചന്തസ്ഥലങ്ങളിലും വീഥികളിലും നാട്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു നിന്നിലർപ്പിക്കപ്പെട്ട ബലികളുടെ ഫലമായി എത്ര എത്ര രാഷ്ട്രങ്ങളും ജനസമൂഹങ്ങളും സ്വാതന്ത്ര്യ സൗഭാഗ്യാദികൾ നേടിക്കഴിഞ്ഞിരിക്കുന്നു.”

ഇത്യാദിവികാരനിർഭരങ്ങളും ചിന്താസഞ്ചിതങ്ങളുമായ അനേകഖണ്ഡികകൾ ഈ ഗ്രന്ഥത്തിന്റെ നാനാഭാഗങ്ങളിലും തിങ്ങിനില്ക്കുന്നുണ്ട്. പരിഷ്കരിച്ച മറെറാരു പതിപ്പിനായ് പ്രതീക്ഷിക്കുന്നു.

പ്രാചീനകേരളസംസ്കാരം.

ആൎയ്യന്മാരുടെ ആഗമനത്തിനുമുൻപേ തന്നെ ഇൻഡ്യയിലെ ആദിമ നിവാസികളിൽ പ്രമുഖരായ ദ്രാവിഡന്മാർ പരിഷ്കൃതവും സംസ്കാരപരവും ആയ ഒരു ജീവിതം നയിച്ചുപോന്നു. ചരിത്രാതീതമായ അതിപ്രാചീനകാലങ്ങളിൽ നിലവിലിരുന്ന ദ്രാവിഡസംസ്കാരത്തിന്റെ കേന്ദ്രം ദക്ഷിണേന്ത്യ ആയിരുന്നു. ആൎയ്യന്മാരുടെ പ്രാബല്യം കാലാന്തരത്തിൽ ഉത്തരേൻഡ്യയിൽനിന്നു് ദക്ഷിണേന്ത്യയിലേയ്ക്കും വ്യാപിച്ചു എങ്കിലും തെക്കെഇൻഡ്യയിൽനിന്നു ദ്രാവിഡപരിഷ്കാരത്തെയോ സംസ്കാരത്തെയോ ഉന്മൂലനം ചെയ്യുന്നതിനു ആൎയ്യന്മാൎക്കു കഴിഞ്ഞില്ല. തന്മൂലം, യുഗയുഗാന്തരങ്ങൾക്കുശേഷം, ഇന്നും ദക്ഷിണേന്ത്യയിലെ ജനങ്ങളിൽ പ്രധാനമായി അവശേഷിക്കുന്നതു് പ്രാചീനദ്രാവിഡസംസ്കാരചൈതന്യമാണു്. അനേകനൂററാണ്ടുകൾക്കിടയിലുണ്ടായ വൎഗ്ഗസങ്കരം കൊണ്ടും പരിഷ്കാരസംഘട്ടനങ്ങൾ മൂലവും പ്രാചീനദ്രാവിഡസംസ്കാരത്തിന്റെ പ്രഭയും പ്രാഭവവും അല്പം മങ്ങിയിട്ടുണ്ടെന്നേയുള്ളൂ.

ഉത്തരേന്ത്യൻ ചരിത്രത്തിൽ അറിയപ്പെടുന്ന ഏററവും പ്രാചീനമായ ആൎയ്യരാജ്യങ്ങൾ കോസലം, പാഞ്ചാലം, വൈദേഹം തുടങ്ങിയവയാണല്ലോ. ഇവയേക്കാൾ പ്രാചീനവും വിപുലവുമായ മൂന്നു മഹാരാഷ്ട്രങ്ങളായിരുന്നു തെക്കെ ഇൻഡ്യയിലുണ്ടായിരുന്ന ചേര, ചോള, പാണ്ഡിയ എന്നീ ദ്രാവിഡസാമ്രാജ്യങ്ങൾ. പ്രാചീനകേരളം പ്രസക്തമായ ദ്രാവിഡദേശത്തിന്റെ പ്രകൃത്യനുസരണമായ ഒരു വിഭാഗമായിരുന്നു. ഭൂമിശാസ്ത്രപരമായ കാരണങ്ങൾകൊണ്ടു് കേരളം ഒരു പ്രത്യേകരാഷ്ട്രമായി വളൎന്നു എങ്കിലും പരിഷ്കാരപരവും സാംസ്കാരികവുമായ കാൎയ്യങ്ങളിൽ ഈ മൂന്നു സാമ്രാജ്യങ്ങളും അഭേദ്യമായി ബന്ധിച്ചിരുന്നു. അതുകൊണ്ടും പൂൎവ്വകാലങ്ങളിൽ പുരാതനദ്രാവിഡസംസ്കാരം തന്നെയാണു കേരളത്തിലും പുലൎന്നിരുന്നതു് എന്നു വിശ്വസിക്കുന്നതിൽ തെററില്ല.

ബാബിലോണിയ, അസീരിയ, സുമേരിയ, ഫിനീഷ്യ, ഈജിപ്തു്, കാൎത്തേജു്, ഗ്രീസ്, റോം എന്നീ രാജ്യങ്ങളിലാണു് പാശ്ചാത്യചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ളതിലേയ്ക്കും വച്ചു അതിപ്രാചീനങ്ങളായ പരിഷ്കാരങ്ങൾ സമുൽഭവിച്ചു് അഭിവൃദ്ധിയെ പ്രാപിച്ചതു്. ഈ പ്രാചീനപരിഷ്കാരങ്ങളേക്കാൾ പ്രാചീനമായ ഒരു പരിഷ്കാരമായിരുന്നു ദ്രാവിഡന്മാർ പരിപോഷിപ്പിച്ചിരുന്നതു്. ലോകത്തിൽ പരിഷ്കാരം ആദ്യമായി ആവിൎഭവിച്ചതു് ദക്ഷിണേന്ത്യയിലായിരുന്നുഎന്നും ആ പരിഷ്കാരം സൂക്ഷിച്ചതു് പ്രാചീനദ്രാവിഡന്മാരായിരുന്നുഎന്നും ബാബിലോണിയ, ഇസരീയ തുടങ്ങിയ പുരാതനപാശ്ചാത്യരാജ്യങ്ങളിലേക്കു പരിഷ്കാരം സംക്രമിച്ചതു് ദ്രാവിഡന്മാരിൽനിന്നായിരുന്നുഎന്നും പ്രബലമായി വിശ്വസിക്കുന്ന പ്രാമാണികന്മാരായ അനേകം ചരിത്രകാരന്മാർ ഉണ്ടു്. എച്ച്. ആർ. ഹാൾ, സർ. ജോൺ ഇവാൻസ്, സാക്കർ അനീതകുമാർചാററർജി എന്നീ പ്രമുഖചരിത്രജ്ഞന്മാരുടെ പേരുകൾ ഇക്കൂട്ടത്തിൽ പ്രത്യേകം പ്രസ്താ

വാർഹമാണ്. ചുരുക്കിപ്പറഞ്ഞാൽ ദ്രാവിഡസംസ്കാരത്തേക്കാൾ പുരാതനമായ ഒരു സംസ്കാരം ഒരു ചരിത്രകാരനും ഇതുവരെ അറിയപ്പെട്ടിട്ടില്ല. അത്രമാത്രം അനാദിയും അതിപ്രാചീനവും ആണ് ദക്ഷിണേന്ത്യയിൽ പുലർന്നുവന്ന ദ്രാവിഡസംസ്കാരം. ഋക്ക്. യജുർ, അഥർവാദിവേദങ്ങളും വൈദികഭാഷയും ഭാരതത്തിൽ പ്രവേശിക്കുന്നതിനുമുൻപുതന്നെ ദ്രാവിഡർ പ്രാചീനകൽദായക്കാരുമായി കച്ചവടം ചെയ്തിരുന്നുഎന്നു ഡാക്ടർ, സെയിൻസു എന്ന ചരിത്രപണ്ഡിതൻ പ്രസ്താവിച്ചിട്ടുണ്ട്. ക്രിസ്തുവിനു ഏകദേശം മൂവായിരം കൊല്ലങ്ങൾമുൻപുമുതൽക്കേ കേരളവും ബാബിലോണിയായും തമ്മിൽ വാണിജ്യബന്ധമുണ്ടായിരുന്നതായി ഗണനീയന്മാരായ പല ചരിത്രകാരന്മാരും രേഖപ്പെടുത്തിട്ടുണ്ട്. പ്രാചീനദ്രാവിഡർ ജാവാ, സുമാത്ര, ബോർണിയോ തുടങ്ങിയ, ഈസ്റ്റ്ഇൻഡീസ്; രാജ്യങ്ങളിൽ കുടിയേറിപ്പാർക്കുകയും അവരുടെ പരിഷ്കാരത്തെ ആ ദേശങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്തിരുന്നതായി വിശ്വസനീയമായ തെളിവുകൾ സുലഭമാണ്. പ്രാചീന ദ്രാവിഡരുടെ പരിഷ്കാരരശ്മികൾ തെക്കേ അമേരിക്കയിൽപോലും പ്രകാശിച്ചിരുന്നതായി ചരിത്രകാരന്മാരുടെ ഇടയിൽ അഭിപ്രായമുണ്ട്.

പ്രാചീനദ്രാവിഡക്കു ജ്യോതിഷം, ഗണിതം, മന്ത്രവാദം തുടങ്ങിയ വിഷയങ്ങളിലും സാമാന്യം പരിഷ്കൃതമായ കൃഷിസമ്പ്രദായങ്ങളിലും പരിചയമുണ്ടായിരുന്നു. ഇരുമ്പു, ചെമ്പു, വെങ്കലം, സ്വർണ്ണം. വെള്ളിമുതലായ ലോഹങ്ങളുടെ ഉപയോഗവും അക്കാലത്തു അവർക്കു അജ്ഞാതമായിരുന്നില്ല.

പ്രാചീനദ്രാവിഡ പരിഷ്കാരത്തെപ്പറ്റി വിൽഡ്യൂറാന്റ്, എന്ന പാശ്ചാത്യപണ്ഡിതൻ അദ്ദേഹത്തിന്റെ 'പരിഷ്കാര ചരിത്രം' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:—"ആര്യന്മാർ ദ്രാവിഡരാജ്യങ്ങളിൽ പ്രവേശിക്കുന്ന കാലത്തുതന്നെ ദ്രാവിഡർ പരിഷ്കൃതരും, സംസ്കാരസമ്പന്നരും ആയിരുന്നു. സമുദ്രയാനസമർത്ഥന്മാരും സാഹസികന്മാരുമായ ദ്രാവിഡവണിക്കുകൾ കടൽമാർഗ്ഗം സഞ്ചരിച്ച് വിദൂരസ്ഥിതങ്ങളായ സുമേരിയാ, ബാബിലോണിയാ മുതലായ രാജ്യങ്ങളിൽ എത്തിയിരുന്നു. ദ്രാവിഡരുടെ നഗരങ്ങൾ പരിഷ്കാരസമൃദ്ധവും സംസ്കാരസുഭഗവും സുഖസൗകര്യാദി പൂർണ്ണങ്ങളും ആയിരുന്നു... ദക്ഷിണാപഥത്തിലെ ജനങ്ങളിൽ ഇന്നും ദ്രാവിഡരക്തമാണു അധികം കലർന്നിരിക്കുന്നതു്. ഇവിടത്തെ ജനങ്ങളുടെ ആചാരമര്യാദകളിലും ജീവിതരീതിയിലുംഭാഷ, സാഹിത്യം,കല, ശാസ്ത്രം ഇത്യാദി വിഷയങ്ങളിലും ഇന്നും ദ്രാവിഡ സംസ്കാരത്തിന്റെ പ്രാഭവമാണു പ്രതിഫലിക്കുന്നതു്.

പ്രാചീനദ്രാവിഡരുടെ ഭാഷയിൽ നിന്നാണ് തമിഴ്, മലയാളം, തെലുങ്ക്, കർണ്ണാടകം മുതലായ ദ്രാവിഡഭാഷാശാഖകൾ ഉത്ഭവിച്ചതു്. ഈ ശാഖകളിൽ മൂലഭാഷയോട് ഏറ്റവും അടുപ്പമുള്ളതായി കരുതേണ്ടതു് തമിഴിനെയാണ്.(?) ദ്രാവിഡം, ദ്രവിഡം, ദ്രമിളം, തമിളം, എന്നിങ്ങനെയുള്ള രൂപഭേദങ്ങളിൽക്കൂടെ തമിഴിനെ ദ്രാവിഡമൂലപദവുമായി യോജിപ്പിക്കാവുന്നതാണ്.

ഇൻഡ്യൻ ഭാഷകളുടെയെല്ലാം അക്ഷരമാലകൾ ബ്രാഹ്മി, ഖരോഷ്ടി എന്നീ രണ്ടു സെമിററിക്കു ഭാഷകളിൽനിന്നു ഉത്ഭവിച്ചവയാണെന്നു പൊതുവേ ഒരഭി

പ്രായമുണ്ടു്. ഈ ഭാഷകളുടെ ഉല്പത്തി ഫിനീഷ്യൻ ഭാഷയിൽ നിന്നാണെന്നു ഭാഷാശാസ്ത്ര പണ്ഡിതന്മാർ സമർത്ഥിച്ചിട്ടുണ്ടു്. പ്രാചീന ഈജിപ്റ്റിൽ നടപ്പിലിരിക്കുന്ന ഒരുതരം ലേഖനവിദ്യയെ അടിസ്ഥാനമാക്കിയാണു് ഫിനീഷ്യൻ അക്ഷരമാല ഉണ്ടായതെന്നും പറയപ്പെടുന്നു. ഫിനീഷ്യൻ ലിപിമാല പരിഷ്കരിച്ചുണ്ടാക്കിയതാണു് ഗ്രീക് അക്ഷരമാല. ഗ്രീക്കിൽ നിന്നാണു് പ്രായേണ എല്ലാ യൂറോപ്യൻ ഭാഷകൾക്കും ലിപിമാലകൾ ലഭിച്ചതു്. തമിഴ്‌ലിപികളുടെ പ്രാചീനരൂപം ഫിനീഷ്യൻ ലിപികളിൽ നിന്നു ലഭിച്ചതെന്നാണു് ഡോക്ടർ ബർനൽ എന്ന പണ്ഡിതന്റെ അഭിപ്രായം. പ്രാചീനദ്രാവിഡ ലിപികളിൽ നിന്നല്ലയോ, ഫിനീഷ്യൻ ലിപികൾ രൂപവൽകരിച്ചതെന്നും സംശയിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിനുമുൻപു് മൗര്യസാമ്രാജ്യം ഭരിച്ചിരുന്ന അശോകചക്രവർത്തി തന്റെ രാജ്യത്തിന്റെ പല ഭാഗങ്ങളിലായി പാറകളിലും ശിലാസ്തംഭങ്ങളിലും ബുദ്ധമത ധർമ്മങ്ങൾ ലേഖനം ചെയ്തിരുന്നു. ഈ ശിലാലേഖനങ്ങളിൽ ഉപയോഗിച്ചിരുന്ന ലിപിരൂപങ്ങളെ ആശ്രയിച്ചാണു തമിഴ്‌ലിപികൾ ഉണ്ടായിട്ടുള്ളതെന്നും അനുമാനിക്കാവുന്നതാണു്. പ്രാചീനദ്രാവിഡർ ഫിനീഷ്യ, ഈജിപ്റ്റ്, ഗ്രീസ് മുതലായ രാജ്യങ്ങളിൽ കച്ചവടത്തിനായി പോയിരുന്നു എന്നുള്ളതു് അനിഷേധ്യമായ ഒരു ചരിത്രവസ്തുതയാണു്. പ്രാചീന തമിഴ്‌ലിപികൾ ബ്രാഹ്മി, ഖരോഷ്ഠി മുതലായ ഭാഷകളിൽ നിന്നുൽഭവിച്ചു എന്നു കരുതിയാലും ആ ഭാഷകൾക്കു് ഫിനീഷ്യൻ ഭാഷയുമായുള്ള ബന്ധംകൊണ്ടും പ്രാചീനതമിഴും ഫിനീഷ്യനുമായുള്ള ബന്ധവും സ്പഷ്ടമാണല്ലോ. പ്രാചീന തമിഴ് ലിപികളിൽ നിന്നാണു് കേരളത്തിലെ വട്ടെഴുത്തും കോലെഴുത്തും നമ്മുടെ ആധുനിക അക്ഷരമാലയും കാലാന്തരത്തിൽ ഉണ്ടായിട്ടുള്ളതു്. ബി. സി. അഞ്ചാം നൂററാണ്ടിനുമുൻപു് ഇൻഡ്യയിൽ ലേഖനവിദ്യ നടപ്പുണ്ടായിരുന്നു എന്നു അനുമാനിക്കാൻ ഉതകുന്ന യാതൊരു തെളിവും ഇതേവരെ കിട്ടിയിട്ടില്ല. ഇൻഡ്യയിലെ ഭാഷകൾക്കു് ലിപികൾ ലഭിക്കുന്നതിനു വളരെ മുൻപു തന്നെ കേരളീയരായ പ്രാചീനദ്രാവിഡർക്കു ഫിനീഷ്യൻ സമ്പർക്കംകൊണ്ടു് അക്ഷരമാല ലഭിച്ചതായി വിശ്വസിക്കുന്നതിൽ അസാംഗത്യമില്ല. ദ്രാവിഡദേശങ്ങളിൽ ആദ്യമായി അക്ഷരമാല ഉപയോഗിക്കാൻ തുടങ്ങിയതു് കേരളീയരാണെന്നും ചേരരാജ്യത്തിൽ നിന്നാണു് പാണ്ടിയ, ചോള, എന്നീ രാജ്യങ്ങൾക്കു ലേഖനവിദ്യ ലഭിച്ചതെന്നും വിശ്വസിക്കുവാൻ ഉതകുന്ന പല തെളിവുകളും ചരിത്രകാരന്മാർ നൽകുന്നുണ്ടു്.

മനോഹരമായ മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും പുറകിൽ വട്ടെഴുത്തു്, കോലെഴുത്തു്, കൊടുംതമിൾ, പ്രാചീനദ്രാവിഡം എന്നിങ്ങനെ പരമ്പരയായ ഒരു ലിപിചരിത്രം അതിപ്രാചീനമായ ചരിത്രസീമകളെപ്പോലും അതിലംഘിച്ചു സ്ഥിതിചെയ്യുന്നുണ്ടു്. ചിലപ്പതികാരം, മണിമേഖല, അകനാനൂർ, പുറനാനൂർ, പതിററിപ്പത്തു് മുതലായ പ്രാചീനതമിഴ് ഗ്രന്ഥങ്ങൾ നമ്മുടെ മാതൃഭാഷയുടെ പുരാതനത്വത്തിനും മഹത്വത്തിനും മകുടോദാഹരണമായി പരിലസിക്കുന്നുണ്ടു്.

കൃഷി, വാണിജ്യം, വ്യവസായം മുതലായവയിൽ പ്രാചീനകേരളം സമാർജ്ജിച്ചിരുന്ന സമുന്നതമായ സ്ഥാനം ഏതൊരു പുരാതന പരിഷ്കാരത്തിനും അസൂയാർഹ

മാണ്. മഹാഭാരതം, രാമായണം മുതലായ പ്രാചീനേതിഹാസ ഗ്രന്ഥങ്ങളിൽ കേരളത്തെപ്പററി സൂചനകളുണ്ടു. പുരാണവസ്തുപര്യന്വേഷകന്മാർ ബാബിലോണിയായിലെ അതിപ്രാചീനമായ 'ഊർ' എന്ന നഗരസ്ഥാനത്തു നടത്തിയ പര്യന്വേഷണങ്ങളിൽ നിന്നു ആ പട്ടണത്തിൽ തേക്കുതടികൾ ഉപയോഗിച്ചു കെട്ടിടങ്ങൾ പണിതിരുന്നു എന്നു ഗ്രഹിച്ചിട്ടുണ്ട്. ഇവ അക്കാലത്തു കേരളത്തിൽ നിന്നു കൊണ്ടുപോയതായിരിക്കണമെന്നു വിശ്വസിച്ചുപോരുന്നു. ഊർ എന്ന പേരുതന്നെ ദ്രാവിഡ സമ്പക്ക്ത്തിൻെറ ഫലമാണെന്നും ചില ചരിത്രകാരന്മാർ വ്യാഖ്യാനിക്കുന്നുണ്ട്. ബി. സി. 2600-ാമാണ്ടിനോടടുത്തകാലങ്ങളിൽ കേരളത്തിൽ നിന്നു പരുത്തിനൂൽ കൊണ്ടുണ്ടാക്കിയ വസ്ത്രങ്ങൾ ഈജിപ്ററിൽ കൊണ്ടുപോയിരുന്നതായി വിശ്വസനീയമായ തെളിവുകളുണ്ട്. ബി. സി. 1000-ാമാണ്ടിനോടടുത്തകാലങ്ങളിൽ ഫിനീഷ്യാക്കാർ കേരളത്തിൽനിന്നു അകിൽ, ചന്ദനം, ദന്തം, ചുക്ക്, കുരുമുളക് മുതലായ സാധനങ്ങൾ കൊണ്ടുപോയിരുന്നതായി ചില പ്രാചീന പാശ്ചാത്യ ഗ്രന്ഥങ്ങൾ തെളിയിക്കുന്നു. ടാർഷീഷ്, ഒഫീർ മുതലായ അറേബ്യൻ സമുദ്രതീര നഗരങ്ങളിൽ നിന്നു ശോലമൺരാജാവ് ആനക്കൊമ്പ്, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയ സാധനങ്ങൾ കൊണ്ടുപോയിരുന്നതായി ക്രിസ്തീയവേദപുസ്തകത്തിൽ നിന്നു ഗ്രഹിക്കാം. ബി. സി. അഞ്ചാം നൂററാണ്ടിൽ ഈജിപ്തുകാരും ഫിനീഷ്യരും ചെങ്കടലും, അറേബ്യൻകടലും മാഗ്ഗം മലബാർ തീരത്തുള്ള പട്ടണങ്ങളിൽനിന്നു മീറ, കരിവേലംപട്ട, ചുക്ക്, കുരുമുളക്, ചന്ദനം, കന്തിരിക്കം മുതലായസാധനങ്ങൾ അവരുടെ രാജ്യങ്ങളിൽ കൊണ്ടുപോയിരുന്നതായി അക്കാലത്തുജീവിച്ചിരുന്ന ഹെറഡോട്ടസ് എന്ന യവനചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രസിദ്ധറോമൻചക്രവത്തി ആയിരുന്ന അഗസ്റ്റസിൻെറ കാലത്തു് കേരളവും റോമാസാമ്രാജ്യവും തമ്മിൽ വിപുലമായ വാണിജ്യബന്ധം പുലർത്തിയിരുന്നു. കൊടുങ്ങല്ലൂരിനുസമീപം റോമാക്കാരുടെ ഒരു 'കോളനിയും' അവിടെ ഒരു റോമൻ ക്ഷേത്രവും ഉണ്ടായിരുന്നതായി തെളിവുകളുണ്ട്. അഗസ്റ്റസ്ചക്രവത്തിയുടെ കാലത്തു നടപ്പിൽ ഇരുന്ന പല റോമൻനാണയങ്ങളും കേരളത്തിൽനിന്നു കണ്ടുകിട്ടിയിട്ടുമുണ്ട്.

തെക്കേഇന്ത്യയിലെ ദ്രാവിഡരും പ്രാചീനപാശ്ചാത്യരുമായുള്ള ബന്ധം ഭാഷാപരമായ പല തെളിവുകളിൽനിന്നും വിശദമാണ്. 'ദ്രാവിഡഭാഷകളുടെ താരതമ്യവ്യാകരണം' എന്ന ഭാഷാശാസ്ത്രഗ്രന്ഥത്തിൻെറ കത്താവായ കാൾഡുവെൽ, ടോളമിയുടെ ഭൂമിശാസ്ത്രം, പെരിപ്ലസ് തുടങ്ങിയ പ്രാചീനപാശ്ചാത്യകൃതികളിൽ ധാരാളം ദ്രാവിഡപദങ്ങൾ ഉപയോഗിച്ചിട്ടുള്ളതായി പ്രസ്താവിച്ചിട്ടുണ്ട്. ദ്രാവിഡരുടെ 'അരിശി'യാണു ഗ്രീക്കുകാരുടെ 'ഒരിസെ'യും ആംഗ്ലേയരുടെ 'റൈസ്സും' ആയി പരിണമിച്ചതു്. ദ്രാവിഡരുടെ 'ഇഞ്ചിവേരാ'ണ് ഗ്രീക്കുകാരുടെ 'ജിഞ്ചിബേറാസ്' ആംഗ്ലേയരുടെ 'ജിഞ്ചർ' ആയിത്തീന്നതു്. ഇങ്ങനെയുള്ള പല ഉദാഹരണങ്ങൾ കാൾഡുവെൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതിപ്രാചീനമായ ദ്രാവിഡസംസ്കാരകാലത്തു കേരളം അന്നത്തെ ഏററവും പരിഷ്കൃതമായിരുന്ന എല്ലാ പാശ്ചാത്യരാജ്യങ്ങളുമായി ഗാഢമായ ബന്ധം പുലത്തിയിരുന്നു എന്നുള്ളതിനു സംശയമില്ല. അതിനുശേഷം ഇന്ത്യയിൽ പ്രവേശിച്ച ആയ്യ

പരിഷ്ക്കാരവും സംസ്കാരവും കേരളത്തിൽ ക്രമേണ സംക്രമിച്ചു. പരശുരാമൻ വെൺമഴു എറിഞ്ഞു കേരളം സൃഷ്ടിച്ച കഥയും 64 ബ്രാഹ്മണകുടുംബങ്ങളെ കേരളത്തിൽ കുടിയേറിപ്പാർപ്പിച്ച ഐതിഹ്യങ്ങളും മററും കേരളത്തിലെ ആര്യസങ്കരപ്രവേശത്തെക്കുറിക്കുന്നവയായി വ്യാഖ്യാനിച്ചുപോരുന്നു. ഉത്തരേന്ത്യയിലെപ്പോലെ കേരളത്തിൽ ആര്യസംസ്കാരത്തിനു ദ്രാവിഡസംസ്കാരത്തെ പാടെ നിർമ്മാർജ്ജനം ചെയ്‌വാൻ കഴിഞ്ഞില്ല. ആര്യന്മാരുടെ വൈദികസംസ്കാരത്തിനുശേഷം ഉത്തരേന്ത്യയിൽ പ്രാദുർഭവിച്ച മഹനീയമായ ഒരു സംസ്കാരമാണു ബൌദ്ധസംസ്കാരം. ബി. സി. മൂന്നാംനൂററാണ്ടുമുതൽ ആറേഴു നൂററാണ്ടു കാലത്തേയ്ക്കു് ബുദ്ധമതവും ജൈനമതവും കേരളത്തിൽ പ്രചാരത്തിലിരുന്നു. കാർത്തികപ്പള്ളി. കരുനാഗപ്പള്ളി മുതലായ സ്ഥലങ്ങൾ കേരളത്തിലെ പ്രാചീന ബുദ്ധമതസങ്കേതങ്ങളായിരുന്നു. ക്രിസ്തുവർഷം ഒന്നാം നൂററാണ്ടിൽ തന്നെ ക്രിസ്തീയസംസ്കാരവീചികൾ കേരളത്തിൽ പതിച്ചു, അറബികളും, ചൈനാക്കാരും ക്രിസ്ത്വാബ്ദത്തിന്റെ ആദ്യശതകങ്ങളിൽ കേരളവുമായി ആശയവിനിമയം ചെയ്യുകയും വ്യാപാരബന്ധം പുലർത്തുകയും ചെയ്തിരുന്നു.

പ്രാചീനകാലത്തെ പ്രസിദ്ധമായ എല്ലാ പരിഷ്കൃതരാജ്യങ്ങളുമായി സമ്പർക്കം പുലർത്തുവാൻ സൌഭാഗ്യം സിദ്ധിച്ച കേരളത്തിനു ആധുനികകാലത്തെ പരിഷ്കൃതമായ എല്ലാ പാശ്ചാത്യരാജ്യങ്ങളുമായി ഗാഢമായ ബന്ധത്തിലേർപ്പെടുവാനും അനന്യസാധാരണമായ അവസരം ലഭിച്ചു.

15-ാംനൂററാണ്ടിൽ യൂറോപ്പിൽ സമുദ്രസഞ്ചാരത്തിലും ദേശാന്വേഷണസംരംഭങ്ങളിലും അഭൂതപൂർവ്വമായ ഒരുണർവ്വുണ്ടായി. കൊളംബസ് ഇന്ത്യയിലേക്കു് ഒരു പുതിയ സമുദ്രമാർഗ്ഗം കണ്ടുപിടിക്കുവാൻ പരിശ്രമിക്കുകയും അതു് ഒരു പുതിയ ഭൂഖണ്ഡത്തിന്റെ കണ്ടുപിടിത്തത്തിൽ അവസാനിക്കുകയും ചെയ്തതും പോർട്ടുഗീസുകാരനായ 'വാസ്കോഡിഗാമാ' അപകടജടിലമായ ഒരു യാത്ര കഴിഞ്ഞു കോഴിക്കോട്ടെത്തിയതോടുകൂടെ ഇന്ത്യയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുടങ്ങി. ഗാമായെ തുടർന്നു പോർട്ടുഗീസുകാർ കേരളത്തിൽ അവരുടെ പ്രാബല്യം ഏർപ്പെടുത്തുന്നതിനും കേരളവും യൂറോപ്പുമായുള്ള കച്ചവടം അവരുടെ നിയന്ത്രണത്തിലാക്കുന്നതിനും ശ്രമിച്ചു. ഇതുകണ്ടു ഡച്ചുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ എന്നീ യൂറോപ്യൻ ജനങ്ങൾ കേരളത്തിൽ വരികയും കച്ചവടത്തിൽ അവർ തമ്മിൽ മത്സരിക്കുകയും ചെയ്തു. ഒടുവിൽ ഇംഗ്ലീഷുകാർ വിജയശ്രീലാളിതരാവുകയും ഇന്ത്യ മുഴുവനും അവരുടെ ഭരണവലയത്തിൽ ലയിക്കുകയും ചെയ്തതു് കൊളംബസിനെ സമുദ്രയാത്രക്കു പ്രേരിപ്പിച്ചതും ഗാമാ ദീർഘമായ കടൽയാത്ര ചെയ്തതും ഡച്ചുകാരും ഫ്രഞ്ചുകാരും ഇംഗ്ലീഷുകാരും ഇന്ത്യയിലേക്കു വന്നതും എല്ലാം പ്രധാനമായി കേരളത്തിലെ കച്ചവടത്തെ കരുതിയാണു്. ഈ യൂറോപ്യൻ ജനതകളുമായി അടുത്ത ബന്ധത്തിൽ വർത്തിക്കുന്നതിനും ആശയവിനിമയം ചെയ്യുന്നതിനും കേരളീയർക്കു കഴിഞ്ഞു. ആംഗ്ലേയരുടെ ആധിപത്യം ഉറച്ചതോടുകൂടെ ആംഗ്ലേയപരിഷ്കാരവും ആദർശങ്ങളും കേരളത്തിൽ വേരൂന്നി. കഴിഞ്ഞ ഏകദേശം രണ്ടുനൂററാണ്ടുകാലംകൊണ്ടു് കേരളീയജീവിതത്തിന്റെ എല്ലാ തുറകളിലും പാശ്ചാത്യാദർശങ്ങൾ പ്രവേശിച്ചു. ആ കൂട്ടത്തിൽ വിദ്യാഭ്യാസപദ്ധതിയിലും ആദർശങ്ങളിലും ബോധനരീതികളിലും വിദ്യാ-

വിഷയങ്ങളിലും അചിരേണ സമൂലമായ ഒരു പരിവൎത്തനവും ഉളവായി. നമ്മുടെ ഭാഷ, മതം, വേഷം, സാഹിത്യം, കല, വാണിജ്യം, വ്യവസായം, കൃഷി, ഭരണം, സാമുദായികപ്രവൎത്തനങ്ങൾ, ജീവിതരീതി, ഭക്ഷണപാനീയങ്ങൾ എന്നിത്യാദി സകല മാൎഗ്ഗങ്ങളിൽക്കൂടിയും പാശ്ചാത്യസമ്പൎക്കം നമ്മുടെ ജീവിതത്തിന്റെ അലകും പിടിയും മാറിക്കഴിഞ്ഞിരിക്കുന്നു.

ലോകത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള ഉൽകൃഷ്ടമായ എല്ലാ സംസ്കാരങ്ങളും കേരളസംസ്കാരത്തിൽ ലയിക്കയും സമ്മേളിക്കയും ചെയ്തിട്ടുണ്ടു്. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ചരിത്രപരമായ വൈശിഷ്ട്യങ്ങളും പ്രകൃതിസിദ്ധമായ മനോഹാരിതയും കൊണ്ടു് അവൎക്കു് നിസ്തുലവും സുന്ദരവുമായ ഒരു സംസ്കാരപാരമ്പൎയ്യം അഭംഗമായും അനസ്യൂതമായും പുലൎത്തുവാൻ കഴിഞ്ഞു. സ്വതേ വിശിഷ്ടമായ ദ്രാവിഡസംസ്കാരവും പ്രശസ്തമായ ആൎയ്യസംസ്കാരവും ആദ്ധ്യാത്മികമായ ബൗദ്ധസംസ്കാരവും കൂടി സമ്മോഹനമായി സമ്മേളിച്ച ഒരു പശ്ചാത്തലത്തിൽ ഈജിപ്ഷ്യൻ. ബാബിലോണിയൻ, സുമേരിയൻ, അറേബിയൻ എന്നീ പ്രാചീനസംസ്കാരങ്ങളും ജഗന്മോഹനമെങ്കിലും കേവലം ഭൗതികമായ ആധുനികപാശ്ചാത്യസംസ്കാരവും, കൂടിച്ചേൎന്ന അന്യാദൃശമായ ഒരു സംസ്കാരമാണു് കേരളീയസംസ്കാരം. ഇത്രയും മഹത്തായ സംസ്കാരങ്ങൾ ഒന്നിച്ചുചേരുവാനുള്ള ഭാഗ്യം ലോകത്തിൽ അധികം രാജ്യങ്ങൾക്കു ലഭിച്ചിട്ടില്ല. കേരളത്തെപ്പോലെ ദീൎഘമായ ഒരു പരിഷ്കാരചരിത്രവും ലോകത്തിൽ അധികംരാജ്യങ്ങൾക്കില്ലതന്നെ. ഇത്രയേറെ മഹിമയേറിയ ഒരു സംസ്കാരപാരമ്പൎയ്യം നമുക്കുണ്ടായിരുന്നെങ്കിലും കേരളം ലോകത്തിനു് അനശ്വരമായ എന്തു സംഭാവന നൽകിയിട്ടുണ്ടു് എന്നു് അൎത്ഥഗൎഭമായ ഒരു പ്രശ്നം ഇനിയും അവശേഷിക്കുന്നുണ്ടുതാനും.

വിജ്ഞാനവും വിദ്യാഭ്യാസവും പരിഷ്കാരവും സംസ്കാരവും എല്ലാം പരസ്പരം ആശയബന്ധമുള്ള പദങ്ങളാണു്. നമ്മുടെ വിദ്യാഭ്യാസചരിത്രം ശരിയായി ഗ്രഹിക്കുന്നതിനു് നമ്മുടെ സംസ്കാരപാരമ്പൎയ്യത്തിന്റെ ഒരു പശ്ചാത്തലം വളരെ സഹായകമായിരിക്കും. പ്രാചീനദ്രാവിഡൎക്കു ലേഖനവിദ്യ വശമായിരുന്നുഎന്നു നാം കണ്ടല്ലോ. അതു അവർ കണ്ടുപിടിച്ചതോ ഈജിപ്തിൽനിന്നോ ഫിനീഷ്യയിൽനിന്നോ കടം വാങ്ങി പരിഷ്കരിച്ചതോ എന്തുമായിക്കൊള്ളട്ടെ. ഗണിതം, ജ്യോതിഷം, വൈദ്യം മുതലായ ശാസ്ത്രങ്ങളിലും സംഗീതാദികലാകളിലും അവൎക്കു അക്കാലസ്ഥിതിയനുസരിച്ചു പ്രഗത്ഭമായ ജ്ഞാനമുണ്ടായിരുന്നു. വിജ്ഞാനത്തിലും വിദ്യാഭ്യാസത്തിലും പ്രഥമസ്ഥാനം അലങ്കരിച്ചിരുന്ന പ്രാചീനപാശ്ചാത്യരാജ്യങ്ങൾ കേരളവുമായി സമ്പൎക്കം പുലൎത്തിയിരുന്നതിനാൽ കേരളത്തിലും അതിപ്രാചീനകാലത്തു പരിഷ്കൃതമായ ഒരു വിദ്യാഭ്യാസരീതി നിലവിലിരുന്നിരുന്നു എന്നു് ഊഹിക്കാം. ആധുനികപാശ്ചാത്യപരിഷ്കാരവും കലാശാസ്ത്രാദികളും ഇന്ത്യയിൽ മറ്റൊരു രാജ്യത്തിനും ലഭിക്കുന്നതിനുമുൻപേതന്നെ കേരളത്തിനു കിട്ടുവാൻ ഇടയായി. ഇന്നു കേരളം, വിശിഷ്യ, തിരുവിതാംകൂർ, കൊച്ചി എന്നീ രാജ്യങ്ങൾ വിദ്യാഭ്യാസവിഷയകമായി ഭാരതത്തിനു മാതൃകയും നേതൃത്വവും നൽകുന്നു എങ്കിൽ അതു നമ്മുടെ സംസ്കാരപാരമ്പൎയ്യത്തിന്റെ കേവലം ഒരു അവകാശം മാത്രമാണു്.

പെനിസില്ലിൻ

ഡാക്ടർ. കെ. മധുസൂദനൻ പണ്ടാല

ക്രിസ്താബ്ദം 1877-ൽ ആണ് ലൂയിപാസ്ചർ എന്ന ഫ്രെഞ്ചു ശാസ്ത്രജ്ഞൻ ആദ്യമായി പകർച്ചവ്യാധികളുടെ ഹേതുക്കൾ അണുജീവികളാണെന്ന് സമർത്ഥിച്ചത്. അന്നു തുടങ്ങി അണുജീവികളുടെ വളർച്ചക്കു പ്രതികൂലമായ പരിതസ്ഥിതികൾ ഉണ്ടാക്കി അവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ള ഔഷധങ്ങൾ—ആൻററിബാക്ടീരിയൽ വസ്തുക്കൾ അല്ലെങ്കിൽ അണുജീവനാശിനികൾ—കണ്ടുപിടിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നുണ്ട്. പാസ്ചറുടെ ഗവേഷണങ്ങൾ കൊണ്ടുതന്നെ വ്യത്യാസങ്ങളായ അണുക്കൾക്കു പ്രതികൂലാവസ്ഥകൾ ഉണ്ടാക്കുന്നതിന് മററു ചില അണുക്കൾക്ക് തന്നെ സാധിക്കും എന്ന് നമുക്കു അറിയാമായിരുന്നു. ആന്ത്രാക്സ് എന്ന രോഗകാരിയായ അണുക്കൾ മററുചില അണുക്കളുടെ സഹവാസത്തിൽനശിച്ച് പോകുന്നതായി അദ്ദേഹം തെളിയിച്ചിരുന്നു. ഇതുപോലെ ഒന്നിലധികം അനുഭവങ്ങൾ പിന്നീടു അറിയാറാകുകയും, ഇതിൽ അന്തർഭവിച്ചിരിക്കുന്ന തത്വം ഒരു ചികിത്സാവിധിയായി ഭാവിയിൽ ഉപയോഗപ്രദമാകുമെന്ന് പല പ്രവചനങ്ങൾ ഉണ്ടായിട്ടുള്ളതുമാണ്. ഇന്നു പെനിസില്ലിൻ അതു തെളിയിക്കുകയും ചെയ്തിരിക്കുന്നു.

ചില ജൈവസംയുക്തങ്ങൾക്കു അണുജീവികളെ നശിപ്പിക്കാൻ ശക്തിയുണ്ട്. കാർബോളിക്കാസിഡ്, അതായതു നാം സാധാരണ ആസ്പത്രികളിൽ ഉപയോഗിച്ചുവരുന്ന 'ലോഷൻ' ഒരു അണുജീവനാശിനിയാണ്. എന്നാൽ അതു അണുക്കളിൽ എന്നപോലെ നമ്മുടെ ദേഹകോശങ്ങളിലും നാശപ്രവർത്തനം വരുത്തുന്ന ഒരു വസ്തുവാണ്. തൻമൂലം ദേഹത്തിൽ പടന്ന് വ്യാധിയെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒരു അണുജീവിയെ നശിപ്പിക്കാൻ കാർബോളിക്കാസിഡ് ഉപയോഗപ്രദമല്ലാ. ദേഹകോശങ്ങളിൽ രക്തവാഹിനികളിൽക്കൂടി എത്തി—രക്തത്തിലാണെല്ലോ രോഗബീജങ്ങൾ ജീവിക്കുന്നതു്—നാശക്രിയ നടത്താവുന്നതും എന്നാൽ ദേഹകോശങ്ങൾക്കു യാതൊരു ഹാനിയുമില്ലാതിരിക്കുന്നതുമായ ഒരു രാസസംയുക്തത്തിനേ ചികിത്സാവിധിയിൽ ഒരു സ്ഥാനമുണ്ടായിരിക്കുകയൊള്ളൂ. ഇപ്പോൾ വളരെ പ്രചാരത്തിൽ എത്തിയിട്ടുള്ള രാസചികിത്സാവിധി—Chemotharapy യുടെ അടിസ്ഥാനം ഈ തത്വമാണ്. കഴിഞ്ഞ പത്തുവർഷങ്ങളായി 'സൾഫാനില മൈഡ്കൾ' എന്ന വർഗ്ഗത്തിൽഒന്നിലധികം രാസസംയുക്തങ്ങൾക്കു ഇങ്ങിനെയുള്ള പ്രവർത്തനശക്തിയുള്ളതായി കണ്ടുപിടിക്കുകയും വളരെയധികം അവയുടെ ഉപയോഗം പ്രചാരത്തിൽ വരികയും, നിരവധി രോഗികൾക്കു ആശാമാർഗ്ഗം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ രാസസംയുക്തങ്ങൾക്കു ഉപായത്തിൽ ഒരു വിഷശക്തി നമ്മുടെ ദേഹകോശങ്ങളുടെ നേർക്കു ഉള്ളതായും അനുഭവപ്പെട്ടിട്ടുണ്ട്. പെനിസില്ലിൻ എന്നസാധനത്തിന് സൾഫാ

നിലമൈസ്കളെപ്പോലെതന്നെ ഒന്നിലധികം അണുക്കളെനശിപ്പിക്കുന്നതിന്ന് കഴിയുന്നുഎന്നതും, ദേഹകോശങ്ങൾക്കു ഒട്ടുംവിഷമയമല്ലാഎന്നതുംആണ് ഏററവും മേന്മയായിരിക്കുന്നതു്. ഈ പ്രവൎത്തനവിശേഷങ്ങൾ കൊണ്ടാണ് അതിന്ന് ഇക്കാലത്തെ "അത്ഭുതൗഷധം" എന്നപേർ സിദ്ധിക്കാനിടയായതു്.

1929-ാമാണ്ടു് ലണ്ടൻ പട്ടണത്തിലുള്ള സെൻറ്മേരീസ് ആശുപത്രിയിലെ കുത്തിവെപ്പ് വിഭാഗത്തിൽ ഒരു ഡാക്ടരായിരുന്ന അലക്സാണ്ടർ ഫ്ളമിങ്ങ് എന്ന ശാസ്ത്രജ്ഞനാണ് ഈ അത്ഭുതൗഷധത്തെ ലോകൎക്ക് നല്കുവാൻ ഭാഗ്യമുണ്ടായതു്. 'സ്റ്റാഫിലോ കോക്കസ്സ്' എന്നറിയപ്പെടുന്നതും, മുറിവു്, ചതവു് ഇവകളിൽ ഉണ്ടാകുന്ന ചലം പഴുപ്പ്, ദുൎഗ്ഗന്ധം ഇവകൾക്ക് ഹേതുവുമായ അണുജീവികളെ ഉപയോഗിച്ചു് അദ്ദേഹം ചില പരീക്ഷണങ്ങൾ നടത്തുന്നുണ്ടായിരുന്നു. ഒരു ദിവസം ഈ അണുജീവികളെ കഷണം (Cultur) ചെയ്തു വച്ചിരുന്ന ഒരു പ്ളേററിൽ യദൃശ്ചയാ കടന്നുകൂടിയ ഒരു ശിലീന്ധ്രം (Fungus=കുമിൾ) വളൎന്നു ചുററുമുണ്ടായിരുന്ന സ്റ്റാഫിലോ കോക്കസ്സിനെ നശിപ്പിച്ചു്, ആ മേഖല അണുശൂന്യമാക്കിത്തീൎത്തിരിക്കുന്നതായി അദ്ദേഹം കാണുകയുണ്ടായി. ഈ കുമിളിനെ "പെനിസില്ലിയാ" എന്ന വൎഗ്ഗത്തിൽപെട്ടതായ 'പെനിസില്ലിയം നൊട്ടാററം' എന്ന കുമിൾആണു എന്നു് അദ്ദേഹം തിരിച്ചറിഞ്ഞു. വായുവിൽനിന്നും പരീക്ഷണവേളയിൽ സമ്പൎക്കം സിദ്ധിക്കാൻ ഇടയായതാണു് അതിൻെറ വളൎച്ചക്കു് കാരണമെന്നു് മനസ്സിലാക്കുകയും, അതിന്റെ വളൎച്ചയിൽ അതുല്പാദിക്കുന്നതായ ഒരു സാധനത്തിന്ന് സ്റ്റാഫിലോ കോക്കസ്സിനെ നശിപ്പിക്കാൻ ശക്തിയുള്ളതായിരിക്കണമെന്നു് ഊഹിക്കുകയും, അതുകാരണമാണ് അതു വളൎന്ന മേഖല അണുശൂന്യമായിത്തീൎന്നതെന്നു് സ്ഥിരപ്പെടുത്തുകയും, ചെയ്യാനിടയായ യാദൃശ്ചികാ വസ്ഥകളാണു്, ഇന്നു് പെനിസില്ലിൻെറ അളവററ ഉപയോഗം നമുക്കു കൈവരുത്തിയതു്. പണ്ഡിതനായ ഫ്ളമിങ്ങ് ഈ പരീക്ഷണം ആവൎത്തിക്കുകയും സ്റ്റാഫിലോ കോക്കസ്സ് കൂടാതെ മററനവധി സാംക്രമികരോഗങ്ങൾക്കു് ഹേതുക്കളായ അണുജീവികളേയും നശിപ്പിക്കുന്നതിനു ഈ കുമിൾ ഉൽപ്പാദിപ്പിക്കുന്ന സാധനത്തിന്ന് ശക്തിയുണ്ടു് എന്നു് ക്ഷണത്തിൽ തെളിയിക്കുകയും ചെയ്തു. കുമിൾ 'പെനിസില്ലിയാ' എന്നവൎഗ്ഗത്തിൽ പെട്ടതായിരുന്നതുകൊണ്ടു് അതുല്പാദിക്കുന്നതും ആൻറ്റിബാക്ടീരിയൽശക്തി കേന്ദ്രീകരിച്ചിരുന്നതുമായ രാസവസ്തുവിന്ന് അദ്ദേഹം 'പെനിസില്ലിൻ' എന്ന പേർകൊടുത്തു.

ഈ കണ്ടുപിടിത്തം യാദൃശ്ചികമായിരുന്നെങ്കിലും, അതിനെ കേവലം ഒരു സാധാരണ സംഭവമായി കരുതാതെ അതിൽ അന്തൎഭവിച്ചിരുന്ന സൂചനയെയും ഭാവിവിജയത്തേയും മനസ്സിലാക്കിയ ആ ഗവേഷണപരിപാടിയെത്തന്നെ തുടൎന്നു, ഫ്ളമിങ്ങ് അത്യധികം ശ്ലാഘ്യതയെ അർഹിക്കുന്നു, എങ്കിലും പെനിസില്ലിൻ എന്ന സാധനത്തിന്ന് അണുജീവി വൎഗ്ഗങ്ങളിൽ ഏതാനും ചിലതിനെ നശിപ്പിക്കുന്നതിന്നെ ശക്തിയൊള്ളൂ എന്നും മററു ചിലവകകളുമായി പ്രവൎത്തനശക്തിയില്ലാ എന്നുമുള്ള വസ്തുതയെയാണു് ഫ്ളമിങ്ങ് അധികം വിലമതിച്ചതു്. ഈ [illegible]വ്യസ്ത പ്രവൎത്തനരീതിയെ അടിസ്ഥാനപ്പെടുത്തി അണുജീവി സങ്കേതങ്ങളെ ശുദ്ധീകരിക്കുന്നതിനും വേൎതിരിച്ചെടുക്കുന്നതിനും ഉതകു

ന്നമാർഗ്ഗങ്ങൾ ആരാഞ്ഞുപോകുന്നതിന് തന്മൂലം അദ്ദേഹം പ്രേരിതനാകുകയും, പെനിസില്ലിന്റെ ഔഷധശക്തികളെ പരാമർശിക്കാതിരിക്കുകയും ചെയ്തതുകൊണ്ടാണ്, 192 -ൽ കണ്ടുപിടിച്ചു എങ്കിലും, ഉടൻതന്നെ ഉണ്ടായിരുന്ന തൽസംബന്ധമായ ഗവേഷണപുരോഗതി കാലദൈർഘ്യം പ്രാപിക്കുന്നതിനിടയായതു്.

ഏഴുവർഷങ്ങൾക്കുശേഷം ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ പ്രൊഫസറായിരുന്ന ഫ്ളോറി എന്ന ശാസ്ത്രജ്ഞൻ തന്റെ സഹപ്രവർത്തകരായ ചെയിൻ, ഫീറ്റ്‌ലി മുതലായവരുമായി പെനിസില്ലിന്റെ ഉൽപാദനം, ശുദ്ധീകരണം, ഔഷധശക്തികൾ എന്നീ വിഷയങ്ങളെപ്പറ്റി ക്രമീകരിച്ചതും വിപുലവുമായ ഒരു ഗവേഷണപദ്ധതി കൈക്കൊണ്ടു. അതേ കുമിൾവർഗ്ഗത്തിൽ പെട്ടതായ ഭ്രബ്രം, ക്രൈസോജിനം എന്നിങ്ങനെ അറിയപ്പെടുന്ന കുമിളുകളും ഏറെക്കുറെ പെനിസില്ലിൻ ഉല്പാദനശക്തിയുള്ളവകൾ തന്നെ എന്നും, എന്നാൽ നൊട്ടാററം എന്ന ജാതിക്കാണ് പെനിസില്ലിൻ ജനിപ്പിക്കുന്നതിന് അധികം കഴിവുള്ളതു് എന്നും അവർ കണ്ടുപിടിച്ചു.

സാധാരണയായി പരീക്ഷണശാലയിൽ അണുക്കൾ, കുമിളുകൾ മുതലായവയെ കർഷണം ചെയ്യുന്നതിന് അതാതിന് യോജിച്ച രോഗദ്രവ്യങ്ങൾ—Culture media—ഉപയോഗിച്ചുവരുന്നു. പെനിസില്ലിയം നൊട്ടാറ്റം എന്ന കുമിൾ വളർച്ചക്ക് യോജിച്ചതായ കർഷകലായനിയിൽ കുമിൾബീജത്തെ കലർത്തുകയാണെങ്കിൽ നാലഞ്ചു് ദിവസത്തിനകം അതു വളർന്ന് ലായനിയുടെ മുകളിൽ പാടപോലെ പരക്കുന്നതു കാണാം. ലായനിയിൽ പെനിസില്ലിൻ ഉണ്ടാവുകയും, പത്തുദിവസത്തിനകം പെനിസില്ലിൻ ശക്തി ഏററവും അധികമായിരിക്കുന്നതായി അറിയുകയും ചെയ്യാം. ഈ അവസരത്തിൽ ചില രാസപ്രയോഗങ്ങൾമൂലം പെനസില്ലിനെ വേർതിരിക്കുന്നതിനും, ഏറെക്കുറെ ശുദ്ധീകരിക്കുന്നതിനും സാധിക്കും. ശുദ്ധീകരണം പൂർത്തിയായാൽ ഒരുഇളം മഞ്ഞനിറമുള്ള സോഡിയസംയുക്തമായൊ കാൽസിയസംയുക്തമായോ നമുക്ക് പെനസില്ലിൻ കിട്ടുന്നതാണ്. ഇങ്ങിനെ കിട്ടുന്നപൊടി ഒരു നേർത്ത ലായനിയായി രോഗിയിൽ കുത്തിവെച്ചാൽ രോഗകാരികളായ ചില അണുക്കളെ—സ്റ്റാഫിലോകോക്കസ്സ്, സ്റ്റ്റെപ്റ്റോകോക്കസ്സ്, ക്ലോസ്റ്റ്ഡിയം മുതലായവയെ—രക്തത്തിൽനിന്നും നശിപ്പിച്ചു് നിർമാർജ്ജനം ചെയ്യാൻ സാധിക്കുന്നതായും ഓക്സ്ഫോർഡ് ഗവേഷകന്മാർ കണ്ടുപിടിച്ചു.

രാസസംയുക്തങ്ങളുടെ ഔഷധശക്തി പരിശോധിക്കുന്നതിന് പരീക്ഷണശാലയിൽ, ഗിനിപിഗ്ഗ്, വെള്ളെലി, മുയൽ, പ്രാവ്, പൂച്ച, പട്ടി മുതലായ ജന്തുക്കളെ ഉപയോഗിച്ചുവരുന്നു. ഏതാനും ജന്തുക്കളിൽ, ഒരുപ്രത്യേകരോഗകാരിയായ അണുക്കളെ കുത്തിവെക്കുന്നതായാൽ ഇവകൾ ക്രമേണ രോഗത്തിന് വിധേയരാകുകയും കുത്തിവെച്ച അണുക്കളുടെ ശക്തി, അളവ്, ഇവയനുസരിച്ചു് ഏതാനും ദിവസങ്ങൾക്കുള്ളിൽ അവ മരിച്ചു് പോകുകയും ചെയ്യുന്നു. ഇങ്ങിനെ കുത്തിവെയ്ക്കുന്ന ചിലതിന് ഔഷധശക്തി പരിശോധിക്കപ്പെടേണ്ട സാധനം ഒരു നേർത്ത ലായനിയായി കുത്തിവെക്കുകയും, അങ്ങിനെ കുത്തിവെയ്ക്കപ്പെട്ടവ ക്രമേണ സുഖം പ്രാപിച്ചു വരുകയും ഔഷധലായനി കുത്തിവെയ്ക്കാത്തവ മരിക്കുകയും ചെയ്താൽ ആ പ്രത്യേക ഔഷധസാധനത്തിന്റെ ചികിത്സാകഴിവി

നെപ്പററി തെളിവു വേറെ ആവശ്യമില്ലല്ലൊ. ഈ മാറ്റം തന്നെയാണു് ഓക്സ്ഫോർഡിൽ പെനിസില്ലിന്റെ ചികിത്സാ സാദ്ധ്യതകൾ പരിശോധിക്കുന്നതിനു ഉപയോഗിക്കപ്പെട്ടതു്. ജന്തുക്കളിൽ ഉള്ള ഔഷധസാദ്ധ്യത വെളിപ്പെട്ടു കഴിഞ്ഞാൽ, ആ സാധനത്തിനു് മനുഷ്യന്റെ ദേഹകോശങ്ങളിലും, വിഷപ്രവർത്തനമില്ലാഎന്നും, മനുഷ്യദേഹത്തിൽത്തന്നെ തുടൻ പരിശോധനകൾ നടത്തുന്നതിനു് സംശയിക്കേണ്ടാ എന്നും തെളിയുന്നു.

സ്റ്റാഫിലോ കോക്കസ്സ് എന്ന അണുജീവിയുടെ സമ്പർക്കം കൊണ്ടു വിഷമയം ബാധിച്ച രക്തം മൂലം അതിപരവശാവസ്ഥയിൽ എത്തിയിരുന്ന ഒരു പോലീസ് ഉദ്യോഗസ്ഥനാണു് ആദ്യം പെനിസില്ലിൻ ചികിത്സക്കു വിധേയനായതു്. അയാളുടെ സുഖക്കേടു അപായാവസ്ഥയിൽ എത്തിയിരുന്നു എങ്കിലും പെനിസില്ലിൻ ചികിത്സയിൽ അയാൾ ക്രമേണ സുഖംപ്രാപിച്ചുവന്നു. എന്നാൽ ചികിത്സതുടൻ നടത്തുന്നതിനു് ആവശ്യമുണ്ടായിരുന്നിടത്തോളം പെനിസില്ലിൻ കൈവശമില്ലാതിരുന്നതു കാരണം ചികിത്സതുടരുവാൻ നിവൃത്തിയില്ലാതാവുകയും ഒരാഴ്ചക്കുശേഷം രോഗം പെട്ടെന്നു് കൂടി അയാൾ മരിച്ചുപോകയും ചെയ്തു. പ്രഥമചികിത്സാഫലം അസ്ഥാനത്തിലായി എന്ന ഇച്ഛാഭംഗം ഫ്ളോറിക്കും സഹപ്രവർത്തകർക്കും ഉണ്ടായിരുന്നുഎങ്കിലും പെനിസില്ലിന്റെ ഔഷധശക്തി, ചികിത്സാ കഴിവുകൾ അതിനുണ്ടാകാൻപോകുന്ന ഭാസുരഭാവി ഇതുകളെപ്പററി അവർക്കു ശരിയായ അറിവും തൃപ്തിയും ഉണ്ടായിരുന്നു. നേരെമറിച്ചു ശ്വാസകോശങ്ങൾക്കു് വളരെ തരക്കേടു സംഭവിച്ചു് ശ്വാസകോശങ്ങളിൽ മൂന്നുനാലു ദ്വാരങ്ങൾ ഉണ്ടായിരുന്ന അപായാവസ്ഥയിൽ എത്തിയിരുന്ന ഒരു രോഗിയെ സെന്റ് മേരിസ് ആശുപത്രിയിൽ കിടത്തി പെനിസില്ലിൻ ചികിത്സ ചെയ്തതിൽ അത്ഭുതകരമായ ആശ്വാസം അയാൾക്കു കിട്ടിയതായും ഇന്നു് അയാൾ ആരോഗ്യവാനായി തന്റെ കൃത്യങ്ങൾ നടത്തുന്നതായും ഒരു ഉദാഹരണം സർ ഫ്ളെമിങ്ങ് വളരെ കൃതാർത്ഥതയോടുകൂടി റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. ഇതായിരുന്നു പെനിസില്ലിൻ ചികിത്സയിൽ അദ്ദേഹത്തിന്റെ ആദ്യത്തെ അനുഭവം എന്നോർക്കുമ്പോൾ അദ്ദേഹത്തിന്റെ സന്തോഷം അസ്ഥാനത്തിലല്ലല്ലോ.

യുദ്ധം ഗൌരവാവസ്ഥയെ പ്രാപിച്ചുവന്നിരുന്ന ഈ സമയം യുദ്ധൌഷധങ്ങളിൽ ഒരുയന്ന സ്ഥാനം പ്രാപിക്കുവാൻ ഇടയുള്ള ഒരു വസ്തുവാണു് പെനിസില്ലിൻ എന്നു മനസ്സിലാക്കിയ അമേരിക്കയിലെ റോക്കഫെല്ലർ ഗവേഷണസമിതി, ഫ്ളോറിയേയും സഹപ്രവർത്തകനായ ഹീററലിയേയും, ശത്രുനിരോധനഭയം കൂടാതെ സമാധാനമായി ഗവേഷണം തുടരുന്നതിനു അമേരിക്കക്കു ക്ഷണിച്ചു. 1941 ജൂലൈ മാസത്തിൽ ഇവർ രണ്ടുപേരും അമേരിക്കയിൽ ഇല്ലിനോയിസ്സ് എന്ന ഡിസ്ത്രിക്ടിൽ പിയോറിയാ എന്ന പട്ടണത്തിൽ സ്ഥിതിചെയ്തിരുന്ന അമേരിക്കൻ കൃഷി ഡിപ്പാട്ടുമെന്റ് വക ഉത്തരപ്രാദേശിക ഗവേഷണശാലയിലാണു് അവരുടെ ഗവേഷണം തുടന്നതു്. ഐക്യനാടുകളിലെ കാർഷിക വകുപ്പിനു് പുറമെ പലേ ഗവേഷണ സമിതികളും സർവ്വകലാശാലകളും പിയോറിയായിൽ സമാരംഭിച്ച പെനിസില്ലിൻ ഗവേഷണങ്ങളുടെ വിജയത്തിനായി അവരുടെ സകല വിഭവങ്ങളും ഇവർക്കു് സംഭാവനചെയ്തു. വലിയതോതിൽ പെൻസില്ലിൻ ഉണ്ടാക്കുക,

പെനിസില്ലിന്റെ ശുദ്ധീകരണക്രമങ്ങൾ, ചികിത്സയിൽ പെൻസില്ലിന്റെ സ്ഥാനം, പരിമിതി മുതലായവയായിരുന്നു പ്രധാന ഗവേഷണപ്രശ്നങ്ങൾ. ഈ സംരംഭത്തിന്റെ ഫലം വളരെ തൃപ്തികരമായ ഒന്നായിരുന്നു. യുദ്ധഭൂമിയിൽ ആവശ്യമുള്ള പെനിസില്ലിൻ അപ്പഴപ്പോൾ എത്തിച്ചുകൊടുത്തിരുന്നതു കൂടാതെ, ഏതാനും ആശുപത്രികളിലെ അത്യാവശ്യങ്ങൾ നിറവേററുവാനും സാധിച്ചിരുന്നു.

യുദ്ധകാല നിരോധനങ്ങൾക്ക് വിധേയമാക്കിയിരിക്കുന്നതുകൊണ്ട് പെനിസില്ലിൻ നിമ്മാണ വിധങ്ങളെപ്പററി സൂക്ഷ്മമായ അറിവ് ഇനിയും നമുക്ക് ലഭ്യമായിട്ടില്ലാ എങ്കിലും ഉപയോഗത്തിലിരിക്കുന്ന ഏതാനും ഉൽപാദനമാഗ്ഗങ്ങളിൽ അടങ്ങിയിരിക്കുന്നതത്വം എന്താണെന്ന് നമുക്ക് അറിയാം. ആറേഴുവിധത്തിൽ ഇപ്പോൾ പെനിസില്ലിൻ ഉണ്ടാക്കിവരുന്നുണ്ട്. സപ്പെക്, ഡോക്സ് എന്ന ശാസ്ത്രജ്ഞന്മാർ പരീക്ഷണശാലയിൽ പെനിസില്ലിയം നൊട്ടാററം എന്ന കുമിളിനെ വളത്താൻ ആദ്യമായി ഉപയോഗിച്ച കഷ്ണലായനിയുടെ ചില ചില്ലറ വകഭേദങ്ങൾമാത്രമാണ് ഇപ്പോഴും പ്രധാനമായി ഉപയോഗിച്ചു വരുന്നത്. ഇതിൽ സ്വല്പം ഗ്ലൂക്കോസ്, നൈട്രേററ്, ഫോസ്ഫേററ്, പൊട്ടാസിയം, മഗ്നീസിയം ഇരുമ്പ് ലവണങ്ങൾ എന്നിവ വെള്ളത്തിൽ ലയിപ്പിച്ച് ചേത്തിരിക്കുകയാണ്. ഈ ലായനി ഗ്ലാസ്കുപ്പികളിൽ പകന്ന്, കുപ്പികൾ ആട്ടോക്ലേവ് ചെയ്തശേഷം—ഒരു 20 പൌണ്ട് ആവി മർദ്ദത്തിൽ 20 മിനിട്ട് നേരം ചൂട് പിടിപ്പിച്ച്, അണുവർഗ്ഗത്തെ ഇല്ലായ്മ ചെയ്യുന്നതിനാണ് ആട്ടോക്ലേവ് ചെയ്യുക എന്നു പറയുന്നത്—കുമിൾ ബീജത്തെ കുപ്പിയിൽ കലത്തുന്നു. 240 ഉഷ്മാവിൽ ഏഴെട്ട് ദിവസം വെച്ചിരിക്കുമ്പോൾ ലായനിയുടെ മുകളിൽ കട്ടിയായി പച്ചനിറത്തിൽ പാടപോലെ കുമിൾ വളന്ന് പരക്കുന്നു. ഈ പാടയുടെ ഇടയിൽ ചിലടത്ത് സ്വണ്ണനിറത്തിൽ പെനിസില്ലിൻ ശക്തികൂടിയിരിക്കുന്ന ബിന്ദുക്കൾ ഉണ്ടായിട്ടുള്ളതായി കാണാം. കുപ്പിയുടെ ഉള്ളിലുള്ള ഹൈഡ്രജനയോൺ ശക്തി മാറിക്കൊണ്ടിരിക്കുന്നു. അത് ഏഴോ സമീപത്തിലൊ ആയിരുന്നാൽ കുമിൾ സമുൽഭവിപ്പിക്കുന്ന പെനിസില്ലിന്റെ അളവ് ഏററവും കൂടിയിരിക്കും. ധാന്യങ്ങൾ കുതുത്തവെള്ളം, ഗ്ലൂക്കോസിന് പകരം ശക്കര ഇവ കുമിൾ വളർച്ചക്കു കൂടുതൽ യോജിച്ചതാണെന്നും കണ്ടിട്ടുണ്ട്. കഷ്ണലായനിയിൽ ഇവ ചേത്താൽ കുമിൾവളച്ച്യും അതിനെ അപേക്ഷിച്ച്. പെനിസില്ലിൻ ഉൽപാദനവും പ്രയോജനമായ ഒരു തോതിൽ വദ്ധിപ്പിക്കാമെന്നും ഇങ്ങിനെ ഉൽപാദിക്കുന്ന പെൻസില്ലിൻ ശക്തി, കഷ്ണലായനിയെ അവസ്യന്ദനം ചെയ്ത് പരിശോധിച്ചാൽ ഒരു സി-സിക്ക് ഇരുനൂറൊ അതിലധികമൊ യൂണിററ് വരെ എത്തുന്നതായും കണ്ടിട്ടുണ്ട്.

ഈ ഉല്പാദനരീതിക്ക് അധികം സ്ഥലവും ശ്രമവും ആവശ്യമായതുകൊണ്ട് ഇതേതത്വംതന്നെ ആസ്പദമാക്കി കൂടുതൽ വ്യാപ്തങ്ങളുള്ള വീപ്പകളൊ, പാത്രങ്ങളൊ ഉപയോഗിച്ചുവരുന്നുണ്ട്. ഈ പാത്രങ്ങളിൽ കഷ്ണലായനി പകന്ന്, വായുവോ ഓക്സിജനൊ കുമിളിപ്പിച്ചുകൊണ്ടിരുന്നാൽ പുറമെനിന്നും ഇതരഅണുജാലങ്ങൾ അകത്ത് കടക്കാതിരിക്കുന്നിടത്തോളം, പെനിസില്ലിൻ ധാരാളമായി ഉണ്ടാകുന്നു. കുമിൾ വളർച്ചയും പെനിസില്ലിൻ ശക്തിയും ഏററവും അധികരിച്ചിരിക്കുമ്പോൾ ഈ പാത്രങ്ങളിൽ ഉള്ള

ലായനിയെ അരിച്ചോ സെൻട്രിഫ്യൂജ്, ചെയ്തോ കുമിൾഭാഗത്തെ മുഴുവൻ മാററി പെനിസില്ലിൻ അടങ്ങിയിരിക്കുന്ന നേർത്ത ലായനി വേർതിരിച്ചെടുക്കാം. ഇപ്പോൾ ഉണ്ടാക്കുന്ന ഒട്ടധികം വ്യാവസായിക പെനിസില്ലിനും ഈമാതിരിയാണ് തയാറാക്കുന്നതു്. തവിട്ട് കുമിൾ വളർച്ചക്ക് യോജിച്ച ഒരു സാധനമാണ്. തവിടും പോഷകലായനിയും— (കഷ്ണലായനിയിൽ അടങ്ങിയിരിക്കുന്ന രാസസംയുക്തങ്ങൾ പോഷകസാധനങ്ങളായതുകൊണ്ടു് കഷ്ണലായനിയെ പോഷകലായനി എന്നും പറയാം)—കൂടികലർത്തി ഒരു ഘന മിശ്രിതമായി പരന്ന കുപ്പികളിലൊ, യന്ത്രസഹായത്താൽ ചുററിക്കൊണ്ടിരിക്കുന്ന കുഴലുകളിലൊ ഇട്ട് കുമിൾബീജത്തെ പാകുക. കഴിയുന്നതും ഇതര അണുസങ്കേതങ്ങളുടെ സമ്പർക്കത്തിന് ഇടകൊടുക്കരുതു് എന്നതു് പ്രത്യേകം ശ്രദ്ധിക്കണം. 24° ഊഷ്മാവിൽ ഈ പാത്രങ്ങളെ അടുക്കിവയ്ക്കണം. 6 ദിവസത്തിനകം കുമിൾ നല്ലവണ്ണം വളർന്നിരിക്കുന്നതും ദിവസേന വളർച്ച സമൃദ്ധിയാകുന്നതും നമുക്കു കാണാം. പത്തോ പന്ത്രണ്ടോ ദിവസത്തിനുള്ളിൽ ഇതിൽ പെൻസില്ലിൻ ധാരാളമായി ഉണ്ടായിക്കഴിഞ്ഞിരിക്കുകയും അപ്പോൾ അതു് എടുത്തു് ഏതാനും രാസക്രിയകൾ ചെയ്തു് പെനിസില്ലിനെ വേർതിരിച്ചെടുക്കുകയും ചെയ്യാം.

ചികിത്സയ്ക്കു് ഉപയോഗിക്കാനുള്ള പെനിസില്ലിൻ നല്ലവണ്ണം ശുദ്ധീകരിക്കേണ്ടതായിട്ടുണ്ടു്. സമതഫക്കരി—activated charcoal—പെനിസില്ലിനെ നല്ലവണ്ണം ആഗിരണംചെയ്യുന്നതിന് ശക്തിയുള്ള ഒരു സാധനമാണ്. കരിയിൽകൂട്ടി പെനിസില്ലിൻ അടങ്ങിയിരിക്കുന്ന കർഷണലായനിയെ അരിക്കുമ്പോൾ പെനിസില്ലിൻ മുഴുവൻ കരിയിൽ ആഗിരണംചെയ്യപ്പെടും. അങ്ങിനെ ആഗിരണംചെയ്യപ്പെട്ട പെനിസില്ലിനെ ജൈവലായകങ്ങൾ ഉപയോഗിച്ച് ശുദ്ധമാക്കാം. അസിറേറാൺ, അമൈൽ ആസിറേററു്, ക്ലോറോഫാറം മുതലായ ജൈവലായകങ്ങൾ ഇതിനായി വളരെ ഉപയോഗിച്ചു വരുന്നു. പെനിസില്ലിൻ പ്രായേണ ഒരു അസ്ഥിര unstable- വസ്തുവായതുകൊണ്ടു് ശുദ്ധീകരണക്രിയകൾ താഴ്ന്ന ഊഷ്മാവിൽ ചെയ്യേണ്ടതു അത്യാവശ്യമാണ്. ശുദ്ധമാക്കി എടുക്കുന്നതിനുമുമ്പ് അതു ലയിച്ചിരിക്കുന്ന ലായനിയുടെ ഹൈഡ്രജൻ അയാൺശക്തി ക്രമീകരിക്കേണ്ടതും പ്രധാനമായ ഒരു സംഗതിയാണ്. ശുദ്ധപെനിസില്ലിൻ ഒരു ജൈവാമ്ലമാണ്. ഈ വസ്തുതയെ അടിസ്ഥാനപ്പെടുത്തി അതിനെ അതിൻെറ സോഡിയസംയുക്തമായൊ കാൽസിയസംയുക്തമായൊ പരലാക്കി എടുക്കാം. ഈർപ്പംതട്ടുന്നതിനിടയായാൽ പെനിസില്ലിൻലവണങ്ങൾ അലിയുകയും അസ്ഥിരമാകുകയും ചെയ്യുന്നുഎന്നുള്ളതുകൊണ്ടു് ഈർപ്പംതട്ടാതെ ശ്രദ്ധയായി അതിനെ സൂക്ഷിക്കണം. ശൂന്യമണ്ഡലത്തിൽവച്ചു് ഈർപ്പം മാററിയശേഷമെ വ്യവസായപെനിസില്ലിനെ വെച്ചേക്കാവൂ. ഈ ക്രിയകൾക്കുശേഷം കിട്ടുന്ന പൊടിയാണ് നാം ഇപ്പോൾ കടയിൽനിന്നും വാങ്ങുന്ന 'വ്യാവസായിക പെനിസില്ലിൻ. ഇതിനു് ഒരു സ്വർണ്ണനിറമായിരിക്കും. ഒരു മില്ലിഗ്രാം ഭാരത്തിൽ 350 യൂണിററു് പെനിസില്ലിൻ അടങ്ങിയിരിക്കും. ഏകദേശം 80 % ശുദ്ധമായ ഈ പെനിസില്ലിൻ ചെറിയ ഗ്ലാസ്കുപ്പികളിൽ റബ്ബർ അടപ്പുകൊണ്ടു് അടച്ചു് സൂക്ഷിക്കപ്പെടുന്നു. 4° ഊഷ്മാവിനു് താഴെ നില്ക്കത്തക്കവണ്ണം ശരിപ്പെടുത്തിയിട്ടുള്ള പെട്ടിയിൽ

Refrigerator-ൽ വേണം ഈ പെനിസിലിൻ സൂക്ഷിക്കേണ്ടതു്. ക്രൊമറേറാഗ്രാഫി എന്ന നവീന ശുദ്ധീകരണരീതിയിലും പെനിസില്ലിൻ ഇപ്പോൾ ശുദ്ധീകരിച്ചുവരുന്നുണ്ടു്.

അമേരിക്കയിലാണു് പെനിസില്ലിൻ വ്യവസായം വൎദ്ധമാനമായി പുരോഗമിച്ചു് വരുന്നതു്. പെയിത്തു്, ലാറോഷ്, ഫൈസർ മെർക്കു്, ഫെഡറൽ ഷെൻലി, സ്ക്വിബ്ബ് പിൻജോപ്പു് ആബട്ടു് ഹെയ്ഡൻ മുതലായ പ്രസിദ്ധ അമേരിക്കൻ വ്യവസായ പ്രമുഖന്മാർ പെനിസില്ലിൻ ഉൽപാദനം, പെനിസില്ലിൻ ഗവേഷണം ഇവക്കായി നിരവധിദ്രവ്യം ചെലവു്ചെയ്തുവരുന്നു. അമേരിക്കൻ സർവ്വകലാശാലകൾ പെനിസില്ലിൻ വ്യവസായത്തെ പുഷ്ടിപ്പെടുത്തുന്നതിനും നിൎമ്മാണമടങ്ങു് വൎദ്ധിപ്പിക്കുന്നതിനും അതിരററു് ശ്രമിച്ചുവരുന്നു. അമേരിക്കൻ ശാസ്ത്രീയ ഗവേഷണ സമിതികൾ പെനിസില്ലിൻെറ ഭാവിയെ കൂടുതൽ പ്രയോജനക്ഷമമാക്കുന്നതിനു് പണവും പുരുഷശക്തിയും ഒട്ടും കുറവല്ലാ ഉപയോഗിച്ചു വരുന്നതു്. ഉൽപാദനത്തിലും ശുദ്ധീകരണത്തിലും വരുത്താൻ സാധിച്ചിട്ടുള്ള പരിഷ്കാരങ്ങളുടെ ഫലമായി 194[illegible] ജൂലൈ മാസത്തിൽ 1,0000 യൂണിററുകൾക്കു് 20 ഡാളർ വിലയായിരുന്ന പെനിസില്ലിനു് [illegible]45ൽ 2·4 ഡാളർ മാത്രമാണു് വില. അധികം താമസിയാതെ പെനിസില്ലിൻെറ രാസഘടനയെപ്പററി നമുക്കു് സൂക്ഷ്മമായ അറിവു് ഉണ്ടാവുകയും, അതിനെ പരീക്ഷണശാലയിൽ ഉണ്ടാക്കുന്നതിനു് സാദ്ധ്യമാവുകയും തന്മൂലം എല്ലാ ആവശ്യങ്ങൾക്കും ലോഭംകൂടാതെ കിട്ടിവരുമെന്നു് പ്രത്യാശിക്കുകയും ചെയ്യാവുന്നതാണു്.

യുദ്ധകാലനിരോധനം മൂലം പെനിസില്ലിൻെറ രാസഘടന രാസപ്രവൎത്തനങ്ങൾ മുതലായവയെപ്പററി ഓക്സു് ഫോർഡിൽ എബ്രഹം, ബേക്കർ, സർ റോബർട്ട്റോബിൻസൺ ഇവർ ചെയ്തിട്ടുള്ള വിപുലഗവേഷണങ്ങളുടെ ഫലങ്ങൾ ഇനിയും പ്രസിദ്ധീകൃതമായിട്ടില്ലാ. തന്മൂലം നമ്മുടെ ഇവയെപ്പററിയുള്ള അറിവു് പരിമിതമാണെങ്കിലും പെനിസില്ലിൻെറ ഘടന $C_{14}H_{20}O_{4}N_{2}S$ ആണെന്നും "തയാസോൺ ഓക്സാസോഘലോൺ" എന്ന രാസനാമത്താൽ അതിനെ അറിയപ്പെടേണ്ടതാണെന്നും വെളിപ്പെടുത്തിയിട്ടുണ്ടു്. പെനിസില്ലിൻതന്മാത്രം വളരെ അസ്ഥിരതയുള്ളഒന്നും. സ്ഥിരതക്കു് ഹൈഡ്രജനയാൺ ശക്തിയുടെ 6-7 എന്നതിൽ നിന്നും അങ്ങോട്ടുമിങ്ങോട്ടുമുള്ള മാററം സാരമായി ബാധിക്കും എന്നും കണ്ടിട്ടുണ്ടു്. പരിശുദ്ധ പെനിസില്ലിനു് നിറമില്ലാ. അതിലടങ്ങിയിരിക്കുന്ന മലിനതയെ അപേക്ഷിച്ചു് ചിലപ്പോൾ ഒരുഇളം മഞ്ഞനിറം ഉണ്ടായിരിക്കും. അതു വെള്ളത്തിൽ എളുപ്പം ലയിക്കുന്നു. 8ഡിഗ്രി ഊഷ്മാവിൽ ഒരു വൎഷത്തിനുമേൽ വെച്ചിരുന്നാലും അതിൻെറ ശക്തി ക്ഷയിക്കുന്നില്ലാ. 25 ഡിഗ്രിക്കും 37 ഡിഗ്രിക്കും നടുവിൽ സൂക്ഷിച്ച ചില സാമ്പിളുകൾ ശക്തിയെ പുലൎത്തുന്നതായും ചിലതുകൾ ശക്തി ക്ഷയിച്ചുപോയതായും വെളിവാക്കി. 56 ഡിഗ്രിയിൽ ശക്തി തീരെ ഇല്ലാതാകുന്നു. എന്നാൽ ശുദ്ധസോഡിയം പെനിസില്ലിൻപരലുകൾ നൂറു് ഡിഗ്രിയിൽ രണ്ടുമണിക്കൂർ ചൂടു് പിടിപ്പിച്ചിട്ടും ശക്തിയെ പുലൎത്തുന്നതായി കണ്ടു. സോഡിയലവണമായൊ കാൽസീയലവണമായൊ ആണു് വ്യവസായിക പെനിസില്ലിൻ വില്ക്കപ്പെടുന്നതു് എന്നു് പറഞ്ഞുവെല്ലൊ. ഇതിനെ പെനിസില്ലിൻ "ജി" എന്നും പറയുന്നുണ്ടു്. പലവിധത്തിൽ ഉണ്ടാക്കിയെടുക്കുന്ന പെനി

സില്ലിന്റെ പ്രവൎത്തനങ്ങളിൽ അല്പസ്വല്പം വ്യത്യാസങ്ങൾ ഉള്ളതായി കാണുന്നതുകൊണ്ടു്, അതനുസരിച്ചു പെനിസില്ലിൻ "എക്സ്" എന്നും പെനിസില്ലിൻ "എഫ്" എന്നും അങ്ങിനെ ആകെ മൂന്നു തരത്തിൽ പെൻസില്ലിനെ ഇപ്പോൾ തരംതിരിക്കുന്നുണ്ടു്. എന്നാൽ ഇതുമൂന്നും ഒരേ ഒരു സാധനവും ഒരേ ഔഷധശക്തിയുള്ളതും ആണു് എന്നതു് നിൎവ്വിവാദമാണു്. അതുകൊണ്ടു് ഭാവിഗവേഷണം ക്ലിപ്തമായി ഒന്നു സ്ഥാപിക്കുന്നതുവരെ ഈ തരംതിരിക്കലിനെപ്പററി അത്ര ഗൌനിക്കാനില്ലാ. ഈ മൂന്നിൽ ആദ്യത്തേതു്, അതായതു് സോഡിയം പെനിസില്ലിൻ ജീയെയാണു് സൎവ്വരാഷ്ട്രീയ സ്ഥിരമാത്രകയായി ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതു്. ഇതിന്റെ 0·6 മൈക്രൊഗ്രാം ആണു് ഒരു സവ്‌രാഷ്ട്രീയ യൂണിററായി വെച്ചിരിക്കുന്നതു്.

പെനിസില്ലിന്റെ ചികിത്സാശക്തികളെപ്പററി ഇപ്പോൾ നമുക്കു് വളരെ അറിയുവാൻ സാധിച്ചിട്ടുണ്ടു്. പെനിസില്ലിൻ രക്തത്തിൽ ചെന്നെത്തിയാൽ രക്തത്തിനെ ഒരു രാസപ്രവൎത്തനത്തിലും അതു് ഏർപ്പെടുത്തുന്നില്ല. അതുകൊണ്ടാണു് അതിനു് രക്തത്തിൽക്കൂടി ദേഹത്തിന്റെ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ചു് അണുനാശന പ്രവൎത്തനങ്ങൾ ചെയ്യാൻ സാധിക്കുന്നതു്. കുത്തിവയ്പുകൊണ്ടാണു് പെനിസില്ലിനെ രക്തത്തിൽ എത്തിക്കുന്നതു്. Intravenous Intra muscalar, Intra theccal, Intra cramial subcatuneous. ഇങ്ങിനെ നിലവിലുള്ള എല്ലാ കുത്തിവെയ്പു മാൎഗ്ഗങ്ങളും ഉപയോഗിച്ചു വരുന്നുണ്ടു്. രക്തത്തിൽ കഴിയുന്നതും അധികംനേരം അതിനെ സ്ഥിതിചെയ്യിക്കുക എന്നതാണു് ഈ പലവിധങ്ങളിൽ ഉള്ള കുത്തിവെയ്പിന്റെ ഉദ്ദേശം. അതിന്റെ ലേയത്വം വളരെ അധികമായതുകൊണ്ടും മൂത്രാശയങ്ങൾ ഇടപെട്ടു് അതിനെ വേഗത്തിൽ പുറത്തേക്കു് കളയുന്നു എന്നതുകൊണ്ടും രക്തത്തിൽ വേണ്ട പ്രവൎത്തനസമയം കൊടുക്കേണ്ടതാവശ്യമാണു്. സ്വേദനം ചെയ്യപ്പെട്ട വെള്ളത്തിലൊ, 5% ഡെക്ക്സ്ട്രോസ്സ് ലായനിയിലൊ, സലയിനിലൊ ലയിപ്പിച്ചാണു് പെനിസില്ലിൻ കുത്തിവെയ്പു് നിൎവ്വഹിക്കപ്പെടുന്നതു്. ദേഹത്തിൽ ആഗിരണം ചെയ്യുന്നതിനും പ്രവൎത്തനസമയം അധികമാക്കുന്നതിനുമായി ഇപ്പോൾ Pea nut oilലൊ, Bee's waxലൊ പെൻസില്ലിൻ കലൎത്തി കുത്തിവെക്കുന്നുണ്ടു്. മററു് മരുന്നുകളെപ്പോലെ വായിൽക്കൂടി സേവിക്കുന്നതിനു് തക്കവണ്ണം പെനിസില്ലിനെ ആക്കിത്തീൎക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നുണ്ടു്. സാധാരണപോലെ സേവിച്ചാൽ കുടലിൽനിന്നും രക്തത്തിലേക്കു് ആഗിരണംചെയ്യുന്നതിനുമുമ്പു് വിസൎജ്ജിക്കപ്പെട്ടുപോകുന്നതുകൊണ്ടാണു് അങ്ങിനെ ചെയ്യാൻ സാധിക്കാത്തതു്. ഗാസ്ട്രീക്കു ജൂസിലുള്ള ഹൈഡ്രോക്ലോറിക്കാസിഡ് അതിനെ നശിപ്പിക്കുകയും ചെയ്യാനിടയുണ്ടു്. കൂടാതെ അത്രയ്ക്കു ആവശ്യമുള്ളിടത്തോളം പെനിസില്ലിൻ ഇപ്പോൾ കിട്ടാനും വിഷമമാണു്. പെനിസില്ലിന്റെ ചികിത്സാ മാത്രകൾ ക്രമീകരിക്കപ്പെടേണ്ടതായുണ്ടു്. ഒരു സി. സി. പീനട്ടു് എണ്ണയിൽ 300000യൂണിററു് പെനിസില്ലിൻ ലയിപ്പിച്ചു ചേൎക്കാൻ സാധിക്കും. ഈ ഒരു സി. സി ദേഹത്തിൽ കുത്തിവെച്ചാൽ 24 മണിക്കൂർ നേരത്തേക്കു രക്തത്തിൽ പെനിസില്ലിൻ ഉണ്ടായിരിക്കും. വളരെ കലശലായ രോഗങ്ങൾക്കു 4000 -200000 യൂണിററുവരെ ഒരു ദിവസം ദേഹത്തിൽ ചെലുത്താം. ഇടവി

ഖാതെ പെനിസില്ലിൻ ദേഹത്തിൽ കടത്തിക്കൊണ്ടിരിക്കത്തക്കവണ്ണം ഒരുമാതിരി കുത്തിവെയ്പ്പ നടത്തി നോക്കിയിട്ടുണ്ടു് എന്നല്ലാതെ അതിന്നു പ്രചാരം വന്നിട്ടില്ലാ.

സാധാരണ ഉപയോഗത്തിലിരിക്കുന്ന രാസചികിത്സാ സംയുക്തങ്ങളെ പോലെ പെനിസില്ലിന്നു് ദേഹകോശങ്ങളിൽ വിഷശക്തിയില്ലാ എന്നുള്ളതും, അവകളെക്കാൾ തുലോം അണുജീവപ്രതികൂലശക്തി കൂടുതൽ ഉള്ളതുമാണു് പെനിസില്ലിന്റെ വിലയേറിയ മേന്മ, (pus) പഴുപ്പിനാകട്ടെ, രക്തത്തിനാകട്ടെ പെനിസില്ലിനിൽ ഒരു പ്രവൎത്തനവുമില്ലാ. സൾഫാനില മൈഡ് വൎഗ്ഗങ്ങളിൽപ്പെട്ട സംയുക്തങ്ങളുമായി ഒരു പ്രധാനവ്യത്യാസം പെനിസില്ലിന്നുള്ളതു ഇതാണു്. അധികകാലതാമസം കൂടാതെ സൾഫാനില മൈഡ്ഔഷധങ്ങൾ എന്നപോലെ തന്നെ പെനിസില്ലിനും പലതരത്തിൽ പലേ ചികിത്സകൾക്കായി കുറഞ്ഞ വിലക്കു നമുക്കു സുലഭമായി കിട്ടും എന്നതിന്നു സംശയമില്ലാ. മുറിവു്, ചതവു് മുതലായവയിൽവെച്ചു കെട്ടുന്നതിനും, പല്ലു് വേദനക്കു ഉപയോഗിക്കുന്നതിനും ഓയിൻറ്മെൻറുകൾ നിൎമ്മിക്കുന്നതിനും മററു ചില്ലറ ആവശ്യങ്ങൾക്കും പെനിസില്ലിൻ ഇപ്പോൾതന്നെ ധാരാളമായി ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ടു്.

പ്രധാനമായി അണുജീവനാശിനി എന്ന നിലയിലാണു് അതിന്റെ പ്രവൎത്തനം. എല്ലാത്തരം അണുക്കളേയും അതു നശിപ്പിക്കുന്നില്ലാ ചിലതരം അണുജീവികളിൽ അതിന്നു യാതൊരു പ്രവൎത്തനവുമില്ലാ. കാളറാ ക്ഷയം മുതലായ സുഖക്കേടുകൾ വരുത്തുന്ന അണുക്കൾ ഈ വൎഗ്ഗത്തിലുൾപ്പെടുന്നു. ഈ വ്യത്യസ്ഥ പെരുമാററത്തിന്റെ കാരണം പരീക്ഷണാവസ്ഥയിൽ ഇരിക്കുന്നതേയൊള്ളു. അണുനാശന ക്രിയകൾ നടത്തുന്ന അവസരത്തിൽ പെനിസില്ലിന്റെ സ്വഭാവത്തിന്നു് ഒരു വ്യത്യാസമോ, ഏർപ്പെടുന്ന അളവിന്നു് ഏററക്കുറവൊ സംഭവിക്കുന്നില്ലാ. പെനിസില്ലിന്റെ പ്രവൎത്തനവും, കാർബോളിക്കാസിഡിന്റെ പ്രവൎത്തനവുമായി ഒരു സാമ്യവുമില്ലാ എന്നുതന്നെ പറയാം. കാർബോളിക്കാസിഡ് ബാക്ടീരിയായെ നശിപ്പിക്കുന്നതു്, ബാക്ടീരിയായുടെ പ്രോട്ടോപ്ലാസത്തിൽ അതിന്റെ വിഷശക്തി ഏൾപ്പിച്ചാണു്. തൻമൂലം ബാക്ടീരിയകൾ മരിച്ചുപോകുന്നു. സൾഫാനില മൈഡ്, പെനിസില്ലിൻ മുതലായ രാസചികിത്സാ വസ്തുക്കൾക്കു്, പ്രോട്ടോപ്ലാസത്തിൽ വിഷശക്തിയില്ലാ എന്നു തന്നല്ലാ,അവ പ്രവൎത്തനഹീനരാക്കുന്ന അണുജീവികളുടെ ശ്വാസോച്ഛ്വാസത്തിൽ വലിയ മാററങ്ങൾ ഒന്നും തന്നെ വരുത്തുന്നുമില്ലാ. ഈ അണുക്കളുടെ വളർച്ചയും പെരുകലും ഏതൊ ഒരുപ്രകാരത്തിൽ തടയുക മാത്രമേ ഈ സംയുക്തങ്ങൾ ചെയ്യുന്നൊള്ളു. ഒരുപക്ഷെ അണുക്കളുടെ ജീവിതഗതിയിൽ ഉണ്ടാകുന്ന പല സംഭവങ്ങളിൽ ഒന്നിനെയൊ, ഏതാനും ചിലതിനെയൊ ഇവ വിഘാതപ്പെടുത്തുകയും തൻമൂലം അവയുടെ വളർച്ചക്കും പെരുകലിനും ഹാനിസംഭവിപ്പിക്കുകയും, ജീവഹാനിസദൃശമായ ഫലമുളവാക്കുകയുമാണു് പെനിസില്ലിൻ മുതലായ ആൻററിബാക്ടീരിയൽ വസ്തുക്കൾ ചെയ്യുന്നതു്. രോഗകാരികളായ അണുക്കളുടെ പ്രവൎത്തനങ്ങളെ തടയുന്നതിന്നു് അവയെ ഉൻമൂലനാശനം ചെയ്യണമെന്നില്ലാ. അവയുടെ ജീവചംക്രമത്തിലുള്ള ക്രമാനുസൃതമായ ചില കാൎയ്യങ്ങളെ വിഘാതപ്പെടുത്തിയാൽ മാത്രം മതിയാകുന്നതാണു് എന്നു ഇതു

കൊണ്ടു് സ്പഷ്ടമാണു്. ഇങ്ങിനെ മാത്രം ചെയ്യുന്നതുകൊണ്ടു മനുഷ്യദേഹത്തിൽ ബാധിച്ചിട്ടുള്ള ഒരു അണുസങ്കേതത്തിനു തുടൎന്നു വളരാനൊ പെരുകാനൊ സാധിക്കാതെയായി ക്രമേണ ദേഹത്തിൽനിന്നും അവ നിർമ്മാൎജ്ജനം ചെയ്യപ്പെട്ടുപോകുന്നു. എന്നാൽ ഗാഢ ലായനിയായി പെനിസില്ലിൻ കുത്തിവെയ്ക്കപ്പെടുന്നതായാൽ അതിൻെറ പ്രവൎത്തനം കാർബോളിക്കാസിഡിൻെറതെന്നപോലെ അണുനാശം പൂൎത്തിയാക്കുന്ന ഒന്നാണു്. പെനിസില്ലിൻെറ പ്രവൎത്തനരീതിയെപ്പററി ഇപ്പോഴും ഗവേഷണങ്ങൾ നടന്നു കൊണ്ടിരിക്കുകയാണു്.

സംയുക്തഗവേഷണങ്ങളുടെ ഫലമായി പെനിസില്ലിൻെറ പ്രവൎത്തനപരിധിയിൽ, സ്റ്റാഫിലോകോക്കി, ന്യൂമൊകോക്കി, സ്ട്രെപ്റ്ററാകോക്കി, മെനിംഗോകോക്കി, ഗോണോകോക്കി, വെൽച്ചി, ഡിഫ്തീരിയാ മുതലായ ഭയങ്കര രോഗകാരികൾ ഉൾപ്പെടുന്നതായി കണ്ടുകഴിഞ്ഞു. ഇതിൽ സൾഫാനിലമൈഡ്കൾ ഫലിക്കാത്ത ചില രോഗികൾക്കു് പെനിസില്ലിൻ അത്ഭുതകരമായ ആശ്വാസം നൽകിയിട്ടുണ്ടു്. ഡിഫ്തീരിയാ, ഗോണോറിയാ മുതലായ ഭയങ്കരവ്യാധികൾക്കു് പെനിസില്ലിൻ കൈകണ്ട ഔഷധം തന്നെ. സൾഫാനിലമൈഡ്കൾ ഏകദേശം ഒരാഴ്ച കൊണ്ടു് 80-85% ഭേദപ്പെടുത്തുന്ന ഒരു ഗോണോകോക്കൽ രോഗം, പെനിസില്ലിൻ 24 മണിക്കൂർകൊണ്ടു് 96%വരെ ഭേദമാക്കുന്നതായും, ഗോണോകോക്കൽ അണുക്കളെ പാടെ നിൎമ്മാൎജ്ജനം ചെയ്യുന്നതായും ഗവേഷണസാഹിത്യത്തിൽ റെക്കാർഡ് ചെയ്തിട്ടുണ്ടു്. സിഫിലിസ്സ് രോഗത്തിൻെറ ആരംഭഘട്ടത്തിൽ പെനിസില്ലിനു് ചികിത്സാകഴിവുകൾ ഉണ്ടു്. കലശലായ രോഗാവസ്ഥക്കു് പെനസില്ലിൻ തൃപ്തികരമല്ലാതെയാണിരിക്കുന്നതെങ്കിലും കാലക്രമേണ രാസഘടനയ്ക്കോ, ചികിത്സാക്രമത്തിനൊ ഭേദങ്ങൾ വരുത്തി പെനിസില്ലിൻ കൂടുതൽ പ്രയോഗഫലമുള്ളതാക്കാമെന്ന ആശക്കു് വഴിയുള്ളതായിട്ടാണു് കാണുന്നതു്. ഇതിനുള്ള ശ്രമങ്ങൾ പുരോഗമിച്ചു വരുന്നുണ്ടു്. പെനിസില്ലിൻ ഒരു സൎവ്വരോഗസംഹാരിയല്ല. എന്നാൽ നമുക്കു് ഇപ്പോൾ അറിയാവുന്നതും ഉപയോഗത്തിലിരിക്കുന്നതുമായ അനവധി രാസസംയുക്തങ്ങളെക്കാൾ ഔഷധശക്തിയും ചികിത്സാ കഴിവുകളും പെനിസില്ലിനു് ഉണ്ടു് എന്നു് തീൎത്തു്.പറയാം.

അണു ജീവനാശനശക്തിയുള്ള സാധനങ്ങളെ ഉൽഭവിപ്പിക്കുക എന്നതു് താഴ്ന്നതരം ജീവികളുടെ ഒരു പ്രത്യേക സ്വഭാവമാണെന്നും വളരെ ഉപകാരഭാവിയുള്ള ചില സാധനങ്ങൾ താമസിയാതെ നമുക്കു്ലഭ്യമാകുമെന്നും ഇതിനിടക്കു് അമേരിക്കൻ ഗവേഷകന്മാർ തെളിയിച്ചിരിക്കുന്നു. സ്റ്റ്റെപ്റ്ററാമൈസിൻ എന്ന സാധനം മണ്ണിലുള്ള ഒരു അണുജീവി സംഭവിപ്പിക്കുന്ന ഒരു അണുനാശനവസ്തുവാണു്. ഇതിനു് ക്ഷയം മുതലായ മഹാരോഗങ്ങളെ ഉണ്ടാക്കുന്ന അണുക്കളെ നശിപ്പിക്കാൻ ശക്തിയുള്ളതായി കണ്ടിരിക്കുന്നു. സ്റ്റ്റെപ്റ്ററാമൈസിൻ, ക്ലാവിസിൻ, പയൊസയനേസ്, ആക്റ്റിനൊമൈസിൻ, ഗ്രാമിസൈഡിൻ, ലൈസൊസയിം, ഫ്യൂമിഗാററിൻ ഇങ്ങനെ പലേ അണുനാശനവസ്തുക്കളുടെയും ഗുണങ്ങളെപ്പററി നമ്മുടെ അറിവും അനുഭവവും വൎദ്ധിച്ചുവരുന്നു. എന്നാൽ പെനിസില്ലിനുള്ളതുപോലെ ഒരു ഭാസുരഭാവി ഇതുകൾക്കൊന്നും ഉള്ളതായി ഇപ്പോൾ പ്രതീക്ഷിക്കാൻ സാദ്ധ്യമല്ല.

യിലെക്കു നോക്കി. സൂര്യപ്രകാശമുള്ള നിമ്മലമായപ്രഭാതം. സമീപത്തു് നദി അങ്ങനെ പ്രവഹിച്ചുകൊണ്ടിരുന്നു. ജലകണങ്ങൾ മിന്നിത്തിളങ്ങി പാലത്തിനടിയിൽ നിന്നു് മന്ദഗതിയായി ഒഴുകിക്കൊണ്ടിരുന്ന ഒരു മഞ്ഞുകട്ടയിൽ സൂര്യരശ്മികൾ അങ്ങിങ്ങായി നൃത്തം ചെയ്തു. പൊന്മാനുകൾ അതിനു മുകളിലായി വട്ടം ചുററി ആരവത്തോടുകൂടി ജലത്തിലേക്കു താണു.

ചായമടിക്കുന്നവരും മററുജോലിക്കാരും ഉഷ്ണകാലത്തെ ആദ്യയാത്രക്കുവേണ്ടി കപ്പലുകൾ ഒരുക്കുകയായിരുന്നു. എല്ലാം അഭിനവവും പ്രകാശമാനവുമാക്കുന്നതിനാണു് അവരുടെ ശ്രമം.

യുവാവായ ആ ഭത്താവു ജനൽതുറന്നു് ഒന്നു ദീർഘമായി ശ്വസിച്ചു. ഹാ ഉന്മേഷജനകമായ വായു ശ്വസിക്കുകയെന്നുള്ളതു എത്ര സുഖകരം! അയാളുടെ മുഖത്തെ ക്ഷീണഭാവം വിട്ടുമാറി. ഹൃദയം കൂടുതൽ ശാന്തമായി സ്പന്ദിച്ചു.

നദിയുടെ ഇരുകരയിലുമുള്ള വിദൂരങ്ങളായ പട്ടാളത്താവളങ്ങളിൽനിന്നും 'ബ്യൂഗിൾ' ശബ്ദങ്ങളുയന്നു. അവയുടെ നാദങ്ങൾ നിമ്മലമായ വായുവിലൂടെ വ്യക്തവും സ്പഷ്ടവുമായി വന്നെത്തി. ഉടൻതന്നെ അവ തെരുവീഥിയിലെ ശബ്ദപ്രവാഹത്തിൽ ലയിച്ചുപോയി. അയാൾ ജനലടച്ചു.

ആഹാരം കഴിക്കുന്ന മുറിയിൽപോയി അയാൾ മേശപ്പുറമെല്ലാം പരിശോധിച്ചു. തൻെറ സ്നേഹിതനായ ഡാക്ടർക്കു അദ്ദേഹത്തിൻെറ കൃത്യനിർവ്വഹണത്തിനുശേഷം വിഭവസമൃദ്ധമായ ഒരുസൽക്കാരം നൽകേണ്ടിയിരുന്നു.

"അതു് ഏററവും പഴയകുപ്പിയിൽനിന്നു തന്നെയല്ലേ?" വീഞ്ഞു നിറഞ്ഞിരുന്ന ഒരു കുപ്പിയെ ചൂണ്ടിക്കാണിച്ചു കൊണ്ടു് ബർഗ്ഗ് പരിചാരികയോടു ചോദിച്ചു. "വലതുവശത്തുള്ളതിൽനിന്നു്?"

"അതേ"

"നീപോയി നല്ല കാപ്പി ഉണ്ടാക്കാൻ ഏപ്പാടുചെയ്യണം. കടുപ്പംകൂടിയിരിക്കണമെന്നു് വേലക്കാരനോടു പ്രത്യേകം പറയണം. ഡാക്ടർ വെറൺലിങ്ങിനു് നല്ല കാപ്പി കൊടുക്കേണ്ടിയിരിക്കുന്നു."

"അങ്ങനെ തന്നെ"

അയാൾ മേശപ്പുറമെല്ലാം അടുക്കിവെച്ചു് കുപ്പിവെളിച്ചത്തു നോക്കി. തൻെറ ഭാര്യക്കു ഏററവും ഇഷ്ടമായ 'വൈൻ' അതാണെന്നുള്ള ചിന്ത പെട്ടെന്നു് അയാളിൽ അങ്കുരിച്ചു. അവൾ എല്ലായ്പ്പോഴും ഭത്താവുമൊരുമിച്ചു 'ഡിന്നർ' സമയങ്ങളിൽ ഇതു് കുടിച്ചു രസിച്ചിട്ടുണ്ടു്. ഈ 'വൈനി'നെക്കുറിച്ചു അവർക്കുള്ള വിനോദങ്ങൾ അയാളുടെ സ്മൃതിപഥത്തിലെത്തി.

"അതേ ഈ വീഞ്ഞ് പലചെറിയ അഭിപ്രായവ്യത്യാസങ്ങളും വരുത്തിയിട്ടുണ്ടു്. പക്ഷേ പുഞ്ചിരിയിലും ചുംബനത്തിലുമാണു് അവയുടെ പര്യവസാനങ്ങൾ".

ഇപ്പോൾ ഡാക്ടറും താനും ഒരുമിച്ചിരുന്നു് ഇതു്കുടിക്കും. അവൾ—വലിയരണ്ടുകണ്ണുനീർത്തുള്ളികൾ അയാളുടെകവിൾത്തടങ്ങളിലൂടെഒഴുകി.

"ഹാ എന്താണു് എനിക്കിങ്ങനെ തോന്നുന്നതു്." ഇങ്ങനെ പറഞ്ഞുകൊണ്ടു്, അയാൾ വീണ്ടും നടക്കുന്നതിനും കാത്തുനില്ക്കുന്നതിനുമായി അടുത്തമുറിയിലെക്കുപോയി. പിന്നെയും ആ ഭയം—ഒരു ഭയങ്കരസമരം നടക്കുന്നുവെന്നും അതെല്ലാം തനിക്കു വേണ്ടിയാണെന്നുമുള്ള വേദനാജനകമായ ഒരു വിചാരം അയാളെ ബാധിച്ചു.

തൻെറ പ്രേയസി ദുഃഖമനുഭവിക്കുകയാണു്. പ്രേമം ഒരുത്തരവാദിത്വവും അതേസമയംതന്നെ ആനന്ദവുമാണെന്നുള്ള ചിന്ത അടിക്കടി വർദ്ധിക്കുന്ന ശക്തിയോടുകൂടി ആ കമിതാവിനെ ഗ്രസിക്കുവാനാരംഭിച്ചു. അവളെ സംബന്ധിച്ചിടത്തോളം അ-

തിപ്പോൾ മരണമോ ജീവിതമോ ആയി അവസാനിക്കും.

ജീവിതം? അയ്യോ എന്റെ ദൈവമേ! അവൾ മരിക്കുമോ!

എത്ര ആത്മാർത്ഥമായി ബർഗ്ഗ് അവളെ സ്നേഹിക്കുന്നു! ലൈസ്റ്റിൽവെച്ച് അവളെ ആദ്യമായി കണ്ട ആ നിമിഷം മുതൽ അതാരംഭിച്ചു. ദ്രുതഗതിയിൽ പ്രയാണം ചെയ്ത അന്നത്തെ സുന്ദരദിനങ്ങൾ എത്ര മനോജ്ഞങ്ങളായിരുന്നു. അനശ്വരമായ വിധത്തിൽ മനോഹരം. അവരുടെ മധുവിധുകാലത്തേക്കാൾ വേറെ എന്തെങ്കിലുമൊന്ന് ആകർഷണീയമായിരുന്നോ? ഇതിനെക്കാൾ അഗാധമായി മറെറാരു പ്രേമമുണ്ടോ? അയാൾ അങ്ങനെ വിചാരിച്ചിരുന്നു. ഇപ്പോഴും അവളുടെ വാതലിനരികെ കാത്തുനിൽക്കുന്ന ആ അവസരത്തിലും അയാൾ തനിയെ പറഞ്ഞു—മഹത്തരവും പരിശുദ്ധിയേറിയതുമായ ഏതോ ഒന്ന് തന്റെ ജീവിതത്തിൽ വന്നുചേർന്നുവെന്ന്. ഹൃദയം തകർന്നുവെന്ന് അയാൾക്കു തോന്നി എന്നിട്ടും ഈ കാത്തുനിൽക്കൽ! കത്തിയെരിയുന്ന അഭിലാഷം!.

അവളുടെ കൈകളിൽ ഒരു ചുംബനമെങ്കിലും നൽകിയെങ്കിൽ! തന്റെ ജീവിതത്തെക്കാളും ലോകത്തുള്ള മറെറാന്നിനേക്കാളും താൻ വിലമതിച്ചിരുന്ന യുവതിയുടെ കരതലങ്ങൾ!.

“നിങ്ങൾ ക്ഷമിച്ചുനിൽക്കണം” ഡാക്ടർ പറഞ്ഞിട്ടുണ്ടായിരുന്നു. ക്ഷമ! എങ്ങനെ ക്ഷമിക്കുവാനാണ്. ഈ അപായസ്ഥിതിയിൽ? എത്ര ഭയങ്കരമായ വേദനയാണ് അവൾ അനുഭവിക്കുന്നത്? ജീവിതം നൾകുവാനായി അവൾ മരണത്തോടു എങ്ങനെ പടവെട്ടുന്നു! വെളിയിൽ നിരുപയോഗിയായി വിധിയുടെ ശാപത്തിൽനിന്ന് അവളെ മോചിപ്പിക്കുവാൻ പ്രാപ്തനാകാതെ അയാൾ നിൽക്കുകയാണ്.

“വേദനയോടുകൂടി നീ കുഞ്ഞുങ്ങളെ പ്രസവിക്കും”

വളരെ പതുക്കെ അയാൾ ആ വാക്കുകളുച്ചരിച്ചു. ഒരു സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ ബർഗ്ഗ് എത്രപ്രാവശ്യം ഇങ്ങനെ വായിച്ചിട്ടുണ്ട്. അപ്പോൾ അവയ്ക്ക് യാതൊരർത്ഥവുമില്ലായിരുന്നു. പക്ഷേ ഇപ്പോൾ ആ വാക്കുകൾക്ക് എത്ര ശാശ്വതങ്ങളായ അർത്ഥങ്ങളാണുള്ളത്?

ഭാര്യയുടെ ത്യാഗം, അവളുടെ മാതൃസ്നേഹം, വേദനയിൽനിന്നുണ്ടാകുന്ന ആനന്ദം. ഈശ്വരൻ ആ സ്തോത്രമുച്ചരിച്ചപ്പോൾ അദ്ദേഹം സ്ത്രീയുടെ തെററിന് പുരുഷനെ ഉത്തരവാദിയാക്കി.

ചിന്തയിൽ മുഴുകി അയാൾ പുറകോട്ടും മുമ്പോട്ടും നടന്നു. പെട്ടെന്ന് ഹൃദയഭേദകമായ നിലവിളി—വേറൊരു രോദനം—വീണ്ടും നിശബ്ദത.

ഭയംകൊണ്ടു മരവിച്ച്, മരണംപോലെ വെളുത്ത് അനുകമ്പാർഹനും നിസ്സഹായനുമായ അയാൾ വാതലിനരികിലേക്ക് വിറച്ച് വിറച്ച് നീങ്ങി.

കാഴ്ചക്കും സ്വപ്നത്തിനുമുള്ള ശക്തി ആ ബർഗ്ഗിനെ വിട്ടുപിരിഞ്ഞതായി തോന്നി, പക്ഷേ ഏററവും ചെറിയശബ്ദങ്ങൾ ഇടിമുഴക്കങ്ങളായി അയാളുടെ ചെവികളിൽ പതിച്ചു. തന്റെ സ്നേഹിതന്റെ വേഗത്തിലുള്ള ആജ്ഞകൾ, പതിഞ്ഞ പദവിന്യാസം, ശാന്തമായി ചോദ്യങ്ങൾ ചോദിക്കുന്ന നഴ്സിന്റെ ശബ്ദം, അവയിലൂടെയുള്ള ഭാര്യയുടെ വേദനാപൂർണ്ണമായ വിലാപങ്ങൾ ഇവയെല്ലാം അയാൾ കേട്ടു.

“എന്റെ സാധുവായ ആ സ്ത്രീ! ഓമനേ” അയാൾ പറഞ്ഞുപോയി. സന്താ

പവിവശനായി ഒരു കട്ടിലിൽ ബർഗ്ഗ് മറിഞ്ഞുവീണു.

"അവളെ രക്ഷിക്കണേ, എൻെറ ദൈവമേ, അവളെ രക്ഷിക്കണേ! അങ്ങ് കാരുണ്യവാനാണെങ്കിൽ അങ്ങയിൽ ഞാൻ വിശ്വസിക്കും"

* * * *

അസഹനീയമായ ഏതോ കദനഭാരത്തിൽനിന്നും മോചനം ലഭിച്ച ഒരാളുടെ ദീർഘമായ രോദനംപോലെയുള്ള ഒന്ന് കേൾക്കപ്പെട്ടു. അതിനുശേഷം അവ്യക്തമായ കരച്ചിലും.

"ഇതുകഴിഞ്ഞു" ചാടി എഴുന്നേററ് ബർഗ്ഗ് വിളിച്ചുപറഞ്ഞു. "ഞങ്ങൾക്ക് ഒരു കുഞ്ഞ്!—എൻെറ ആസ്ട്രിക്കും എനിക്കും—! ഞങ്ങൾക്കൊരു കുഞ്ഞ്!—

പെട്ടെന്ന് അതിൻെറ പ്രതികരണമുണ്ടായി. ആ ഇളക്കം വളരെ കൂടിപ്പോയിരുന്നു. അതിരില്ലാത്ത ഭയത്തിൽനിന്നും അനിശ്ചിതയിൽനിന്നും മദോന്മത്തമായ ആനന്ദത്തിലേക്കുള്ള പരിവർത്തനം അയാളെ ഒന്നു വിചലിപ്പിച്ചു. കസേരയിൽ വീണ് ബർഗ്ഗ് ഒരു കൊച്ചുകുട്ടിയെപ്പോലെ കരഞ്ഞു. രോഗിണി കേൾക്കാതിരിക്കുന്നതിനുവേണ്ടി അയാൾ അവ അടക്കുന്നുമുണ്ടായിരുന്നു.

അനന്തരം അയാളുടെ ഹൃദയം അനിർവ്വചനീയമായ ആനന്ദത്തിൽ മുഴുകി. ബുദ്ധിശക്തി അചഞ്ചലമായിരുന്നു.

കതകുതുറന്ന് ഡാക്ടർ പ്രവേശിച്ചു. അയാൾ പെട്ടെന്ന് എഴുന്നേററു.

"അവൾക്ക് എങ്ങനെയിരിക്കുന്നു"?

"എല്ലാം ശരി; അവൾക്ക് വിശ്രമം മാത്രമേ ആവശ്യമുള്ളു. ധാരാളം വിശ്രമം"

"ആൺകുട്ടിയോ പെൺകുട്ടിയോ, വേഗം പറയണം".

വിയർത്തൊലിച്ചിരുന്ന ഡാക്ടർ തൻെറ സ്നേഹിതൻെറ അക്ഷമകണ്ടു് പുഞ്ചിരിച്ചു. ഒരുനിമിഷം അദ്ദേഹം മിണ്ടാതെ നിന്നു.

"ആൺ കുട്ടിവേറെ വരാൻ ന്യായമില്ലല്ലോ"

"വാസ്തവമാണോ? അതു് വാസ്തവമാണോ"

അയാൾ ശയനമുറിയിലേക്ക് എത്തിനോക്കി.

"ഞാൻ അകത്തേക്ക് ഒന്നുപൊയ്ക്കോളട്ടൊ? ദയവായി ഒരുമിനിട്ട്" യാചിക്കുന്ന കൊച്ചുകുഞ്ഞിനെപ്പോലെ ബർഗ്ഗ് ചോദിച്ചു.

"ഓഹോ പക്ഷേ ഒററനോട്ടമേ പാടുള്ളു" ഡാക്ടർ നേരംപോക്കു പറഞ്ഞു.

അയാൾ വാതിലുതുറന്ന് അവിടെ നിന്നു. വിരിച്ചിട്ട വെളുത്ത കിടക്കയിൽ ക്ഷീണിച്ച് വിവർണ്ണയായി അയാളുടെ യുവതിയായ ഭാര്യ കിടക്കുന്നു. അടുത്ത് മൃദുവായ കമ്പിളികളിൽ പൊതിഞ്ഞ അവളുടെ ചെറിയ രൂപവും.

അചഞ്ചലനായി അയാൾ ഭാര്യയെ സൂക്ഷിച്ചു നോക്കി. ഒരു വാക്കു സംസാരിക്കുവാൻ ബർഗ്ഗിന് കഴിഞ്ഞില്ല. പക്ഷേ കവിളുകളിലൂടെ ഒഴുകിക്കൊണ്ടിരുന്ന കണ്ണീർ കണികകൾ അയാളുടെ വികാരത്തെ വിളിച്ചുപറഞ്ഞു.

അവൾ കണ്ണുതുറന്നു ആനന്ദത്തിൻെറയും സ്നേഹവായ്പിൻെറയും പ്രത്യക്ഷലക്ഷ്യങ്ങളോടുകൂടിയ ലോചനങ്ങൾ അവ്യക്തപ്രകാശത്തിൽ കൂടുതൽ വിശാലവും ശ്യാമളവുമായി തോന്നി. അശക്തമായ കൈകൾകൊണ്ടു് അവൾ ഉറങ്ങുന്ന കുഞ്ഞിനെ തടവി. അവളുടെ മുഖം പരമമായ നിർവൃതിയെ ദ്യോതിപ്പിച്ചു.

"ഗോറൻ"

"ആസ്ട്രി"

അയാൾ ഭാര്യയേയും കുഞ്ഞിനേയും ഒന്നുപോലെ ആലിംഗനം ചെയ്യുവാനെന്ന

പോലെ കരങ്ങൾ വിടർത്തി. പെട്ടെന്നു് കിടക്കയ്ക്കടുത്തു് മുട്ടുകുത്തിയിരുന്നു് ആ യുവമാതാവിനെ രാജ്ഞിയെന്നു് സങ്കല്പിച്ചു് അയാൾ അവളുടെ കരതലത്തിൽ സ്നേഹാധിക്യത്തോടെ ചുംബിച്ചു. മെത്തയുടെ അരികിൽ പ്രാർത്ഥിക്കുവാനെന്നമട്ടിൽ ബെഗ്ഗ് ശിരസ്സ് ചാച്ചു.

"ഗോറൻ" ഭർത്താവിൻെറ കവിളിൽ ശക്തിയില്ലാത്ത തൻെറകൈ അമർത്തിക്കൊണ്ടു് അവൾ പതുക്കെ ആ നാമധേയം ആവർത്തിച്ചു.

"നീ ഉറങ്ങുകയാണോ, ഓമനേ" അയാൾ ചോദിച്ചു. അതിന് മറുപടിയില്ലായിരുന്നു. അയാൾ തലയുയർത്തി നോക്കി. അവൾ സുഷുപ്തിയിൽ ലയിച്ചു കഴിഞ്ഞു.

വളരെ സൂക്ഷിച്ചും പ്രേമത്തോടും ബെഗ്ഗ് അവളുടെ കരതലത്തെ ചുംബിച്ചു് അതിനെ നീലസിൽക്കു പുതപ്പിൽവെച്ചു. വളരെനേരം അയാൾ അവളെ നോക്കിക്കൊണ്ടിരുന്നു. അവളുടെ നിദ്രശാന്തമായിരുന്ന അധരങ്ങളുടെ അററങ്ങൾ മാത്രമേ ചലിച്ചിരുന്നുള്ളു. ആ കൊച്ചുകുഞ്ഞിനെ തൻെറ അധരങ്ങളാൽ സ്പർശിച്ചതിനുശേഷം അയാൾ അകത്തു് പ്രവേശിച്ചതുപോലെ പതുക്കെ നിശബ്ദമായി വെളിയിലേക്കു പോയി.

"എല്ലാം ശരിതന്നെയോ" ഡാക്ടർ ചോദിച്ചു.

"അവൾ ഉറങ്ങുകയാണു്"

"കൊള്ളാം, അപ്പോൾ എനിക്കു പോകാമല്ലോ? അവൾക്കു് ഉറക്കമാണാവശ്യം. യാതൊരു ഇളക്കവും പാടില്ല, ശരി, നിങ്ങളുടെ കുഞ്ഞു് എങ്ങനെയിരിക്കുന്നുവെന്നു പറയണം? അവനൊരു കോമളനല്ലേ?"

"അതേ, അവൻ അവൻെറ അമ്മയെപ്പോലെയാണു്"

"പിതാക്കന്മാർ എല്ലായ്പോഴും അങ്ങനെ പറയുകയേയുള്ളു. അവർ ആത്മപ്രശംസ ചെയ്യുകയില്ല"

"അനാവശ്യം പറയാതിരിക്കണം" കാപ്പിസൽക്കാരത്തിന് മേശയുടെ അരികിലേക്കു് ഡാക്ടറെ നയിച്ചുകൊണ്ടു് ബെഗ്ഗ് പറഞ്ഞു."

"എന്തു്? നിങ്ങൾക്കു ഒന്നും ചെയ്യാനില്ലായിരുന്നോ? കാത്തു നിൽക്കുകയെന്നുള്ളതല്ലാതെ"

"അതു മതിയായിരുന്നു. ഇങ്ങനെ ഒരു പരീക്ഷണം എൻെറ ജീവിതത്തിലുണ്ടായിട്ടില്ല."

"പക്ഷേ എല്ലാം ആദ്യമായി ഒന്നു തുടങ്ങണമല്ലോ"

അവർ ഇരുന്നു. മേശപ്പുറത്തു് വാച്ചു് വെച്ചിട്ടു് ഡാക്ടർ കാപ്പികുടിക്കാൻ തുടങ്ങി. വളരെ വേഗത്തിൽ പക്ഷേ നിശബ്ദമായി, ആതിഥേയൻ അദ്ദേഹത്തിന് വീഞ്ഞു് ഒഴിച്ചു കൊടുത്തു. മാതാവിൻെറ സ്ഥിതിയെക്കുറിച്ചു് അദ്ദേഹം ചെറിയ ഉത്തരങ്ങൾ നൽകി. ഇല്ല! അവൾ അത്ര അധികം ക്ഷീണിച്ചിട്ടില്ല. പക്ഷേ സൂക്ഷിക്കണം——അവളെ വേറെയെങ്ങും അയക്കേണ്ടതില്ല. അതു് കൊള്ളാം. ഭർത്താവിന് ആ് സഖിയുടെഅടുത്തുതന്നെയിരിക്കാം.

ഡാക്ടർ വെററർ ലിങ്ങ് വാച്ചെടുത്തുകൊണ്ടു് എഴുന്നേററു. അദ്ദേഹം ഹസ്തദാനം ചെയ്തു.

വന്ദനം ഞാൻ നന്ദിപറയുന്നു "ബെഗ്ഗ് പറഞ്ഞു.

എന്തെങ്കിലുംസംഭവിക്കുകയാണെങ്കിൽ എനിക്കാളയക്കണം " ഡാക്ടർ പോയി.

ബെഗ്ഗ് ജനലിനടുത്തേക്ക് നടന്നു് ശാന്തമായി പുകവലിച്ചു. ഉച്ചസമയമായതേയുള്ളു. സൂര്യൻ കണ്ണാടിയിലൂടെ പ്രകാശിച്ചു. പരിശുദ്ധമായ മന്ദവാതം തകർന്നുപോയ അയാളുടെ സിരകൾക്കു് നവചൈതന്യത്തെ പ്രദാനം ചെയ്തു.

പെട്ടെന്ന് ആമലീപിലെ സൌധത്തിൽനിന്നും ഒരു മിന്നൽ പ്രവാഹമുണ്ടായി. കട്ടികൂടിയ വെളുത്ത പുകയും ഉച്ചത്തിലുള്ള ശബ്ദവും ജനലുകളെ വിറപ്പിച്ചു. ബെഗ്ഗ് ഭയന്നു. ഭാര്യയെക്കുറിച്ചായിരുന്നു അയാളുടെ ആദ്യത്തെ ചിന്ത.

വീണ്ടും ജനലുകൾ ഞെരിഞ്ഞു. അവർ രാജകീയ അഭിവാദനത്തിന്ന് വേണ്ടി വെടിവെയ്ക്കുകയാണ്. ചുരുട്ട് ദൂരെയെറിഞ്ഞ് അയാൾ ശയനമുറിയിലേക്ക് ഓടിപ്പോയി ആസ്റ്റ്റി ഉണർന്ന് അസ്വാസ്ഥയായി അങ്ങുമിങ്ങും ഉരുളുന്നുണ്ടായിരുന്നു. നഴ്സ് അവളെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു.

പക്ഷേ തോക്കുകളുടേ ഓരോ ശബ്ദത്തിലും അവൾ ഭയങ്കരമായ യത്നത്തോടുകൂടി ഉയർന്നുവീണു.

“എന്തെങ്കിലും ചെയ്യേണ്ടിയിരിക്കുന്നു. നാം അവളെ സമാധാനിപ്പിച്ചില്ലെങ്കിൽ—” നഴ്സ് നിലവിളിച്ചു.

“ആസ്റ്റ്റീ ആസ്റ്റ്റീ ദൈവത്തിനെ ഓർമ്മിച്ച് ഒന്നു സമാധാനിക്കണേ” ബെർഗ്ഗ് അവളുടെ കൈകളിൽ ചുംബിച്ചു.

എന്റെകുഞ്ഞ്, എനിക്കെന്റെ കുഞ്ഞിനെവേണം” അവൾ വിലപിച്ചു.

ഡാക്ടർക്ക് ആളയക്കണം-ഡാക്ടർ വെററർ ലിങ്ങ്-വേഗം—” ഭയവിവശനായി ബെർഗ്ഗ് ആജ്ഞാപിച്ചു. നിസ്സഹായനായി വിവണ്ണവദനനായി അയാൾ മുറിവിട്ടോടി; തോക്കുകളുടെ കാതടപ്പിക്കുന്ന നിർഘോഷങ്ങളിൽ ഞെട്ടിവിറച്ചുകൊണ്ട്. അയാൾ യവനികകൾ നീക്കിയിട്ടു തലയിണകൾ ജനലുകളിൽ ചേർത്തുവെച്ചു ഫലമുണ്ടായില്ല. മുഷ്ടിചുരുട്ടി കോപാകുലനായി ബെഗ്ഗ് ആ മൃഗീയശബ്ദത്തെ ശപിച്ചു.

മുറിയിൽ മടങ്ങിവന്നപ്പോൾ അവിടം ആതിലും ഭയങ്കരമായി കാണപ്പെട്ടു. കുഞ്ഞ് ഉച്ചത്തിൽ കരയുന്നുണ്ട്. നഴ്സ് രോഗിണിയെ കിടക്കയിൽ കിടത്താൻ ശ്രമിക്കുന്നു. മനസ്സിലാക്കുവാൻ കഴിയാത്ത വാക്കുകളുച്ചരിച്ചുകൊണ്ട് ബെർഗ്ഗ് അങ്ങുമിങ്ങും ഓടി.

“നിൽക്കണം ഭ്രാന്തനാകരുത്” നഴ്സ് ആജ്ഞാപിച്ചു.

അയാൾ കട്ടിലിനടുത്തുവന്ന് ഭാര്യയുടെ കരങ്ങൾ ഗ്രഹിച്ചു. ആ സ്പർശനം അവളെ സമാധാനിപ്പിച്ചതായി തോന്നി. അനന്തരം അവൾ പതുക്കെ കണ്ണുകൾ തുറന്നു.

“കരയരുതേ, അതുവേഗം കഴിയും” കവിൾത്തടങ്ങളിലൂടെ കണ്ണീരൊഴുകുന്നതു കണ്ട് ആസ്ട്രി പറഞ്ഞു.

വീണ്ടും അവളുടെമനസ്സ് അലഞ്ഞുതുടങ്ങി. തലയിണകളാൽ തന്നെ ഉയർത്തിവെക്കുവാൻ അവൾ അഭ്യർത്ഥിച്ചു. തനിക്ക് ശ്വാസം മുട്ടുന്നുവെന്നു അവൾ കരഞ്ഞുപറഞ്ഞു. ഭർത്താവ് അവളുടെ നെറ്റിയിൽചുംബിച്ചു. ആസ്ട്രി ദേഷ്യപ്പെട്ട് തിരിഞ്ഞു-ബെർഗ്ഗ് അവളെ ഒട്ടും സ്നേഹിച്ചിരുന്നില്ല. മൃഗീയമായ പെരുമാററം—അയാളിവിടെ വന്നിരിക്കുന്നതു് അവളെ വേദനിപ്പിക്കുവാൻ മാത്രമാണ്-അയാൾ അവളുടെകുഞ്ഞിനെ അപഹരിച്ചു— മൃഗം—പിശാച്!

അല്പനേരം ആസ്ട്രിശാന്തയായി. ബഗ്ഗ് കൈകളിൽ അവളെത്താങ്ങി പെട്ടെന്ന് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് അവൾ അയാളുടെ കരങ്ങളിൽ നിന്ന് പിടഞ്ഞ് മാറി. ആ ശരീരം ഒന്നുനീണ്ടു. പിന്നീട് അശക്തമായി പുറകിലേക്ക് മറിഞ്ഞു. വെളിയിൽ ഒരുതോക്ക് വീണ്ടും അലറി— അതു് ഒരു രാജകീയ അഭിവാദനമായിരുന്നു. ബെഗ്ഗിന്റെ കാതുകൾക്ക് അതു് യഥാർത്ഥത്തിൽ അങ്ങനെ തന്നെയായിരുന്നു. മാതൃഭൂമിയിലേക്ക് ഒരു നൂതനജീവിതത്തെ പ്രദാനം ചെയ്യുവാൻ സ്വന്തം ജീവനെ ഉപേക്ഷിച്ച ആ രാജ്ഞിക്കുവേണ്ടിയുള്ള രാജകീയ അഭിവാദനം.

സേവൻ

(നാലാങ്കൽ കൃഷ്ണപിള്ള)

വാനോളം 'യജമാനൻ' തന്നുടെ മഹിമകൾ
വാഴ്ത്തുകെന്നതേ വ്രതമാക്കിട്ടും നരാധമാ !
സ്വാർത്ഥപൂരണത്തിനാ യെന്തെന്തുകുചേഷ്ടിതം
നിത്യവുംചെയ്യുന്നീല, നിന്നുടെ ജിഹ്വാഞ്ചലം ?
മറയശിരോമണി, തന്നെന്നീപുകഴ്ത്തുന്നു,
മതിമാന്മാരുചൂടും മാണിക്യകല്ലെന്നായി-
ക്രൗര്യത്താൽയമനേയും തോല്പിക്കു് 'മന്നനിൽ' നീ
ആരോപിച്ചീടുന്നല്ലോ സൗമ്യത്തിൻവെൺചന്ദ്രിക,
മർദ്ദനചന്ദ്രഹാസമിളക്കി സ്സാധുക്കളിൽ
നിർദ്ദയംചെന്തീപ്പൊരി ചിതറുംദുഷ്ടന്മാരെ,
തങ്കാര്യംനേടീടുവാൻ ദേവന്മാരാക്കുന്നുനിൻ
പങ്കത്തിൽമുഴുകിന മാലിന്യവചസ്സുകൾ,
എന്തൊരുദാസ്യത്തിനു മൊരുങ്ങിയല്ലോനിൻപ്പൂ
സ്വാന്തവുംനിൻദേഹവും നിന്നുടെമൊഴികളും,
ലവവുമാത്മാർത്ഥത യേശാതെ,യൊരിഞ്ചൊന്നു
കിളരാൻ, നാലുകാശു കൂടുതൽലഭിക്കുവാൻ,
ആത്മവഞ്ചനചെയ്യും നിൻകൂട്ടർതന്നെയല്ലീ
ആശ്ലേഷിച്ചതുമന്നിൽ തല്ക്കാലജയലക്ഷ്മി ! ?
നീട്ടുകം സ്തുതിയല്ലീ, സത്യത്തിന്നമൃതിലും
പൂതമായ്ക്കൈക്കൊൾവതു്, വലിയോർ "മഹാത്മാക്കൾ"
ഒട്ടുവിലവരടഞ്ഞീമണ്ണിൽപതിക്കുമ്പോൾ
പരിഹാസോക്തിചൊൽവാൻ നീയങ്ങു മുൻപന്തിയിൽ.
ഇടിത്തീവീണിക്കൂട്ട-രൊന്നാകെത്തകർന്നെങ്കി-
ലിളതൻ ഭാരമെത്ര ലഘുവായ്ച്ചമഞ്ഞേനേ !!

ശുഭം

ആശാന്റെ ബാല്യകാലകവനങ്ങൾ

(സി. ഒ. കേശവൻ ബി. എ.,)

മഹാകവി കുമാരനാശാന് സ്വതഃസിദ്ധമായിരുന്ന സരസ്വതീപ്രസാദം വളരെ ചെറുപ്പത്തിൽതന്നെ പ്രത്യക്ഷപ്പെട്ടുതുടങ്ങി. പാട്ടുകൾ, ഒററശ്ലോകങ്ങൾ, സമസ്യാപൂരണങ്ങൾ വർണ്ണനകൾ തുടങ്ങി വിവിധകൃതികൾ അവയിൽ പ്രാധാന്യം അർഹിക്കുന്നവയാണ്. അവയിൽ മിക്കതും അക്കാലത്തുതന്നെ പത്രങ്ങളിൽ പരസ്യപ്പെടുത്തിയുമിരുന്നു. ഒരു സുബ്രഹ്മണ്യസ്തുതി ചുവടെ ചേർത്തുകൊള്ളുന്നു.

"സ്കന്ദൻകഥ കേൾക്കിലമന്ദം
അകലും പാപവൃന്ദം,
ചെവിക്കുമകരന്ദം,
നന്ദനന്നേററം,
സ്കന്ദൻകഥ കേൾക്കിലമന്ദം"...

രാമായണകഥയെ ആസ്പദമാക്കി തണ്ടാന്മാർക്കു പാടിക്കളിക്കുന്നതിനായി കമ്പടികളി[illegible]" എന്ന പേരിൽ ആശാൻ പല[illegible]കളും എഴുതിയിട്ടുണ്ട്. കായിക്കരെയുള്ള തണ്ടാന്മാർ ആ പാട്ടുപഠിച്ച് ഓണം തുടങ്ങിയ വിശേഷാവസരങ്ങളിൽ പാടിക്കളിക്കുക പതിവായിരുന്നു.

ഓണക്കാലത്തു സ്ത്രീകൾക്കു പാടിക്കളിക്കുന്നതിനായി "തുമ്പിപ്പാട്ടുകൾ" കവി എഴുതിക്കൊടുത്തിട്ടുള്ളതായി കേട്ടിട്ടുണ്ട്. ഇതുകൂടാതെ കൊല്ലം പരവൂരിൽനിന്നും പരേതനായ വി. കേശവനാശാൻ അവർകളുടെ പത്രാധിപത്യത്തിൽ നടന്നുകൊണ്ടിരുന്ന "സുജനാനന്ദിനി" പത്രത്തിലേക്കു ശ്ലോകങ്ങളും മററും സ്മ്യപുരുഷൻ അയച്ചുകൊടുത്തുകൊണ്ടിരുന്നു. അന്നുള്ള ഒരനുഭവത്തെ സംബന്ധിച്ച് സരസകവി മൂലൂർ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

"ഇപ്പോഴേക്കു ഒരു മുപ്പത്തഞ്ചു സംവത്സരങ്ങൾക്കുമുമ്പു പരവൂർ കേശവനാശാൻ അവർകളുടെ ആധിപത്യത്തിൽ നടന്ന "സുജനാനന്ദിനി" പത്രത്തിന്റെ കവിതാപംക്തിയിൽ കായിക്കര കെ. എൻ. കുമാരൻ എന്നൊരു യുവാവിന്റെ ചില സമസ്യാപൂരണങ്ങളും ഭാഷാന്തരങ്ങളും വർണ്ണനകളും ഞാൻ വായിക്കുകയുണ്ടായി. അതിൽ പല യുവാക്കളുടെ പദ്യങ്ങളും കണ്ടിരുന്നു. അക്കൂട്ടത്തിൽ ഒരു പൊന്തിയ വൈദഗ്ദ്ധ്യത്തോടുകൂടിയാണ് കെ. എൻ. കുമാരന്റെ പദ്യങ്ങൾ ഞാൻ കണ്ടത്.

"കാന്തായാനവസംഗമേ ചതുരതാം
വീക്ഷ്യാന്യഥാ ശങ്കിനോഭർത്തുഃ"

ഇത്യാദിയായ ഒരു സംസ്കൃത പദ്യത്തിന്റെ ഭാഷാന്തരം കെ. എൻ. കുമാരൻ എഴുതിയിരുന്നതു് എന്റെ ഹൃദയത്തെ ആവർജ്ജിപ്പിച്ചു. അതിന്റെശേഷമാണ് "കവിരാമായണ"മെന്ന ഗ്രന്ഥമെഴുതാൻ ഞാൻ തുനിഞ്ഞതു്.

"പ്രായത്തി[illegible]ന്നു ചുനയുണ്ടു-
പഠിപ്പു[illegible]ണ്ടു-
ന്യായത്തിനും തുടരെ[illegible]ല്ല-
കൃതിക്കുമേററം
മായംവെടിഞ്ഞഗുണമുണ്ടിതു-
പോൽവിളങ്ങും
കെ എൻ കുമാരനമലേ!
"ഗവയൻ"ധരിക്കു"

എന്നൊരു പദ്യംകൊണ്ടു കവി രാമായണത്തിൽ "ഗവയൻ" എന്ന വാനരനായകൻെറ സ്ഥാനം കെ. എൻ. കുമാരനു ഞാൻ കൊടുത്തതു് ഇക്കാരണത്താലാണു്"

ഓരോണവർണ്ണന" എന്ന പേരിൽ സഹപാഠികളും സ്നേഹിതന്മാരും ആയിരുന്ന കൊച്ചപ്പിമുതലാളി വെന്നിയോട്ടു പത്മനാഭൻവൈദ്യൻ കുമാരൻ ഇവർ മൂന്നുപേരും പ്രത്യേകം പ്രത്യേകം ഓരോ കവിത എഴുതി അന്നു കോട്ടയത്തുനിന്നും പ്രസിദ്ധംചെയ്തുകൊണ്ടിരുന്ന "മലയാളവിനോദിനി" പത്രത്തിൽ അയച്ചുകൊടുത്തു. ആ പത്രത്തിൽ പ്രസിദ്ധംചെയ്തുകണ്ടപ്പോൾ നമ്മുടെ യുവാക്കൾക്കുണ്ടായിരുന്ന ആനന്ദം, എത്രമാത്രമായിരിക്കുമെന്നു നമുക്കു ഊഹിക്കാമല്ലോ.

"കോരൻ കുസവിട്ടുമുണ്ടു്......" എന്നു തുടങ്ങിയിരുന്ന ഓണവർണ്ണനയായിരുന്നു കവിയുടെ ആദ്യത്തെ അച്ചടിച്ച കവിത. അന്നു കോട്ടയത്തുവച്ചു കൂടിയിരുന്ന് ആദ്യത്തെ കവിസമാജത്തിൽ ഹാജരാകുന്നതിനുവേണ്ടി പുറപ്പെട്ടിരുന്ന പ്രസിദ്ധകവി പെരുനെല്ലിൽ കൃഷ്ണൻവൈദ്യരവർകൾ നെടുങ്ങണ്ട കാക്കക്കുഴിയിൽവച്ചു് ഈ കവിത യാദൃച്ഛികമായി കാണുന്നതിനിടയാവുകയും, വായിച്ചുനോക്കിയിട്ടു കുമാരൻ ആശാൻെറ കവിതയാണു് അതിലേററവും നല്ലതെന്നു അഭിപ്രായപ്പെടുകയും ചെയ്തുപോൽ.

അതിനുശേഷം ഈ യുവകവികളെ വരുത്തി ഒന്നു പരീക്ഷിക്കണമെന്നു വൈദ്യൻ തീർച്ചയാക്കി. ഇവർ മൂന്നുപേർക്കും പുറമേ കാക്കക്കുഴിയിൽ പത്മനാഭൻവൈദ്യരവർകളെക്കൂടി പരീക്ഷ്യരിൽ ഒരംഗമായി ചേർത്തു. കൃഷ്ണൻവൈദ്യൻ സ്രഗ്ദ്ധരാവൃത്തത്തിൽ ഒരു "സമസ്യ"ഇട്ടുകൊടുത്തിട്ടു് ഇവരോടു പൂരിപ്പിയ്ക്കാൻ പറഞ്ഞു.

"താലോലിച്ചദ്ഗജത്തെ പരിചൊടു
പരിലാളിച്ചുപാലിച്ചുമന്നാം"

ഇതായിരുന്നു സമസ്യ കുമാരൻ ആശാൻ മാത്രമേ സമസ്യ തെററുകൂടാതെ പൂരിപ്പിച്ചുള്ളു. ആശാൻ പൂരിപ്പിച്ചതു് താഴെ കാണുംപ്രകാരമാണു്.

"കാലൻതൻകാലനാകും ത്രിപുരദഹനനായാനവേഷംചമഞ്ഞ-
ക്കാലംനീലാരവിന്ദത്തളിരൊളി
മിഴിയാൾതൻരസാപ്രൗഢയായി
മാലില്ലാതേവസിച്ചദ്ഗിരിസുത
പ്രസവിച്ചാനയെക്കണ്ടുദേവൻ
താലോലിച്ച..................
പാലിച്ചുമന്നാം"

കൃഷ്ണൻവൈദ്യൻ ഏതുവിധമാണു പൂരിപ്പിച്ചതെന്നറിയുന്നതിനു വായനക്കാർക്കു ജിജ്ഞാസയുണ്ടായിരിക്കുമെന്നു കരുതി ആ ശ്ലോകം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

"കാളുംകോപംകലർന്നങ്ങൊരു
മുതലപിടിച്ചോട്ടുനട്ടംതിരിച്ചാ-
യോളത്തിൽതാണുകേണീടിന
കൊടുമതിയാമാനയിൽതാനലിഞ്ഞും
"വാളുരിപ്പാഞ്ഞുചെന്നാ വലിയമുതല
യേക്കൊന്നുതൻ തൃക്കരത്താൽ
താലോലി.................
പാലിച്ചുമന്നാം."

പ്രസിദ്ധകവിയായ കൃഷ്ണൻവൈദ്യരെ കുവച്ചുവയ്ക്കത്തക്കവണ്ണം അർത്ഥപുഷ്ടി ശയ്യാഗുണം ഇവയിൽ കേവലം തരുണനും കവിയശഃപ്രാർത്ഥിയുമായ കുമാരനു്, എത്രമാത്രം സാമർത്ഥ്യമുണ്ടായിരുന്നെന്നും മേലുദ്ധരിച്ച പദ്യങ്ങൾകൊണ്ടും വായനക്കാർക്കു് അനുമാനിയ്ക്കാൻ കഴിയുമെല്ലോ.

"ഒരു വക്കീൽ വർണ്ണനയും" മററുചില ചില്ലറ പദ്യങ്ങളും കവി ഇക്കാലത്തു്,

എഴുതിയിട്ടുള്ളതായി അറിഞ്ഞു. അതു അന്നു പത്രങ്ങളിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്.

"വക്കീൽ വർണ്ണനയി"ലെ ഒരു പദ്യം മാതൃകയ്ക്കായി താഴെ ചേർക്കുന്നു.

"ലാകൊണ്ടും പലകേസ്സിലും ജയമതാ
വാകൊണ്ടു മുണ്ടാക്കിയ
ങ്കീകണ്ടോരു ജനത്തോടൊക്കെ റഡി-
യായ് രൂപാകരം വാങ്ങിച്ചുടൻ
കോരം കണ്ടോരിവരൊക്കയെങ്ങതി മഹാൻ
"മുത്ത്നായകം" പിള്ളയാ
മാകണ്ടെന്നു് സലാം കൊടുത്തനുദിനം
വാഴണ്ടയോ വേണ്ടയോ? "

ഇപ്പോൾ ഹൈക്കോടതി ജഡ്ജിയായി പെൻഷൻപററി വിശ്രമിയ്ക്കുന്ന ശ്രീമാൻ മുത്തുനായകംപിള്ള അവർകൾ അക്കാലത്തു് ഹൈക്കോടതി വക്കീലായി വ്യവഹരിച്ചുകൊണ്ടിരിയ്ക്കുകയായിരുന്നു. അദ്ദേഹത്തെപ്പോലെ ബഹുമാന്യമായ നിലയിൽ തങ്ങൾക്കും എത്തിച്ചേരേണമെന്നുള്ളതായിരുന്നു മററു സാധാരണക്കാരായ വക്കീലന്മാരുടേയും മോഹം. അതിനെ കവി വളരെ ചമല്ക്കാരത്തോടുകൂടി വർണ്ണിക്കയാണു് മേൽ കാണുന്ന ശ്ലോകംകൊണ്ടു സാധിച്ചിട്ടുള്ളതു്.

കുമാരനോടൊപ്പം തന്നെ അന്നു കായിക്കര നിന്നും "മലയാള വിനോദിനിയ്ക്കും" പദ്യങ്ങൾ അയച്ചുകൊണ്ടിരുന്ന ഒരു മാന്യൻ ഉണ്ടായിരുന്നു. ഇദ്ദേഹം അരയൻ വിളാകത്തു "കൊച്ചാതിയാശാൻ" എന്ന പേരിൽ അറിയപ്പെടുന്ന ഒരു സംസ്കൃതവ്യുല്പന്നനാണു്. അദ്ദേഹം അന്നു അയച്ചുകൊടുത്തിരുന്ന ചിലപദ്യങ്ങൾ തീരെ ആശാസ്യമല്ലെന്നും പല ന്യൂനതകളും അവയിൽ പരിഹരിയ്ക്കപ്പെടേണ്ടതുണ്ടെന്നും കുമാരൻ ആ പത്രത്തിൽ എഴുതി അയച്ചുകൊടുത്തു. പക്ഷെ തന്റെ മാതുലനായ കൊച്ചുരാമൻ വാദ്ധ്യാരുടെ പേരുവച്ചാണു് ലേഖനം അയച്ചുകൊടുത്തിരുന്നതു്. ഇതുകണ്ടു ക്ഷുഭിതനായ കൊച്ചാതിയാശാൻ തന്റെ പദ്യദോഷത്തെ ചൂണ്ടിക്കാണിച്ചു തരണമെന്നു് കാണിച്ചു താഴെ കാണുന്നവിധം ഒരു പദ്യം പത്രത്തിനയച്ചുകൊടുത്തു.

"മല്ലിന്നുഭാവിച്ച ഭവാനൊരല്പം
ചൊല്ലേണമിന്നെന്നുടെ പദ്യദോഷം
വല്ലാതെതുല്ലെന്നു പറഞ്ഞുമാറീ-
ടൊല്ലേ; ബുധന്മാരുടെ ചൊല്ലുപാത്താൽ"

ഇതിനു ആശാന്റെ മറുപടി ഇങ്ങനെയാണു്.

"ഞാനല്പം താങ്കളോടിന്നിയുമുറവഷളാം-
പദ്യമോതാതിരിപ്പാം-
നേനത്തിൽകേരം, തട്ടത്തിപ്പൊഴുതിലത്തു.
വിരോധത്തിലായ് വന്നുചേർന്നു.
ഊനം വിട്ടൊന്നു വെട്ടാമിനിയൊരുപട-
....
................................."

എന്നു്തന്റെ സന്നദ്ധതയെ യാതൊരു കൃസലും കൂടാതെ വെളിപ്പെടുത്തുകയാണു് ചെയ്തതു്.

ആററുങ്ങൽ മുൻസിഫ് കോർട്ടിൽ വ്യവഹരിച്ചുവരുന്ന അഡ്വക്കേററു ശ്രീമാൻ ജീ. ദാമോദരൻ എം. എ. ബി. എൽ അവർകളുടെപിതാവു് മണമ്പൂർ വാഴാംകോട്ട ഗോവിന്ദനാശാൻ അക്കാലത്തെ സംസ്കൃതവിദ്വാന്മാരിൽ പ്രഥമഗണനീയനായിരുന്നു. ഇദ്ദേഹം തന്റെ ആയുഷ്ക്കാലം മുഴുവനും അദ്ധ്യാപകവൃത്തിയെഅവലംബിച്ചു ഏററവും മാന്യമായ നിലയിൽ ജീവിതം നയിച്ച ഒരു മഹാനാണു്. ഉടയാംകുഴിയിൽ കൊച്ചുരാമൻ ആശാനും അനുജൻ മാർത്താണ്ഡനാശാനും അദ്ധ്യാപക വൃത്തി മതിയാക്കിയതോടുകൂടി ചിറയിൻകീഴ് നെടുങ്കണ്ട, കായിക്കര, ഈ സ്ഥലനിവാസികൾക്കു തങ്ങളുടെ കുട്ടികളെ സെക്കെണ്ടു

മായി അയച്ചു പഠിപ്പിക്കുന്നതിനു സാധിക്കാതെ വന്നപ്പോൾ അവരിൽ ചിലർ പ്രധാനമായി കാക്കക്കുഴി രാമൻ വൈദ്യൻ മുതൽ പേരുടെ ഉത്സാഹത്തിൽ ഗോവിന്ദനാശാനെ അങ്ങോട്ടു ക്ഷണിച്ചു വരുത്തി നെടുങ്ങണ്ടതന്നെ അദ്ദേഹത്തിനു താമസിക്കുന്നതിനു ഒരു കെട്ടിടവും അതിനോടുചേർത്തു ഒരു പാഠശാലയും സ്ഥാപിച്ചുകൊടുത്തു. "വിജ്ഞാനസന്ദായിനി" എന്ന പേരിൽ അറിയപ്പെട്ടിരുന്ന സംസ്കൃതപാഠശാല ഇങ്ങിനെ ഉത്ഭവിച്ചിട്ടുള്ളതാണു്.

ഇവിടെ ഒരു വിദ്യാർത്ഥിയായി കുമാരൻ ചെന്നു പഠിച്ചുതുടങ്ങി. ഇതു് കൊല്ലവർഷം 1064—ൽആണു്. അന്നു ആശാനു കഷ്ടിച്ചു 16 വയസ്സുമാത്രമേ പ്രായമുള്ളു. സഹപാഠികൾ ശ്രീ. കൊച്ചപ്പിമുതലാളി, കാക്കക്കുഴിയിൽ പത്മനാഭൻ വൈദ്യൻ, അനുജൻ കൊച്ചുശങ്കരൻ വൈദ്യൻ, കല്ലൻകോണത്തു കൊച്ചുകൃഷ്ണനാശാൻ തുടങ്ങിയവരായിരുന്നു. കുമാരൻ പാഠശാലയിൽചെന്നുചേർന്നപ്പോഴേക്കും പാഠശാല സ്ഥാപിച്ചിട്ടു ആറുമാസം കഴിഞ്ഞിരുന്നു. അപ്പോഴത്തേക്കു "മാഘത്തിൽ" പകുതിയിലധികം പാഠങ്ങൾ കഴിഞ്ഞിരുന്നു. കൂട്ടുകാർ ഒരു ശ്ലോകം പഠിക്കുന്ന സമയംകൊണ്ടു കുമാരൻ രണ്ടും മൂന്നും ശ്ലോകങ്ങൾ പഠിച്ചുകഴിയും. ആശാൻ ശ്ലോകം പറഞ്ഞു കൊടുക്കുന്ന താമസം മാത്രമേവേണ്ടു; അപ്പോഴേക്കു കുമാരൻ പാഠം പഠിച്ചുകഴിയും, കുമാരനു ഒരു പാഠം ഒരു പ്രാവശ്യത്തിലധികം അദ്ധ്യാപകൻ പറഞ്ഞുകൊടുക്കേണ്ടിവന്നിട്ടില്ല. കുമാരൻ ആശാൻ ചെന്നുചേർന്നു ഉദ്ദേശം ആറുമാസം കഴിയുന്നതിനു മുമ്പായി മററു സഹപാഠികളോടുതുല്യം എത്തിച്ചേരുകയും പിന്നീടു ആശാൻ എല്ലാവർക്കും ഒരുമിച്ചു പാഠങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്തു. സതീർത്ഥ്യന്മാർക്കു വല്ലതും സംശയ നിവൃത്തി വേണമെങ്കിൽ അവർ കുമാരനെ ശരണം പ്രാപിക്കുക പതിവായിരുന്നു. ഗോവിന്ദനാശാനു് ചിലപ്പോൾ കാര്യവശാൽ വല്ല സ്ഥലത്തും പോകേണ്ടതായി വന്നാൽ പാഠങ്ങൾ എടുക്കുന്നതിനുള്ള ചുമതല കുമാരൻ ആശാനെ ഏല്പിച്ചിട്ടു പോവുക പതിവായിരുന്നു. എന്നാൽ അന്നു പഠിച്ചിരുന്ന സതീർത്ഥ്യരിൽ എല്ലാവരിലും പ്രായത്തിലും നീളത്തിലും കുറഞ്ഞ ആൾ കുമാരൻ അല്ലാതെ മററാരുമായിരുന്നില്ല.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ആശാൻ അനിതരസാധാരണമായ പ്രതിഭാശക്തിയും അസാമാന്യമായ സാമർത്ഥ്യവും പ്രദർശിപ്പിച്ചിരുന്നുഎന്നുള്ളതു് പ്രസിദ്ധമാണു്. ഗോവിന്ദനാശാൻെറ പാഠശാലയിലുള്ള കവിതാപരീക്ഷകളിൽ 'സ്രഗ്ദ്ധര' 'ശാർദ്ദൂലവിക്രീഡിതം' മുതലായ വൃത്തങ്ങളിൽ മണിക്കൂറിൽ 30-40 ശ്ലോകങ്ങൾ എഴുതുന്നതു ഈ വിദ്യാർത്ഥിക്കു തീരെ പ്രയാസമുള്ള കാര്യമായിരുന്നില്ല. "പിൽക്കാലത്തു ഞാൻ അങ്ങിനെ എഴുതാറില്ല. വൃത്തഭംഗം കൂടാതെ എഴുതണമെന്നേ അന്നു നോട്ടമുണ്ടായിരുന്നുള്ളു. അർത്ഥപുഷ്ടി ആശയഗാംഭീര്യം ശയ്യാഗുണം തുടങ്ങിയ കാര്യങ്ങളിൽ അത്ര നോട്ടമുണ്ടായിരുന്നില്ല. പക്ഷെ അതൊക്കെ അറിയാനുള്ള കഴിവും അന്നു അത്രയ്ക്കു ഉണ്ടായിരുന്നുള്ളു." എന്നു ആശാൻ ഈ സംഭവത്തെപ്പററി പറഞ്ഞിട്ടുള്ളതായി അറിയുന്നു.

ഇതുകൂടാതെ പല കൃതികളും ഇക്കാലത്തു ആശാൻ എഴുതിട്ടുണ്ടു്. "വള്ളീവിവാഹം (അമ്മാനപ്പാട്ടു) സുബ്രഹ്മണ്യശതകം (സ്തോത്രം) ഉഷാകല്യാണം (നാടകം) ഇവ പ്രത്യേകം പ്രസ്താവ്യമാണു്. ഇവയിൽ സുബ്രഹ്മണ്യശതകം, കൊടുങ്ങല്ലൂർ കുഞ്ഞി

കുട്ടൻ തമ്പുരാൻ മുതലായവരുടെ പ്രശംസാപത്രങ്ങളോടുകൂടി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മററു രണ്ടു കൃതികൾ അച്ചടിച്ചിട്ടില്ല.

"കേരളപ്പിൻ ഗീർവ്വാണഭാഷാസുരതരു-
സമനാകുന്ന ഗോവിന്ദനാമാ
ചൊൽപ്പൊങ്ങും ദിവ്യധീമാനടിയനൊ-
ടൊരുനാൾ ചൊല്ലി വള്ളീവിവാഹം
നൽപ്പായ് പാട്ടാക്കണം നീ, അടിയന-
മതുകേട്ടാർത്തി വിട്ടാജ്ഞയാകും
നൽപ്പൂന്തേൻകുംഭമേന്തീട്ടടി വടി-
വൊട്ടുകൂപ്പിട്ടു ചൊല്ലുന്നിതേവം"

ഇഷ്ടദേവതയെ സ്തുതിച്ചു കൊണ്ടാണല്ലോ സാധാരണമായി കവികൾ കവിത എഴുതി തുടങ്ങുന്നതു്. അതനുസരിച്ചു ഈ കൃതിയും അങ്ങിനെയാണു് തുടങ്ങുന്നതു്. എന്നാൽ പിൽക്കാലത്തു് ആശാൻ ഈ മാതിരി പടങ്ങുകൾ ഒന്നുംതന്നെ ആചരിക്കാറില്ലെന്നും, സ്വതന്ത്രമായ ഒരു രീതിയാണു് തുടന്നിട്ടുള്ളതെന്നും കാണാൻ കഴിയുന്നതാണു്.

"ക്ഷീരപാരാവാരശയനൻതാനുമാ
രമാദേവിയും
നാരീഗൌരി ഹേരംബൻതാനും"

ഇങ്ങനെയാണു് കഥയുടെ പ്രാരംഭം.

പരമേശ്വരനും പാർവ്വതിയും സുബ്രഹ്മണ്യനുമായി ഊഞ്ഞാലാടിക്കൊണ്ടിരിക്കുമ്പോൾ പാർവ്വതി മകനോടു് ഇങ്ങനെപറയുന്നു:—

"സൂനോ സൂനോപമ ശ്രീ തടവിവിലസു [മെൻ
പൊൻകുഴന്തേ വടിക്കീ-
ഞാനോ നിന്മേനി താങ്ങുന്നതിനൊരു
കുടിടാതാടലെന്യേ [കുറവും
വാനോർവന്ദിയ്ക്കുമുണ്ണീതവജനകനമീ
ഞാനുമങ്ങോട്ടെഴുന്നാൽ
തനേകയ്യുംപിടിച്ചീതടിയിലിനിയിരു
ന്നാടിടാമോവിടാമോ ?"

വള്ളിയുടെ വിവാഹാലോചനസമയത്തു് കോടൻകണിയാനെ ആനയിച്ചു. ഒരു അരിക്കുറത്തി കൈനോക്കാനും വരുന്നുണ്ടു്. വള്ളിയുടെ കൈനോക്കി കുറത്തി ഫലം പറയുന്ന ഭാഗം തന്മയത്വം കൊണ്ടും കവിതാഗുണം കൊണ്ടും വളരെ മെച്ചമാണെന്നു് അക്കാലത്തു് ആശാന്റെ സഹപാഠികളിൽ ഒരാളായ കല്ലൻകോണത്തു് കൊച്ചുകൃഷ്ണനാശാൻ തന്നെ ഈ ലേഖകനോടു പറഞ്ഞിട്ടുണ്ടു്. ഭാഗ്യദോഷം കൊണ്ടു ആ ഭാഗം ഇതുവരെ കണ്ടുകിട്ടാൻ സാധിച്ചിട്ടില്ല. ഇത്രയും തന്നെയും കൊച്ചുകൃഷ്ണൻ ആശാൻെറ സന്മനസ്സുകൊണ്ടും അദ്ദേഹത്തിൻെറ ഓർമ്മയിൽനിന്നും കുറിച്ചെടുത്തിട്ടുള്ളതാണു്. അതിലേയ്ക്കു ലേഖകൻ അദ്ദേഹത്തോടു എന്നും കടപ്പെട്ടിട്ടിരിക്കുന്നു.

പുസ്തകരൂപത്തിൽ ആദ്യമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ ആശാൻെറ കവിത 'സുബ്രഹ്മണ്യശതക' മാണെന്നു് മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. പുസ്തകത്തിൻെറ തലക്കെട്ടുകൊണ്ടുതന്നെ. പ്രസ്തുതകൃതി ശ്രീ സുബ്രഹ്മണ്യനെപ്പററിയുള്ള സ്തോത്രങ്ങളാണെന്നു് വ്യക്തമാകുന്നു. പ്രാരംഭം ഇങ്ങിനെയാണു്.

"അണകവിയുന്നഴലാഴിയാഴമെന്നിൽ
പ്രണയമുഴിച്ചുപരനുപാരവശ്യാൽ
അണികരമേകിയണഞ്ഞിടുന്നനാരാ-
യണഗുരുനായകനെൻെറദൈവമല്ലോ"

ഇക്കാലത്തുതന്നെയായിരിക്കണം കവിയ്ക്കു ശ്രീ നാരായണഗുരുസ്വാമികളെ പരിചയപ്പെടാനിടയായതെന്നു തെളിയുന്നുണ്ടു്.

ഗണപതി,സരസ്വതി, പാർവ്വതി, പരമശിവൻ ഇവരെ സ്തുതിച്ചതിനു ശേഷം സുബ്രഹ്മണ്യനെ ഇങ്ങിനെ സ്തുതിക്കുന്നു.

പുരാരിയെന്നും പുണരുന്ന പൈതലേ
പുരാണമുള്ളിൽ പുലരുന്ന കാതലേ
വിരാമമെന്യേ വിലസുന്ന ദീപമേ
പുരാതനപ്പൂങ്കൊടിയേ ജയിക്കനീ.
പ്രാണനാ[illegible]ദേവൽപദാംബുജം
കാണുമാറുകരുതാതെ കശ്മലൻ
വീണനായീ വളരുന്നു വെങ്കിലും
കാണി നീ കരുണചെയ്ക ദൈവമേ!
തീനെടുത്തിനി വെറുക്കുമെങ്കിലും
വാനടുത്തവഴി കാണുമെങ്കിലും
കോനെടുത്തു കുടിവയ്ക്കു മെങ്കിലും
ഞാനെടുത്ത ജനിനന്നു ദൈവമേ!

എന്നു പാപിയായ തന്നെ കാത്തുരക്ഷിച്ചു കൊള്ളണമെന്ന് ശ്രീ സുബ്രഹ്മണ്യഭഗവാനിൽ അഭയംപ്രാപിച്ചും ആ ദിവ്യമൂർത്തിയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചു കൊണ്ടും കവി വിരമിക്കുന്നു.

മതിമതി ഗുഹമാഹാത്മ്യം
മതിക്കുന്നനേരം
മതിയിൽ മഹിതമൌനം
വന്നുതാനേ കരേറും
പതിതനഗതി ഞാനോ
പാപി, നീയല്ലയോയെൻ
പതി പരമദയാലോ
പാഹിമാം ബാഹുലേയ!

പ്രിയശിഷ്യന്റെ ഇദംപ്രഥമവും, എന്നാൽ അഭിനന്ദനീയവുമായ സംരംഭത്തെ പ്രശംസിച്ചുകൊണ്ട് ഗോവിന്ദനാശാൻ തന്നെ താഴെക്കാണുന്ന പ്രകാരം ഒരു സർട്ടിഫിക്കേററു നൽകുകയുണ്ടായി.

"കുമാരലീലാ കലിതംസുവൃത്തം
കുമാരലീലാ കലിതംസുവൃത്തം
സംപ്രീതിദാത്രം സതതംവിഭക്ത്യാ
സംപ്രീതിദാത്രം സതതംവിഭക്ത്യാ"

ആശാന്റെ ബാല്യകൃതികളിൽ പെട്ടതായ "ഉഷാകല്യാണം ഭാഷാനാടകം" ഇപ്പോഴും അജ്ഞാതമായിട്ടുതന്നെ കിടക്കുകയാണ്. ഇക്കാലത്തെ ഇതരകൃതികൾ എന്നപോലെ ഇതിന്റെയും കയ്യെഴുത്തു പ്രതി എത്രതന്നെ അന്വേഷണം ചെയ്തിട്ടും കണ്ടുകിട്ടാൻ കഴിഞ്ഞിട്ടില്ല തന്നെ. ഇപ്പോൾ ലഭ്യമായിരിക്കുന്ന ചില സ്ഥൂലവിവരണങ്ങൾ തന്നെയും കവിയുടെ സഹപാഠികളിൽ ഒരാളായ ശ്രീമാൻ സി. കെ. മാധവൻ മുതലാളിയുടെ സന്മനസ്സുകൊണ്ടു സിദ്ധിച്ചിട്ടുള്ളതാണെന്ന് ഇവിടെ പ്രത്യേകം പ്രസ്താവിച്ചു കൊള്ളുന്നു.

പ്രസ്തുതനാടകം കായിക്കരയുള്ള യുവജനങ്ങൾ പഠിച്ചു പലപ്രാവശ്യം ഏററവും വിജയകരമായി അഭിനയിച്ചിട്ടുള്ളതാണെന്നറിയുമ്പോൾ തന്നെ കവിതാസംബന്ധമായി അതിനുള്ള മെച്ചം എത്രയാണെന്നു ഊഹ്യമാണല്ലോ.

കഥാവസ്തു പുരാണസംബന്ധമായ ഒന്നാണെന്ന് ഇതിന്റെ തലക്കെട്ടുകൊണ്ടു തന്നെ വിശദമാകുന്നതാണ്. ഇതിന്റെ പ്രസ്താവനയിൽ സൂത്രധാരനും നടിയും പ്രവേശിച്ച് അവർതമ്മിൽ സംവാദം ചെയ്യുന്നതായ ഒരു രംഗമുണ്ട്.

"ആര്യേ! ഇന്നു ഇവിടെ കൂടിയിരിക്കുന്ന സഹൃദയരായ സഭാവാസികളെ ഭവതിയുടെ നടനകലാ സാമർത്ഥ്യംകൊണ്ടും സന്തോഷിപ്പിച്ചയയ്ക്കണം.

നടി:—"ഏതു നാടകമാണ് ഇന്നിവിടെ അഭിനയിക്കേണ്ടതെന്ന് ആര്യൻ ആജ്ഞാപിച്ചാലും."

സൂത്ര:—"കായിക്കര കെ. എൻ. കുമാരനാൽ വിരചിതമായ "ഉഷാകല്യാണം" ഭാഷാനാടകം കൊള്ളാമെന്ന് എനിക്കു തോന്നുന്നു. ഭവതിയുടെ അഭിമതം എന്താണ്."

നടി:—(ആശ്ചര്യത്തോടുകൂടി) ഹേയ്! ആ കൊച്ചാശാൻ മുതലാളിയുടെ കണക്കെഴുത്തുപിള്ളയായിരുന്ന കുമാരൻ എഴുതി

യതോ! മഹാകവി കാളിദാസൻ, ഭവഭൂതി തുടങ്ങിയ പ്രാചീനകവി ശ്രേഷ്ഠന്മാരാൽ വിരചിതമായ ശാകുന്തളം ഉത്തരരാമചരിതം മുതലായ നാടകങ്ങൾ അത്ര സുലഭമായിരിക്കുമ്പോൾ കവിയശഃപ്രാർത്ഥികളും കേവലം അപ്രസിദ്ധന്മാരുമായ ഇവരുടെ കൃതികൾ അത്ര ബുദ്ധിമുട്ടി തേടിപ്പിടിക്കേണ്ട ആവശ്യം വല്ലതുമുണ്ടോ?"

സൂത്ര:—"ഭവതി അങ്ങിനെയാണോ ധരിച്ചിരിക്കുന്നതു്. മഹാന്മാരുടേയും നദികളുടേയും ഉൽപത്തി ആരെങ്കിലും അന്വേഷിക്കാറുണ്ടോ? സഹൃദയരായ മാന്യമഹതീജനങ്ങളാൽ അലംകൃതമായിരിക്കുന്ന ഈ മാന്യസദസ്സിന് ഹൃദയാഹ്ളാദകരവും വിജ്ഞാനപ്രദവും ആകുന്നതിനു യാതൊന്നും പര്യാപ്തമാകുമെങ്കിൽ അതിനെ സ്വീകരിക്കയെന്നല്ലാതെ അതിനു കാരണഭൂതൻ ആരെന്നു അന്വേഷിക്കേണ്ട ആവശ്യമുണ്ടോ? എങ്ങിനെയെന്നാൽ

"ചേറിൽ നിന്നുയരിലും സരോരുഹം
നാറുമോ കളയുമോ മരാളകം"

ഗോവിന്ദനാശാൻെറ പാഠശാലയിൽ ഉദ്ദേശം രണ്ടുകൊല്ലക്കാലത്തോളം പഠിച്ചശേഷം കുമാരൻ തൻെറ. 18 മത്തെവയസ്സിൽ ആ പാഠശാലവിടാൻ നിർബ്ബന്ധിതനായി.

ആശാൻെറ കാവ്യകലയെ സംബന്ധിച്ചിടത്തോളം അതിൻെറ ബാല്യദശയിലെ ഏതാണ്ടൊരു സംക്ഷേപം മാത്രമാണു് നാം ഇതുവരെ കണ്ടുകഴിഞ്ഞതു്. ഇതിൽഎത്രയോ അധികം മനോഹരകാവ്യതല്ലജങ്ങൾ അവയുടെ സൌരഭ്യധോരണി ബഹുജനങ്ങൾക്കു ഉപകാരപ്പെടാത്ത വിധത്തിൽ അനാഘ്രാത വനകുസുമങ്ങൾ പോലെ വാടിക്കരിഞ്ഞു പോയിരിക്കണം. നഷ്ടമായതിനെപ്പററി ഖേദിയ്ക്കാതെ നമുക്കു ലഭ്യമായതിനെ മാത്രം എത്രയും സന്തോഷത്തോടുകൂടി സ്വീകരിച്ചു കൊള്ളാം. ഇപ്പോൾ തന്നെ അധികം ദീർഘിച്ചുപോയ ഈ ലേഖനം ഇവിടെ ഉപസംഹരിച്ചു കൊള്ളുന്നു.

പഞ്ചേന്ദ്രിയങ്ങളാം ശാഖികളെങ്ങുമേ
അഞ്ചാതെപൂത്തുതഴച്ചതിങ്കൽ
സഞ്ചരിക്കുന്ന വിഹംഗമെ താവക
സഞ്ചിതസൌഭാഗ്യ പൊൻചിറകൊ
താണുപറക്കുവാൻ കല്പിച്ചതല്ലഹോ
കേണുപതിക്കാൻ ചമച്ചതല്ല
താനെപറക്കുക മേല്പോട്ടുമേല്പോട്ടായ്
പ്രാണനും പ്രാണമാംപാണിതന്നിൽ.

(സ്വ.)

യൂറോപ്പിന്റെ ഭാഗധേയം സൃഷ്ടിക്കുവാനിരുന്ന രണ്ടു് സർവ്വാധിപതികൾ

(ഹിററ്ലറും, സ്റ്റാലിനും)

(കെ. കൃഷ്ണൻനായർ, ശാന്തിനികേതൻ)

ലോകചരിത്രത്തിന്റെ മറെറാരു കോണിലും തന്നെ കാണുവാൻ കഴിയാത്ത രണ്ടു് അത്ഭുതമനുഷ്യരെയാണു് ഇരുപതാം നൂററാണ്ടു് യൂറോപ്പിൽ കാഴ്ചവക്കുകയുണ്ടായതു്! 1914-ലെ, ലോകമഹായുദ്ധാവസാനത്തോടുകൂടി മഴയിൽ കിളർത്ത 'തകര'ച്ചെടികളെപ്പോലെ ഹിററലറും സ്റ്റാലിനും വെളിയിൽ വന്നു. യുദ്ധാനന്തരസംഭവങ്ങൾ അവരുടെ ജീവിതപ്രയാണത്തിനു് വേഗത കൂട്ടി. രണ്ടുപേരുടേയും ജീവിതപന്ഥാക്കൾ വ്യത്യസ്തങ്ങളായിരുന്നെങ്കിലും, ലക്ഷ്യം ഒന്നുതന്നെയായിരുന്നു. അവസാനം രണ്ടുപേരും സാമ്രാജ്യാധിപതികളായിത്തീരുകതന്നെ ചെയ്തു. ഹിററലർ നാസിജർമ്മനിയുടെ സർവ്വാധിപതിയായിത്തീർന്നെങ്കിൽ, സ്റ്റാലിൻ തൊഴിലാളിറഷ്യയുടെ സർവ്വസേനാധിപതിയായിത്തീർന്നു.

1918-ലെ ജർമ്മൻ വിപ്ലവത്തിന്റെ അനന്തരഫലങ്ങളാണു് ഹിററലരെ അധികാരപദത്തിലേക്കുയർത്തിയതെന്നു പറയാം. യുദ്ധാവസാനത്തോടുകൂടി ജർമ്മനിയ്ക്കു നേരിടേണ്ടിവന്നിരുന്ന വിപത്തുകൾ ഒട്ടനവധിയായിരുന്നു. ഒരുവശത്തു് യുദ്ധത്തിൽ തോററു കീഴടങ്ങേണ്ടിവന്ന അപമാനവും. തന്മൂലമുണ്ടായ നിരാശയും അടിമത്വവുമെങ്കിൽ, മറെറാരുവശത്തു് ആഭ്യന്തരകലഹങ്ങളും, തൊഴിലില്ലായ്മയും സാമ്പത്തികാധഃപതനവും. ഇവയെല്ലാം അധപ്പതനത്തിലേക്കു് ചവുട്ടിത്താഴ്ത്തിക്കൊണ്ടിരുന്ന ഒരു വിഷമസന്ധിയിലാണു്, ജർമ്മനിയെ ഉയത്തെഴുന്നേല്പിക്കുവാനെന്ന പേരിൽ ഹിററ്ലർ, രംഗപ്രവേശം ചെയ്തതു്. ജർമ്മനിയിൽ നിലവിലിരുന്ന എല്ലാ ജനകീയപ്രസ്ഥാനങ്ങളും അധികാരത്തിനുവേണ്ടി തങ്ങളിൽ പൊരുതിക്കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. തത്സമയം, ഹിററലക്കു് 'നാസി'കക്ഷിയെന്നപേരിൽ അറിയപ്പെടുന്ന തന്റെ സംഘടന രൂപീകരിക്കുവാനും ദേശീയതയുടെ പേരിൽ സാമാന്യജനങ്ങളുടെ വികാരങ്ങളെ തട്ടിയുണർത്തി, അവരുടെ അനുഭാവവും സഹകരണവും നേടുവാനും പ്രയാസമുണ്ടായില്ല. അന്നു് 'സോഷ്യൽ ഡിമോക്രട്ടു'കൾ അധികാരത്തിലിരിക്കുകയാണെങ്കിലും, കമ്മ്യൂണിസ്ററുകളുമായിട്ടുള്ള മത്സരത്തിന്റെയും കുഴപ്പങ്ങളുടെയും ഫലമായി ശക്തി ക്ഷയിക്കുകയും, 'നാസി'കക്ഷി, അധികാരം പിടിച്ചെടുക്കുകയുമാണുണ്ടായതു്.

ലോകമഹായുദ്ധത്തിൽ രക്തത്തിൽ കുഴിച്ചുമൂടപ്പെട്ട ജർമ്മനിയുടെ ഉയത്തെഴ

ന്നേൽപിന്ന് കാരണക്കാരൻ ഹിററ്ലർ തന്നെയെന്നുള്ളതിന്ന് സംശയമില്ല. ചുരുങ്ങിയ കുറെ വഷങ്ങൾകൊണ്ടു്, വീണ്ടും ജമ്മനിയെ ഒരു മഹത് ശക്തിയാക്കിത്തീക്കുവാൻ ഹിററ്ലക്കു സാധിച്ചു. എന്നാൽ അവിടെ അതവസാനിച്ചില്ല. സങ്കുചിതങ്ങളായ ദേശീയവികാരങ്ങളുമട പ്രേരണക്കു് വശംവദനായി തലക്കു മത്തുപിടിച്ച ഒരു സർവ്വാധിപതിയെയാണു് അടുത്തതായി ലോകം ദശിക്കുവാനിടയായതു്. അശക്തരായ സമീപരാഷ്ട്രങ്ങൾ ഹിററലരുടെ പ്രയാണത്തിൽ ഭയചകിതരായിത്തീന്നു. അവക്കു് സ്വാതന്ത്ര്യത്തിൻെറ കണികപോലും ശ്വസിക്കുവാനില്ലാതായി. ലോകത്തെ മുഴവൻ കൊള്ളയടിച്ചെങ്കിലും ജമ്മനിയുടെ പള്ള വീപ്പിക്കുവാൻതന്നെ ദുരാഗ്രഹിയായ ഹിററ്ലർ തയാറെടുത്തു. സമീപരാഷ്ട്രങ്ങളെ വിഴുങ്ങുവാനുള്ള ദുമ്മോഹംനിമിത്തം അയാൾ യുദ്ധത്തിലേക്കു ചാടിവീണു. അങ്ങിനെ രണ്ടാമത്തുമൊരു ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുകയുണ്ടായി. പക്ഷേ, ഹിററ്ലരുടെ ദുമ്മോഹങ്ങൾ വിഫലീകൃതങ്ങളാവുകയാണുണ്ടായതു്. ഒരുകാലത്തു് അയാളെ ലോകം അതീവ ഭയപ്പെട്ടിരുന്നു. എന്നാൽ യുദ്ധം അവസാനിച്ചതോടുകൂടി, ആ-ലോകകണ്ടകൻെറ കഥയും അവസാനിച്ചുകഴിഞ്ഞതായി കരുതാവുന്നതാണു്.

അന്ധമായ ദേശീയതയുടെ അടിയൊഴുക്കിൽ പെട്ടതുകൊണ്ടുമാത്രമാണു്, ജമ്മനി വീണ്ടും നാശഗത്തത്തിലാണ്ടുപോയതെന്നു് പറയുന്നതിൽ അബദ്ധമില്ല. ഹിററ്ലർതന്നെയാണു് ഇന്നവരുടെ നാശത്തിനും ഉത്തരവാദി. ഹിററലരുടെ സ്വേച്ഛാധിപത്യത്തിൻകീഴിൽ ജമ്മൻജനതക്കനുഭവിക്കേണ്ടിവന്ന യാതനകളനവധിയാണല്ലോ. അവക്കു് യാതൊരുവിധ സ്വാതന്ത്ര്യവും അനുവദിച്ചിരുന്നില്ല. കടുത്ത കാരാഗൃഹമർദ്ദനങ്ങൾക്കും കൂട്ടക്കൊലകൾക്കും ജമ്മൻജനത വിധേയരാകേണ്ടിവന്നു. സ്വേച്ഛാധികാരിയായ ഒരു സർവ്വാധിപതി എന്തൊക്കെ നടത്തിയിരിക്കുമെന്നു് വിഭാവനം ചെയ്യുകപോലും സാദ്ധ്യമല്ല. തൻെറ നിഷ്ഠൂരങ്ങളായ പ്രവത്തികൾക്കു് ഹിററലർ നൽകിക്കൊണ്ടിരുന്ന ഏക സമാധാനം ഇതൊന്നു് മാത്രമായിരുന്നു. പിതൃരാജ്യത്തെ സംരക്ഷിക്കുകയെന്ന അനിവാര്യമായ ചുമതല ദൈവം തന്നിൽ ഭരമേല്പിച്ചിരിക്കുകയാണു്. ദേശഭക്തിയുടെ പേരിലാണു്, ഇതൊക്കെ നടത്തിയിരുന്നതെന്നു സാരം!

1914-ലെ, ലോകമഹായുദ്ധത്തിൻെറ അനന്തരഫലങ്ങൾ ഹിററ്ലരേയും മുസോളിനിയേയും, സ്റ്റാലിനേയും അധികാരപദത്തിലേക്കുയത്തിയെങ്കിൽ രണ്ടാമത്തൊരു ലോകമഹായുദ്ധം ആദ്യത്തെ രണ്ടുപേരേയും, അതായതു് ഹിററ്ലരേയും, മുസോളിനിയേയും, പ്രപഞ്ചമുഖത്തിൽനിന്നും നിഷ്കാസനം ചെയ്യുകയല്ലേ ഉണ്ടായതു്! ഇനിയും സ്റ്റാലിൻ, അവശേഷിക്കുന്നു; മാത്രമല്ല, കൂടുതൽ പ്രശസ്തനായിവരുന്നുവെന്നുതന്നെ പറയാം! ഹിററ്ലർ നാസി-ജമ്മനിയുടെ സർവ്വാധിപതിയായിത്തീന്നപ്പോൾ ലോകം ഒന്നു് വിറക്കുകയുണ്ടായെങ്കിൽ, സ്റ്റാലിൻ സോവിയററഷ്യയുടെ സർവ്വാധിപതിയായിത്തീന്നപ്പോൾ ലോകമാസകലമുള്ള വിവിധലക്ഷങ്ങൾ സന്തോഷവും സംതൃപ്തിയും പ്രകടിപ്പിച്ചിരിക്കാവുന്നതാണു് എന്നാൽ തദനന്തരം സ്റ്റാലിൻെറ പ്രയാണം എങ്ങോട്ടേക്കായിരുന്നു? ജമ്മൻ ഭരണസമ്പ്രദായങ്ങൾക്കും റഷ്യൻഭരണസമ്പ്രദായങ്ങൾക്കും തമ്മിലുള്ള വ്യത്യാസങ്ങളെന്തൊക്കെയാണു്? അതായതു് നാസിസർവ്വാധിപത്യത്തിനും, തൊഴിലാളിസർവ്വാധിപത്യത്തി

നം തമ്മിലെന്തെങ്കിലും അടിസ്ഥാനമായ വ്യത്യാസങ്ങളുണ്ടോ ?

യുദ്ധാവസാനത്തോടുകൂടി യൂറോപ്പിലുണ്ടായ സംഭവവികാസങ്ങളിൽ ഏററവും പ്രാധാന്യമേറിയതു് 1917-ലെ റഷ്യൻ വിപ്ലവമായിരുന്നു റഷ്യൻ വിപ്ലവത്തിന്റെ അനന്തരഫലങ്ങൾക്കായി ഒരുകാലത്തു് ലോകം അക്ഷമയായി കാത്തിരുന്നതിൽ അതിശയിക്കുവാനില്ല. മനുഷ്യരാശിയുടെ ദുരിതങ്ങളെല്ലാം അതോടെ പ്രപഞ്ചമുഖത്തിൽനിന്നും തിരോധാനം ചെയ്യുമെന്നുതാനും എല്ലാവരും പ്രതീക്ഷിച്ചിരുന്നു. അന്നു് മാർക്സിയൻ സിദ്ധാന്തത്തെ മനുഷ്യരാശിക്കഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്ന എല്ലാവിധപ്രശ്നങ്ങൾക്കും ഒരു പരിഹാരമാർഗ്ഗമായി കരുതിവന്നിരുന്നു. വർഗ്ഗവ്യത്യാസമോ, ചൂഷണമോ, അസമത്വമോ, ഒന്നുംതന്നെ കണികാണുവാൻപോലും സാധിക്കാത്ത—സമത്വവും സ്വാതന്ത്ര്യവും, സാഹോദര്യവും . കളിയാടി നിൽക്കുന്ന—ഒരു 'നവയുഗ' സൃഷ്ടിക്കായി മാർക്സു് തൊഴിലാളികളുടെ സവ്വാധിപത്യം അത്യന്താപേക്ഷിതമാണെന്നു് സിദ്ധാന്തിക്കയുണ്ടായല്ലോ. 1917-ലെ, വിപ്ലവത്തോടുകൂടി, ഒരു ന്യൂനപക്ഷമായ തൊഴിലാളികൾ ഭരണം കൈക്കലാക്കുകയും, തൊഴിലാളി സവ്വാധിപത്യം (Dictatorship of the proletariate) സ്ഥാപിക്കുകയും, ചെയ്തു. മാർക്സിന്റെ പ്രവചനം എത്രത്തോളം പരമാർത്ഥത്തിൽ കലാശിക്കുന്നുവെന്നു് കാണുവാനുള്ള അത്യാകാംക്ഷയാണു്, ലോകത്തിന്റെ ശ്രദ്ധമുഴുവനും ഒരുകാലത്തു് റഷ്യയിലേക്കു് കേന്ദ്രീകരിക്കുവാനിടയാക്കിയതെന്നു പറയാം. മാർക്സു് ദീർഘ ദർശനം ചെയ്തിട്ടുണ്ടായിരുന്നതുപോലുള്ള ഒരു വർഗ്ഗരഹിതമായസമുദായം (Classless Society) വിപ്ലവാനന്തരം റഷ്യയിൽ അവതരിക്കുവാൻ പോകുകയായിരുന്നല്ലോ! അതിന്റെ ഭാരവാഹിത്വം മുഴുവനും, തൊഴിലാളി സർവ്വാധിപതിയുടേതുമായിരുന്നു എന്നാൽ ലോകം സ്വപ്നം കണ്ടുകൊണ്ടിരുന്ന ആ 'നവയുഗം' ഇനിയും കേവലമൊരു സ്വപ്നമായിത്തന്നെ അവശേഷിക്കുന്നതേയുള്ളു! അതെന്തുകൊണ്ടാണു്? ഒന്നുകിൽ, മാർക്സിന്റെ ദീർഘദർശനം കേവലമൊരു മിഥ്യയെന്നോ, അല്ലെങ്കിൽ, തൊഴിലാളി സർവ്വാധിപത്യം വഴിതെററി, ലോകചരിത്രത്തിൽ ഇതുവരെ കാണുവാൻ സാധിച്ചിട്ടുള്ള സർവ്വാധിപത്യത്തെ അനുകരിക്കുകയുണ്ടായെന്നോ, മാത്രമേ, ഇതിനുത്തരം പറയുവാനുള്ളൂ.

മാർക്സും, ലെനിനും, പ്രവചിച്ചിട്ടുണ്ടായിരുന്ന ആദർശങ്ങളെ മുറുകെപിടിക്കുവാൻ റഷ്യൻസർവ്വാധിപതിക്കു് സാധ്യമായിത്തീർന്നോ ? അങ്ങിനെയാണെങ്കിൽ എന്തുകൊണ്ടാണു് അവർ ദീർഘദർശനം ചെയ്തിട്ടുണ്ടായിരുന്നതുപോലുള്ള ഒരു 'നവയുഗം' ഇനിയും സംജാതമാകാത്തതു് ? പ്രസ്തുതചോദ്യങ്ങൾക്കുത്തരം കണ്ടുപിടിക്കണമെന്നുണ്ടെങ്കിൽ റഷ്യൻ സർവ്വാധിപതിയുടെ പ്രയാണത്തെ സൂക്ഷ്മമായിയൊന്നവലോകനം ചെയ്യേണ്ടിയിരിക്കുന്നു. സ്റ്റാലിൻ ഭരണാധികാരം കൈവശപ്പെടുത്തിയശേഷം റഷ്യയുടെ നിലക്കു് എന്തെങ്കിലും സാരമായ പരിവർത്തനങ്ങൾ വന്നുചേർന്നിട്ടുണ്ടോ ? ചുരുക്കത്തിൽ സാറിന്റെ റഷ്യക്കും സ്റ്റാലിന്റെ റഷ്യക്കും തമ്മിലെന്തെങ്കിലും സാരമായ വ്യത്യാസങ്ങളുണ്ടെന്നു പറയുവാൻ സാധിക്കുമോ ?

സാറിന്റെ സ്വേഛാധികാരഭരണത്തിൻകീഴിൽ വിശന്നുവലഞ്ഞുകൊണ്ടിരുന്ന തൊഴിലാളികൾക്കാഹാരവും, കർഷകർക്കു് കൃഷിചെയ്യുന്നതിനു ഭൂമിയും, യുദ്ധ

ത്തിലേപ്പെട്ടു നശിച്ചുകൊണ്ടിരുന്ന പടയാളികൾക്കു സമാധാനവും കൈവരുത്തുവാൻ വേണ്ടിയാണു്, ലെനിനും, ട്രോസ്കിയും റഷ്യൻജനതയെ വിപ്ലവത്തിലേക്കാഹ്വാനം ചെയ്യുകയുണ്ടായതു്. മുതലാളിത്വത്തെ എന്നെന്നേക്കുമായി റഷ്യൻമണ്ണിൽനിന്നും വേരോടെ പിഴുതുമാററുമെന്നും, പകരം വ്യക്തികൾക്കു് സമത്വവും സ്വാതന്ത്ര്യവും അനുഭവിക്കത്തക്ക ഒരു സമുദായം രൂപീകരിക്കുമെന്നും അവർ പ്രഖ്യാപനം ചെയ്തിരുന്നു. അതോടെ മുതലാളിത്വത്തിന്റെ കീഴിൽ അനുഭവിക്കേണ്ടിവന്നിട്ടുള്ള കഷ്ടപ്പാടുകൾ തിരോധാനം ചെയ്യാതിരിക്കുവാൻ തരമില്ല. എന്നാൽ വിപ്ലവാനന്തരം, തൊഴിലാളി സർവ്വാധിപത്യം സ്ഥാപിതമായിത്തീർന്നതിനുശേഷം, ഇതൊക്കെ റഷ്യയിൽ സംഭവിക്കയുണ്ടായോ ?

സാറിന്റെ റഷ്യക്കും, സ്റ്റാലിന്റെ റഷ്യക്കും തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാമാണെന്നു് പരിശോധിക്കുമ്പോൾ ആദ്യമായി ഇന്നത്തെ റഷ്യൻ തൊഴിലാളികളുടേയും കർഷകരുടേയും നില മനസിലാക്കേണ്ടിയിരിക്കുന്നു. സ്റ്റാലിൻ അധികാരത്തിൽ വന്നതോടുകൂടി, സ്വകാര്യസ്വത്തു് സമ്പ്രദായം (Private property system) പാടേ നിരോധിക്കുകയും, ഫാക്ററികളും, മയിനുകളും അവയുടെ സ്വന്തം ഉടമസ്ഥതയിൽനിന്നും ഏറെറടുക്കുകയും തൊഴിലാളികളുടെ നിയന്ത്രണത്തിൻകീഴിൽ സ്റ്റേററിന്റെ വകയായി പ്രഖ്യാപനം ചെയ്യുകയും ചെയ്തു. എന്നാൽ ഈ-സമ്പ്രദായം കൊണ്ടുമാത്രം തൊഴിലാളി ലോകത്തിനെന്തെങ്കിലും ഉന്നമനം വരുത്തിക്കൂട്ടുവാൻ സാധിക്കുകയുണ്ടായോ. സ്വകാര്യസ്വത്തു സമ്പ്രദായം വിപാടനംചെയ്തുകൊണ്ടു് വ്യക്തികളായ മുതലാളികൾ സ്വാതന്ത്ര്യമായി വീണ്ടും തലപൊക്കിയില്ലെന്നു മാത്രമേയുള്ളൂ: പക്ഷേ, ഭരണസമ്പ്രദായത്തോടൊട്ടിനിന്നുകൊണ്ടു് ഒരു പുതിയതരം മുതലാളികൾ ഈ പുതിയ ഏർപ്പാടിന്റെകീഴിൽ, റഷ്യയിൽ വളരുവാൻ തുടങ്ങി. അതെങ്ങിനെയാണെന്നു് പറയാം. സാധാരണ ഒരു തൊഴിലാളിയുടെ ശമ്പളത്തിന്റെ പത്തോ, പതിനഞ്ചിരട്ടിയോ, അതേ ഫാക്ററിയിൽ പണിയെടുക്കുന്ന ഒരുയന്തരം തൊഴിലാളികൾക്കു് റഷ്യയിൽ, ലഭിച്ചുവരുന്നുണ്ടു്. ഇങ്ങനെ സമ്പാദിക്കുന്നധനം, വമ്പിച്ച പലിശക്രമത്തിൽ കടം കൊടുക്കുവാനും സൌകര്യപ്രദമായ പരിതസ്ഥിതികൾ ക്രമേണ സംജാതമാകാതിരുന്നില്ല. വ്യക്തികൾക്കു് സ്വന്തം ഫാക്ററികളും, മയിനുകളും കൈവശം വച്ചുകൊണ്ടിരിക്കുവാനുള്ള അവകാശമില്ലെങ്കിലും, പ്രസ്തുത ധനം വീണ്ടും സ്വന്തം സമ്പാദ്യത്തിനു് വഴിതെളിക്കതന്നെയുണ്ടായി. ഇക്കൂട്ടരെ മുതലാളികളെന്നു വിളിച്ചുകൂടെങ്കിലും പിന്നെന്തുപറഞ്ഞാണു് വിളിക്കുകയെന്നു് നിശ്ചയമില്ല. റഷ്യയിൽ, ഇപ്രകാമുള്ള അസമത്വവും, ചൂഷണവും നിലവിലിരിക്കുന്നിടത്തോളം കാലം, മുതലാളിത്വരാജ്യങ്ങൾക്കും, സോവിയററു നാട്ടിനും തമ്മിൽ അടിസ്ഥാനമായ വ്യത്യാസങ്ങളുണ്ടെന്നു പറയുന്നതു്, ബുദ്ധിശൂന്യതകൊണ്ടോ, അന്ധതകൊണ്ടോ, ആയിരിക്കുമെന്നുള്ളതിനു സംശയമില്ല. സ്ത്രീകളേയും പുരുഷന്മാരോടൊപ്പംതന്നെ റഷ്യയിൽ പണിയെടുപ്പിക്കുന്നുണ്ടു്. മുതലാളിത്വരാജ്യങ്ങളിലെ തൊഴിലാളികൾ ചെയ്തുവരുന്ന ജോലിയുടെ പത്തും പതിനഞ്ചുമിരട്ടി ജോലിചെയ്യുവാനും, റഷ്യയിലുള്ള തൊഴിലാളികൾ നിർബന്ധിതരായിത്തീരുന്നു. കൂടാതെ മുതലാളിത്വരാജ്യങ്ങളിലുള്ള തൊഴിലാളികളുടെ വരവിനെക്കാളും അധികമൊന്നും തൊഴി

ലാളികളുടെ സർവ്വാധിപത്യത്തിൻകീഴിലുള്ള, തൊഴിലാളികൾക്കു് ലഭിക്കുന്നില്ലെന്നുള്ള പരമാർത്ഥമറിയുമ്പോഴാണു്, റഷ്യൻ ഭരണസമ്പ്രദായത്തിന്റെ നഗ്നത ഒന്നുകൂടി സ്പഷ്ടമാകുന്നതു്. ഇങ്ങനെ തൊഴിലാളികളും കർഷകരും ചൂഷണംചെയ്യപ്പെട്ടുവരുന്ന ഒരു രാജ്യത്തിൽ, മാർക്സിന്റെ സിദ്ധാന്തപ്രകാരം ഒരു രക്തച്ചൊരിച്ചിൽകൂടി ഉണ്ടാകാതിരിക്കുവാൻ തരമില്ല.

അടുത്തതായി ജർമ്മനിയിൽ കാണുവാൻ സാധിച്ച 'ദേശീയഭ്രാന്തു്' റഷ്യയിലും പടർന്നു പിടിച്ചിരിക്കുന്നതായറിയുമ്പോഴാണു നാം ഞെട്ടിപ്പോകുന്നതു്. മാർക്സിന്റേയും, ലനിനിന്റേയും ട്രോസ്കിയുടേയും സാർവ്വദേശീയാദർശങ്ങൾ എങ്ങോട്ടു പോയി? ഒരുകാലത്തു തൊഴിലാളികൾക്കു പിതൃരാജ്യമില്ലെന്നു് പ്രഖ്യാപനം ചെയ്തുകൊണ്ടിരുന്ന റഷ്യ, ഇന്നു കേവലം സങ്കുചിതമായ ദേശീയതത്വങ്ങൾക്കടിമപ്പെട്ടു കഴിഞ്ഞിരിക്കുന്നു. 1943-ൽ, 'കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ' പിരിച്ചുവിട്ടതോടുകൂടി, സാർവ്വദേശീയാദർശങ്ങൾ എന്നെന്നേക്കുമായി റഷ്യയിൽനിന്നും പുറംതള്ളപ്പെട്ടതായിത്തന്നെക്കരുതാം. ശക്തിയേറിയ ഒരു രാഷ്ട്രം ദേശീയമായ വികാരങ്ങൾക്കടിമപ്പെട്ടുപോയെന്നുവന്നാൽ, ലോകത്തിനു ആ രാഷ്ട്രത്തെ ഭയപ്പെടാതിരിക്കുവാൻ ഗത്യന്തരമില്ല. റഷ്യയും, ദേശീയമായ ആവശ്യങ്ങൾക്കുവേണ്ടി, ഹിററ്ലറെ, അനുകരിക്കയില്ലെന്നാരറിഞ്ഞു!

റഷ്യയിലും, പൌരസ്വാതന്ത്ര്യം അതിന്റെ അന്ത്യശ്വാസം വിട്ടുകഴിഞ്ഞിരിക്കുന്നു. സ്റ്റാലിനെതിരായോ, അയാളുടെ ഭരണത്തിനെതിരായോ, ആർക്കുംതന്നെ ഒന്നു് നാവനക്കുവാൻപോലും സ്വാതന്ത്ര്യമില്ല. മാത്രമല്ല, കമ്മ്യൂണിസത്തോടു വിയോജിക്കുന്നവർക്കു് റഷ്യവിട്ടോടേണ്ടിവരികയോ, സ്റ്റാലിന്റെ രഹസ്യപ്പോലീസിനിരയാകുകയോ, ചെയ്യേണ്ടിവരും. ഈ രഹസ്യപ്പോലീസിന്റെ അക്രമങ്ങളും, അനീതികളും, ഹിററലരുടെ രഹസ്യപ്പോലീസിന്റെ നിഷ്ഠൂരകൃത്യങ്ങളെപ്പോലും അതിക്രമിച്ചിട്ടുള്ളതേയുള്ളു! കൂടാതെ ഫാക്ററികളിലും, മയിനുകളിലും കഷ്ടപ്പെട്ടുവരുന്ന തൊഴിലാളികൾക്കു് തമ്മിൽ സംഘടിക്കുവാനും, പ്രതിഷേധം പുറപ്പെടുവിക്കുവാനും, മുതലാളിത്വരാജ്യങ്ങളിൽപ്പോലുമുള്ള തൊഴിലാളികൾക്കുണ്ടെന്നറിയപ്പെടുന്ന ജന്മാവകാശം റഷ്യൻതൊഴിലാളികൾക്കു് നഷ്ടപ്പെട്ടുപോകുകതന്നെ ചെയ്തു. ഹിററ്ലർ തൊഴിലാളികളേയും, ജൂതന്മാരേയും ജർമ്മനിയിൽനിന്നും ആട്ടിപ്പുറന്തള്ളിയെങ്കിൽ, സ്റ്റാലിൻ, ട്രോസ്കിയേയും, കമ്മ്യൂണിസ്ററുനേതാക്കന്മാരേയും മററും നാടുകടത്തിയെന്നു മാത്രമല്ല, ഭൂതന്മാരെററിട്ടു് നിഷ്ഠൂരണം മൃഗങ്ങളെപ്പോലെ വേട്ടയാടുകതന്നെ ചെയ്തു! ജൂതന്മാരേയും, തൊഴിലാളികളേയും ആക്രമിച്ചേതീരുയെന്നൊരു രാജ്യതന്ത്രത്തിലാണു് (ഫാസിസം) ഹിററ്ലർ വിശ്വസിക്കുന്നതെന്നൊരു സമാധാനത്തിനവകാശമുണ്ടു്. എന്നാൽ, ചെമ്പടയുടെ പിതാവെന്നും റഷ്യൻ വിപ്ലവത്തിന്റെ ജനയിതാക്കളിൽ ഒരാളാണെന്നും, ലെനിനും കൂടി സമ്മതിച്ചിട്ടുള്ള, ട്രോസ്കിയേയും കൂട്ടരേയും പൈശാചികമായി ഹിംസിക്കുവാൻ എന്തൊരു രാജ്യതന്ത്രമാണു് സ്റ്റാലിനെ പ്രേരിപ്പിച്ചതെന്നു് പറയുവാൻ പ്രയാസമാണു്! സ്റ്റാലിന്റെ ചിലപ്രവൃത്തികൾ പൈശാചികത്വത്തിൽ, ഹിററ്ലരുടെ കണ്ടകത്വത്തേയും അതിക്രമിക്കാതിരുന്നിട്ടില്ല.

അധികാരം കൈവശത്തിലായെന്നു് കണ്ടാൽ തിരിഞ്ഞു കടിക്കുക സാധാരണയാണു്. ഇതുവരെ ലോകരംഗത്തിൽ ആവി

ർവിച്ചിട്ടുള്ള സർവ്വാധിപതികളെല്ലാം തന്നെ, ആദർശങ്ങളുടെ പേരിലാണു മനുഷ്യരെ വഞ്ചിക്കുകയുണ്ടായിട്ടുള്ളതു്. കൊള്ളയും, കൊലയും, യുദ്ധവും മററുമൊക്കെ കേവലം ആദർശങ്ങൾക്ക വേണ്ടിയാണു് പൊട്ടിപ്പുറപ്പെട്ടിട്ടുള്ളതും. ചരിത്രാരംഭംമുതല്ക്കേ മനുഷ്യരാശിയെ വഞ്ചിക്കുവാനും ചൂഷണം ചെയ്യുവാനും ആദർശങ്ങൾ പ്രയോഗിച്ചാണിടവരുത്തിയിട്ടുള്ളതെന്നു കാണാം. ഹിററ്ലറും, മുസോളിനിയും സ്റ്റാലിനുമൊക്കെ, അധികാരപദത്തിലെത്തിച്ചേരുന്നതുവരെ സോഷ്യലിസത്തിലടിയുറച്ച വിശ്വാസികളായിരുന്നുയെന്നുള്ള പരമാത്ഥമറിയുമ്പോഴാണു് അവരുടെ കണ്ടകതപത്തിന്റെ കരാളത, അതിന്റെ നഗ്നമായനിലയിൽ നമുക്കു് പ്രത്യക്ഷമാവുക;

ഇതിനൊക്കെ സോഷ്യലിസത്തിൽ അവിശ്വാസം പ്രകടിപ്പിച്ചതുകൊണ്ടോ, അതൊന്നും പ്രായോഗിക സിദ്ധാന്തമല്ലെന്നു് വാദിച്ചതുകൊണ്ടോ ഫലമൊന്നുമുണ്ടാവില്ല. ഇപ്രകാരമുള്ള ആദർശങ്ങളെ ബുദ്ധിശാലികളായ മനുഷ്യസമുദായത്തിന്റെ പൊതുശത്രുക്കൾ ദുരുപയോഗപ്പെടുത്തുന്നതുകൊണ്ടു്, ആദർശങ്ങളൊക്കെ അയഥാർത്ഥങ്ങളെന്നോ, അനാവശ്യമെന്നോ, പറയുന്നതു മതമാവശ്യമില്ലെന്നു് വാദിക്കുന്നതുപോലെയുള്ള ഒരു ബുദ്ധിശൂന്യതയായിക്കരുതുവാനേ നിവൃത്തിയുള്ളു. സന്ദർഭമനുസരിച്ചു് മനുഷ്യൻ നിറംമാറുന്നതുകൊണ്ടാണിങ്ങനെയൊക്കെ സംഭവിക്കുന്നതെന്നു പറയാം. അതിനാൽ, വഞ്ചനയിൽനിന്നും ചൂഷണത്തിൽനിന്നും, അസ്വാതന്ത്ര്യതയിൽനിന്നും മനുഷ്യസമുദായത്തെ ഉദ്ധരിക്കണമെന്നുണ്ടെങ്കിൽ, വ്യക്തികളെ സന്മാർഗ്ഗബോധമുള്ളവരാക്കി ഉയർത്തത്തക്കതായൊരു സംസ്കാരമുണ്ടാവുകതന്നെവേണം. പ്രസ്തുതവിഷയത്തെപ്പററി, തൽക്കാലം പ്രതിപാദിക്കണമെന്നുദ്ദേശമില്ല.

ഏതായാലും, പരിതസ്ഥിതികളാൽ കുററക്കാരനായിപ്പോയ ഒരാളെ ഉടൻതന്നെ നിസന്ദേഹം വധശിക്ഷക്കു് വിധികൽപിക്കാതെ വീണ്ടും നല്ലവനായിത്തീരുവാൻ സൌകര്യവും, സാവകാശവും നൽകുകയായിരിക്കും നല്ലതു്, യുദ്ധത്തിന്റെ പൈശാചികനൃത്തം തൽക്കാലത്തേക്കാണെങ്കിലും അവസാനിച്ചു് കഴിഞ്ഞിരിക്കുന്നു. റഷ്യയുടെ ശത്രുക്കൾ നിശേഷം നശിച്ചുപോയതായികരുതുവാൻ കാലമായിട്ടില്ലെങ്കിലും, ശക്തിമാനായ ഒരു ശത്രുനാമാവശേഷമായതായിത്തന്നെക്കരുതാം. ഇനിയും റഷ്യക്കു്, രണ്ടു്, മഹത്ശക്തികളുമായി ക്രുട്ടിമുട്ടേണ്ടിവരുമെന്നുള്ളതു് തീർച്ചയാണു്. പക്ഷേ, അതു് ഉടനടിയായിരിക്കയില്ല. അതിനാൽ, സ്റ്റാലിനു് താൻ ചെയ്തുപോയ തെററുകളെ തിരുത്തുവാനും പരിഹാരം നിറവേററുവാനും സമയവും സൌകര്യവും ലഭിക്കുകതന്നെചെയ്യും. ചിന്തയിലും പ്രവൃത്തിയിലും ലോകമാസകലം സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ ഒരു പക്ഷേ, റഷ്യൻസർവ്വാധിപതിയുടെ കണ്ണുകളെത്തുറപ്പിച്ചെന്നുവരാം. ഇനിയെങ്കിലും, മാർക്സും, ലെനിനും, ദീർഘദർശനം ചെയ്തിട്ടുണ്ടായിരുന്നതുപോലുള്ള ഒരു 'നവയുഗ' സൃഷ്ടിക്കായി, സ്റ്റാലിൻ പ്രയത്നിക്കുമെന്നു് പ്രതീക്ഷിക്കുകയേ, തൽക്കാലം കരണീയമായിട്ടുള്ളു.

കലാവിമർശകനോട്.

എം. പി. അപ്പൻ.

കരുമൊട്ടായ്, മുകുളമായ്, പുഷ്പമായ് വിരിയുന്നു
ധരയിലോരോ നിസർഗ്ഗകാന്തി.
ഉടനടിസംഫുല്ലസൂനമായൊരുനാളും
സ്ഫുടസൌഭഗം നമ്മൾ കാണ്മീലല്ലോ ;
പടിപടിയായ് വളർന്നൊളിവീശിസൌന്ദര്യ്യം
പരിണതമാവതേ കാണ്മതുള്ളൂ .
നറുകതിർനിരചിന്നും ചെറുതിങ്കൾ തെളിയുമ്പോൾ
നിറവെൺപൂന്തിങ്കളിൻ കാന്തിയുണ്ടോ ?
അതുപോലെയാണല്ലോ കലകൾതൻപരിണാമം—
അവ പെട്ടെന്നൊരുപൂർണ്ണസുഷമയാകാ
ഒരു തേജോബിന്ദുവായിരുന്നതാം കാണ്മതു
മൊരുമഹാജ്യോതിസ്സായ് വളരാം നാളെ.
അതുമല്ല, ഭാവിയെ വിരമിച്ചുവെന്നുമാ-
മതിനുള്ള സൃഷ്ടിപ്രഭാവപൂരം.
നിരഘാഭിനന്ദനത്തണൽ കിട്ടാതാഹന്ത !
കരിയുന്നുണ്ടെത്രയോ കവനപ്പൂക്കൾ !
ഒരുതാങ്ങുവരുമെങ്കിൽ വഴിപോലെവികസിച്ചു
പുരുശോഭചിതറീടുമതുകളെല്ലാം.
കരുതൊല്ലേ മായ്ക്കുവാൻ, കരുതൊല്ലേ നീക്കുവാൻ
കളരുചികലരും പൊൻപ്രതിഭയെ നീ !
കരവാളാൽ മുറിയാതെ, എരിതീയാലെരിയാതെ
ചിരകാലം നിലനിൽക്കും പ്രതിഭാസൂനം.
ജനതതൻ ഹൃദയത്തിൽ വേരൂന്നിനിൽക്കയാ-
ണനഘമാമതിനുള്ള സൌകുമാര്യ്യം.

ജീവിതചിന്ത

സാഹിത്യവിശാരദൻ, രാഘവൻ മൂവാററുപുഴ

‘മർത്ത്യജീവിതമെത്ര, സുന്ദരം, സുദീർഘം, സൽ-
കൃത്യന്തലിഴ, പാവുനെയ്യുന്ന ശുഭ്രാംബരം’.
തദാമീവിധമോർത്തു നിന്നുപോയ് ഞാനെൻചിന്ത
പക്വമാം ഫലമെന്നു സുദൃഢംവിചാരിച്ചു.
എങ്കിലും ചിരിച്ചോതി തൽക്ഷണംപൊങ്ങിത്താഴും
ബുൽബുദം "സുദീർഘംതാൻ ജീവിതം കണ്ടാലുംനീ"
ട്ടനയായ്ക്കരഞ്ഞീടും വേഴാമ്പലോതി "ശുഷ്ക-
സൂനവൽമനോജ്ഞമോ ജീവിതം ചിന്തിച്ചാലും."
അന്തിവാനിലെസ്സാന്ധ്യസുന്ദരവലാഹകം
പിന്തിരിഞ്ഞോതി "ദീർഘ ദീർഘമോ നരജന്മം?"
പഞ്ചമിച്ചന്ദ്രൻ ചിരിച്ചോതിനാൻ "സുഖമെന്ന
വഞ്ചനയറിയാത്തനീ വിചാരിക്കുന്നല്ലോ !!
ഞാഞ്ചുനാഴികയോടൊത്തഞ്ചുനാഴികക്കൂടി
സഞ്ചരിയ്ക്കുമ്പോഴെൻെറ ജീവിതംസുദീർഘമോ?
സുന്ദരംതാനോ? വീണ്ടും ദുഃഖാന്ധകാരത്തിൻെറ
കന്ദരംപൂകികഷ്ടംപോക്കുമ്പോൾ ജന്മംബാക്കി."
ഓതിനാൻ പുലർകാലം;
"നശ്വരം, ക്ഷണംമാത്രം
ജീവിതം", "ക്ഷണപ്രഭ",
വചിച്ചു മിന്നൽപിണർ.
കവിതൻ മൌഢ്യംകണ്ടു-
പൊഴിയുംപൂവോതിപ്പോയ്,
കവിയും സന്താപത്താ,-
"ടിന്നു ജീവിതംനോക്കൂ."

ഹിരോഹിതോ ചക്രവർത്തി

(അനാവരണം) (H)

രണ്ടാംലോക മഹായുദ്ധത്തിന്റെ ശക്തിമത്തായ നിർഘാതങ്ങൾ യൂറോപ്പിലെ അനേകം ഭരണാധികാരികളെ രാജ്യഭ്രഷ്ടരോ അധികാരലുപ്തരോ ആക്കിക്കഴിഞ്ഞു. എന്നാൽ ശതവർഷങ്ങളായി ജപ്പാൻ ഭരിച്ചുവരുന്ന രാജവംശത്തിലെ 128-ാമത്തെ ചക്രവത്തി ആയ ഹിരോ ഹിതോ ആ പരാജിത രാജ്യത്തിന്റെ ഭാഗധേയങ്ങളെ നിയന്ത്രിക്കുവാൻ ഇന്നും സ്വതന്ത്രനാണ്. അദ്ദേഹത്തിന്റെ ഭരണാധികാരങ്ങൾ തീർച്ചയായും സഖ്യസേനകളുടെ സുപ്രീം കമാൻഡറുടെ നിയന്ത്രണത്തിനധീനമായിരിക്കും. പക്ഷേ ജാപ്പനീസ് ഭരണവ്യവസ്ഥയുടെ ഒരു പ്രത്യേകത നിമിത്തം അദ്ദേഹത്തിന്റെ അധീശപദവി വ്യത്യാസം കൂടാതെ നിലനില്ക്കുന്നതാണ്. ജാപ്പനീസ് ഭരണഘടനയിൽ രാജ്യം ചക്രവത്തിയാൽ ഭരിക്കപ്പെടുന്നില്ല. അദ്ദേഹത്തിന്റെ പേരിൽ ഭരണം നടത്തപ്പെടുകയാണ് ചെയ്യുന്നത്. അദ്ദേഹം ഒരു മനുഷ്യനും, ദൈവവും, ചിഹ്നവും, മൂത്തികരണവും, ആകുന്നു. എന്നാൽ ഒരിക്കലും ഒരു സ്വേച്ഛാധിപതി അല്ല. സകല അധികാരങ്ങളും ചക്രവത്തിയിൽ നിക്ഷിപ്തമാണെങ്കിലും ആ അധികാരങ്ങളെ അദ്ദേഹത്തിന്റെ പേരിൽ മററാരെങ്കിലും വിനിയോഗിക്കയാണു പതിവ്. ഇതാണ് ജാപ്പനീസ് ഭരണകൂടത്തിലെ ഒരു രസകരമായ കടങ്കഥ. അവിടുത്തെ രാഷ്ട്രീയകാര്യങ്ങളിൽ "ഇപ്പോഴാരാണ് ചക്രവത്തിയെ ഉപയോഗിക്കുന്നത്" എന്നചോദ്യം മിക്കവാറും കണ്ടുവരാറുള്ള ഒന്നാണ്. യുദ്ധകാലത്തും യുദ്ധത്തിനുമുമ്പും "അദ്ദേഹത്തെ ഉപയോഗിച്ചിരുന്നത്" സൈന്യാധിപന്മാരായിരുന്നു. ഇനിയും സഖ്യകക്ഷികളായിരിക്കും ആ കൃത്യം ഏറെറടുക്കുന്നത്. യുദ്ധത്തിൽനിന്നും സമാധാനത്തിലേക്കുള്ള പരിണാമത്തിനുവേണ്ടി സഖ്യകക്ഷികൾ അദ്ദേഹത്തെ ഒരായുധമായി ഉപയോഗിക്കാൻ തക്കതായ ന്യായംകാണുന്നുണ്ട്. എന്തെന്നാൽ ജപ്പാനിൽ സമാധാനം പരിപാലിക്കാനുള്ള ഏററവും വിപുലമായ കഴിവ് മിക്കാഡോയുടെ കൈവശം ആണ്. അദ്ദേഹത്തിന്റെ ഓരോ കല്പനയും അക്ഷരംപ്രതി അനുസരിക്കുന്നവരാണ് ജപ്പാനിലെ സേനകളും, പൗരന്മാരും. ജപ്പാൻകാരുടെ ഓരോ സിരകളിലും പ്രതികാരത്തിന്റെ വഹ്നി ഉജ്ജ്വലിച്ചു കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അവരുടെ ഇടയിൽ സമാധാനം പരിപാലിക്കുന്നത് ഇംഗ്ലീഷ്കാക്കോ അമേരിക്കാക്കാക്കോ റഷ്യാക്കാക്കോ സുസാദ്ധ്യമായ ഒരു പ്രവൃത്തി അല്ല. ചക്രവത്തിയുടെ സഹായത്തോടു മാത്രമേ ഈ ബലാൽക്കാരമായി സ്ഥാപിക്കപ്പെട്ട സമാധാനം നിലനിത്താൻ സാധിക്കുകയുള്ളു. മാത്രമല്ല. ഡാ: സൺഫോ തുടങ്ങിയ ചില ചൈനീസു നേതാക്കന്മാരൊഴിച്ച് മററു വ്യക്തികളോ രാഷ്ട്രങ്ങളോ ആരും തന്നെ ചക്രവത്തിയെ വിസ്തരിക്കണമെന്നോ ബഹിഷ്ക്കരിക്കണമെന്നോ ആവശ്യപ്പെട്ടിട്ടില്ല. ജപ്പാൻകാർ ദിവ്യത്വം കല്പിച്ച് ആരാധിക്കുന്ന ചക്രവ-

ത്തിയെ അപമാനിക്കയും തൻമൂലം ജപ്പാനിൽ വർദ്ധിച്ചിരിക്കുന്ന ക്ഷോഭാഗ്നിക്ക് എണ്ണ ഒഴിക്കുകയും ചെയ്യാൻ വിജയികൾ മുതിരുമെന്നു തോന്നുന്നില്ല.

ഇപ്പോഴത്തെ മികാഡോ 1901 ഏപ്രിൽ 29-ാംതീയതി ഭൂജാതനായി. സാധാരണയായി രാജവംശത്തിലെ നടപ്പനുസരിച്ച് അദ്ധ്യാപകന്മാർ, കൊട്ടാരത്തിൽവന്ന് അദ്ദേഹത്തെ വിദ്യ അഭ്യസിപ്പിച്ചു. പിയേഴ്സ് സ്ക്കൂളിലും ഹിരോഹിതോ രാജകുമാരൻ വിദ്യാഭ്യാസം ചെയ്തിട്ടുണ്ട്. ജനറൽ നോഗി (Nogi) ആണ്. "രക്തവും ഇരുമ്പും" എന്ന തത്വത്തെ രാജകുമാരൻെറ മനസ്സിൽ കുത്തിച്ചെലുത്തിയത്. അഡ്മിറൽടോഗോയും (Togo) അദ്ദേഹത്തിൻെറ ഒരു പ്രധാന അദ്ധ്യാപകനായിരുന്നു.

ഒരു വിദ്യാർത്ഥി എന്ന നിലയിൽ രാജകുമാരൻ അസാധാരണ സാമർത്ഥ്യം പ്രകടിപ്പിച്ചു. 10 വയസ്സാകുന്നതിനു മുമ്പ് ഈസോപ്പ് കഥകളുടെ മാതൃകയിൽ അദ്ദേഹം പലതും എഴുതുമായിരുന്നു. 11-ാമത്തെ വയസ്സു മുതൽ ഡയറി എഴുതുവാൻ ആരംഭിച്ചു. അതു് ഇന്നുവരെ കൃത്യമായി എഴുതിയിട്ടുമുണ്ട്. മുഗൾ ആക്രമണത്തിൽ നിന്നും ജപ്പാനെ രക്ഷിക്കുവാൻ തൻെറ ജീവനെപ്പോലും ബലികഴിക്കാൻ തയാറായിരുന്ന ചക്രവർത്തിയെയാണ് സ്വപൂർവ്വികന്മാരിൽ വെച്ച് ഏററവും അധികമായി ഹിരോഹിതോ ആദരിക്കുന്നതും സ്നേഹിക്കുന്നതും.

ഇരുപതാമത്തെ വയസ്സിൽ ഹിരോഹിതോ രാജകുമാരൻ ഒരു ഭൂലോകപര്യടനം നടത്തി. 2581 വർഷങ്ങൾക്കുശേഷം ജപ്പാൻ വിട്ടു സഞ്ചരിച്ച ഏക ജാപ്പനീസ് രാജകുമാരൻ ഇദ്ദേഹം മാത്രമാണ്. ഈ യാത്രയിൽ വച്ച് പരമ്പരാഗതങ്ങളായ അനേകം ആചാരങ്ങളെ രാജകുമാരൻ ലംഘിക്കയുണ്ടായി. ജിബ്രാൾട്ടറിൽവച്ചു അദ്ദേഹം ഒരു കുതിരപന്തയത്തിൽ വിജയിയായി എന്നാൽ ജപ്പാനിൽ നടപ്പുള്ള ഒരാചാരം അനുസരിച്ച് മികാഡോ ഒരിക്കലും പണം തൊടാൻ പാടില്ല. അതിനാൽ കുതിരപ്പന്തയത്തിൽ സമ്മാനമായിട്ടു കിട്ടിയ ഒരു കെട്ടു നോട്ടിനെ അഡ്മിറൽ ഓഗ്ഗുറിയുടെ കയ്യിൽ ഏല്പിക്കുകയാണുണ്ടായതു്.

ആചാരം ഇങ്ങനെയായിട്ടും ജപ്പാനിലേക്കെന്നല്ല ലോകത്തിലേക്കും ധനികനായ വ്യക്തി മികാഡോ തന്നെയാണ്. എന്തെന്നാൽ ചക്രവർത്തി രാജ്യത്തിൻെറ ഉടമസ്ഥനെന്നാണ് ജപ്പാൻകാർ വിശ്വസിക്കുന്നതു്. ജപ്പാനിൽ ചക്രവർത്തിക്ക് അധീനമല്ലാത്തതായി യാതൊന്നും ഇല്ല തന്നെ. പക്ഷെ വിളഭൂമികൾ പ്രായോഗികമായി കർഷകരുടെ കൈവശത്തിൽ ആണ്.

ചക്രവർത്തിയും സാധാരണജനങ്ങളെപ്പോലെ ഇഷ്ടാനിഷ്ടങ്ങൾക്കു വിധേയനാണെന്നുള്ളതു് അദ്ദേഹത്തിൻെറ ദിവ്യത്വത്തിനോ സ്ഥാനമാനങ്ങൾക്കോ യാതൊരു കുറവും വരുത്തുന്നില്ല. ഉദാഹരണമായി അദ്ദേഹം ലോകപര്യടനംകഴിഞ്ഞു തിരിച്ചെത്തിയപ്പോൾ സ്വന്തം ഇഷ്ടപ്രകാരം നഗാക്കോ രാജകുമാരിയെ വധുവായി തിരഞ്ഞെടുത്തു. ഇതു്, പതിമൂന്ന് ശതവർഷങ്ങളായി ജപ്പാൻരാജവംശത്തിൽ നടന്നുവന്നിരുന്ന ഒരാചാരത്തിൻെറ ലംഘനമായിരുന്നു. നഗാക്കോരാജകുമാരി അന്യാദൃശമായ സൗന്ദര്യവും ബുദ്ധിവൈഭവവും മൂർത്തീകരിച്ച ഒരു യുവതിയാണ്. പരമ്പരാഗതമായി ചക്രവർത്തിനിമാരെ തിരഞ്ഞെടുത്തുവന്നിരുന്ന ഫ്യൂജിവാരാ കുടുംബ

കയായിരുന്നു. വസന്തകാലം അപ്പോൾ സമാരംഭിച്ചിരുന്നതേയുള്ളു. പച്ചപ്പുൽതകടികൾ കണ്ണെത്തുന്നതുവരെ പരന്നുകിടക്കുന്നതും, വൃക്ഷങ്ങളും ചെടികളും മനോഹരമായ പൂക്കൾ പൊതിഞ്ഞുനില്ക്കുന്നതും അവയിൽ, ഇളംവെയിലിൻെറ ഇളംചുവപ്പുനിറം കലരുമ്പോഴുള്ള ശോഭയും, ചക്രവർത്തിയുടെ അപദാനങ്ങൾ വർണ്ണിക്കുന്ന ലാൻസ്ലററിൻെറ സ്വരമാധുര്യവും, എല്ലാം, എല്ലാം ഓർമ്മിച്ച് അവർ രോമാഞ്ചമണിയുകയാണ്. അന്ന്—അവർ അങ്ങനെ സഞ്ചരിച്ച് ആർതരുടെ കൊട്ടാരത്തിലെത്തി. തങ്ങളെ സ്വീകരിക്കാനായി ചക്രവർത്തി പുറത്തുവന്നു. അദ്ദേഹത്തിൻെറ വദനത്തിൽ സ്വാരസ്യത്തിൻെറ ചിഹ്നങ്ങൾ രാജ്ഞി ദർശിച്ചില്ല. ലാൻസ്ലററിൻെറ കോമളമുഖവും ആർതറുടെ മ്ലാനമുഖവും തമ്മിൽ എന്തൊരന്തരം.! ഈ അവസരത്തിലും—ഭയങ്കരമായ അനുഭവങ്ങൾക്കുശേഷവും—ഗിനിവെർ താനറിയാതെ പറഞ്ഞുപോയി: "അല്ലെ, അദ്ദേഹം എൻെറ ലാൻസ്ലററിനെപ്പോലെയല്ല. ലാൻസ്ലററ് എത്ര മനോഹരൻ!"

വെളിയിൽ ലോഹകവചം ധരിച്ച ഒരു യോദ്ധാവ് കുതിരപ്പുറത്തുനിന്നും ചാടിയിറങ്ങുന്ന ശബ്ദം—"ചക്രവർത്തി ജയിക്കട്ടെ!" എന്നുള്ള വിളികൾ—അവ രാജ്ഞിയെ ദിവാസ്വപ്നത്തിൽ നിന്നുണർത്തി. അവർ എഴുന്നേററു നിന്ന് ചെവി വട്ടംപിടിച്ചു. ഭർത്താവ് തന്നെ കാണുവാൻ വന്നിരിക്കുകയാണെന്ന് അവൾക്കു മനസ്സിലായി എങ്ങനെ അദ്ദേഹത്തെ അഭിമുഖീകരിക്കും? വികാരാവേശം കൊണ്ട് ഗിനിവെർ പരവശയായിച്ചുമഞ്ഞു. രാജ്ഞിയുടെ ദേഹമാസകലം വിയർത്തു. കൈകാലുകൾ കുഴഞ്ഞു. അവർ നില്ക്കാൻ ശക്തിയില്ലാതെ നിലത്തു കമിഴ്ന്നുവീണു. തലമുടി നാലുപാടും ചിതറി. വസനങ്ങൾ പൊടിയണിഞ്ഞു. അവർ മുഖം പൊത്തികരഞ്ഞു. വിരലുകളുടെ ഇടയിൽക്കൂടി കണ്ണുനീർ ഒഴുകിയിറങ്ങി.

കാൽപെരുമാററം ഒന്നിനൊന്ന് അടുത്തു കേട്ടുതുടങ്ങി. അത്തു് ഒടുവിൽ ഗിനിവെറുടെ അടുത്തുവന്നുനിന്നു. മുഖം ഉയർത്താനുള്ള ധൈര്യം രാജ്ഞിക്കുണ്ടായില്ല. അവർ മുഖം പൊത്തിക്കൊണ്ടു് ആ കിടപ്പിൽതന്നെ കിടന്നു. അദ്ദേഹം സംസാരിച്ചു. ശബ്ദം ഒരു ഭൂതത്തിൻേറതുപോലെ അവൾക്കുതോന്നി.

"ഗിനിവെർ; നീ ഏകാകിനിയായി ഇങ്ങിനെ ഇവിടെ കിടക്കുന്നു അല്ലെ? ഒരു സന്താനമില്ലെല്ലോ എന്ന് നീ ഇപ്പോൾ വ്യസനിക്കുന്നുണ്ടായിരിക്കം. എനിക്ക് നിന്നിൽ ഒരു പുത്രൻ ജനിക്കാത്തതു് എൻെറ മഹാഭാഗ്യമാണ്. നീ പ്രസവിച്ചതു് രാജ്യത്തെ എരിച്ച് നശിപ്പിച്ച സർവ്വനാശമാകുന്നവൻ തീയെയാണ്. സാമ്രാജ്യം ഘോരശബ്ദത്തോടുകൂടി ഇതാ തകർന്ന് വീഴാൻ പോകുന്നു. പ്രളയസമുദ്രം ഇരച്ചു കയറുന്നതുപോലെ ശത്രുപക്ഷക്കാർ ആക്രമണങ്ങൾ ആരംഭിച്ചിരിക്കുന്നു. ലാൻസ്ലററു എന്നോടൊന്നിച്ചുണ്ടായിരുന്നപ്പോൾ സ്ഥിതിഗതികൾ എത്രവ്യത്യസ്ഥമായിരുന്നു.

ലാൻസ്ലററും ഞാനും ഒത്തുചേർന്നു നടത്തുന്ന ഒരേ ഒരാക്രമണം അത്തു് ശത്രുക്കളെ ചിന്നിച്ചിതറി പറപ്പിക്കുമായിരുന്നു. രാജ്ഞി! ഞാനിപ്പോൾ എവിടെ നിന്നു വരുന്നു എന്ന് നിനക്കറിയാമോ? ലാൻസ്ലററുമായി ഭയങ്കരമായി യുദ്ധം ചെയ്തിട്ടു വരുന്ന വരവാണ്. എന്നെ വഞ്ചിച്ച അവന് എന്നെ കൊല്ലാനുള്ള സന്ദർഭവും കിട്ടി സ്വാമി വഞ്ചകനായ സ്വാമിദ്രോഹി എൻെറ വധം ഇച്ഛിച്ചില്ല.

ഭർത്താവിന്റെ വാക്കുകൾ ഭാര്യയ്ക്കു കണ്ണീർത്തുലമായിരുന്നു. അവളുടെ വേദനകൊണ്ടു് പിടച്ചുകൊണ്ടു് അവർ അവിടെ കിടന്നു. ഭർത്താവു തുടർന്നു. അവനും മോഡ്രെഡും എന്റെ ശത്രുക്കളായി. എങ്കിലും ചുരുക്കം ചിലർ എനിക്കുവേണ്ടി ജീവൻ ഉപേക്ഷിക്കാൻ തയാറായവർ, ഇനിയും എന്റെ പക്ഷത്തുണ്ടു്. ഭാവിയിൽ ഉണ്ടായേക്കാവുന്ന ആപത്തുകളിൽനിന്നും നിന്നെ രക്ഷിക്കാനായി അവരിൽ ചിലരെ ഞാനിവിടെ നിറുത്താൻപോകുന്നു. ഗിനിവെർ! ഭയപ്പെടേണ്ട. എന്റെ മരണംവരെ ഞാൻ നിന്നെ സംരക്ഷിക്കും. പഴയ ഭവിഷ്യദ്വാദികൾ ശരിയാണെങ്കിൽ ഞാനിതാ എന്റെ വിധി സ്വീകരിക്കാനായി പോകുന്നു. അതിമധുരമായിരുന്ന എന്റെ ജീവിതത്തിൽ നീ കയ്പുചേർത്തു. ഇനി ജീവിച്ചിരിക്കണമെന്നുള്ള ആഗ്രഹവും ഞാൻ കുറേനാളായി ഉപേക്ഷിച്ചുകഴിഞ്ഞു. എന്റെ ജീവിതത്തിന്റെ പരമോദ്ദേശം നീ ഇല്ലാതാക്കി. മെർലിൻ, പണ്ടു് അതു പറഞ്ഞപ്പോൾ ഞാൻ അതു് വിശ്വസിച്ചില്ല. ആ ദിവ്യപുരുഷന്റെ വാക്കുകൾ അക്ഷരംപ്രതി ശരിയായി. ഹാ! കഷ്ടം! കലാപവും കൊള്ളയും കൊലയും യഥേഷ്ടം നടമാടിയിരുന്ന രാജ്യത്തു് ഞാൻ ശാന്തിയും സമാധാനവും ഐശ്വര്യവും പ്രതിഷ്ഠിച്ചു. അജയ്യരായ വീരന്മാർ, നിഷ്കളങ്കഹൃദയരായ മഹാത്യാഗികൾ, ഉന്നതാദർശരായ കർമ്മധീരന്മാർ എന്റെ ചുറ്റും വന്നുനിറഞ്ഞു. എന്റെ കൃത്യനിർവ്വഹണത്തിൽ അവർ എന്നെ അകമഴിഞ്ഞു സ്നേഹിച്ചു. ഏകച്ഛത്രാധിപതിയായിത്തീർന്ന ഞാൻ ആലോചിച്ചു! "എനിയ്ക്കു് വിവാഹംചെയ്യണം. എന്റെ അനുചരന്മാർക്കു ഉത്തമദൃഷ്ടാന്തം പ്രദാനംചെയ്യാനായി പതിവ്രതയായ ഒരു സ്ത്രീയെ എനിക്കു വി.” ഞാൻ നിന്നെ പരിഗ്രഹിച്ചു.—നീ ലാൻസ്‌ലററിനെ കാമിച്ചു. നിന്റെ വഞ്ചകപ്രവൃത്തി മററുള്ളവരെ ഹീനകൃത്യങ്ങൾചെയ്യാൻ പ്രോത്സാഹിപ്പിച്ചു. ട്രിസ്ടം മാതുലപത്നിയെ സ്വന്തമാക്കി. മററുപലരും ഹാ! പലരും ഇപ്രകാരമുള്ള പാപകർമ്മങ്ങൾചെയ്തു. എല്ലാററിനും കാരണക്കാരി ആരു്? നീ! ഗിനിവെർ ചക്രവർത്തിനി.”

ആർതറുടെ സ്വരത്തിൽ അസഹ്യമായ ഹൃദയവേദന പ്രതിഫലിച്ചു. ഏങ്ങിയേങ്ങിക്കരഞ്ഞുകൊണ്ടു് ഗിനിവെർ നിലത്തുകിടന്നുരുണ്ടു. പിന്നേയും അദ്ദേഹം പറഞ്ഞു.

“ഒരു കാര്യം നീ മനസ്സിലാക്കണം. ഞാൻ എല്ലാം അറിഞ്ഞിട്ടുണ്ടു്. നീ ഭർത്താവിനെ സ്നേഹിക്കുന്നില്ല. നിന്റെ ഹൃദയം കാകോളംനിറഞ്ഞതാണു്. പക്ഷേ ഞാൻ ഹൃദയംതുറന്നു പറയുന്നു. എനിക്കു നിന്നോടുള്ള പാവനപ്രേമം അണുമാത്രമെങ്കിലും കുറഞ്ഞിട്ടില്ല. അതിന്റെ വ്യാപ്തി ദൈവത്തിനുമാത്രമേ അറിഞ്ഞുകൂടു. പക്ഷേ ഇനി നമുക്കു് ഒന്നിച്ചുകഴിയാൻ നിവൃത്തിയില്ല. നീ രാജസ്ഥാനത്തിന്റെ പരിപാവനമായ അന്തരീക്ഷത്തെ മലിനമാക്കി. സന്ദർഭംകിട്ടിയാൽ ഇനിയും മലിനമാക്കിക്കൊണ്ടുതന്നെ ഇരിക്കും. മുറിഞ്ഞുകീറിയ ഹൃദയത്തിന്റെ വേദന ഏകാകിയായി ഞാൻ സഹിച്ചുകൊള്ളാം.”

ഗിനിവെർ താഴെ കിടന്നുകൊണ്ടു് ഭർത്താവിന്റെ പാദങ്ങളിൽ പിടിക്കുവാനുള്ള ചേഷ്ടകാണിച്ചു. അദ്ദേഹം ഒരടി പിറകോട്ടുമാറി. ദൂരെ ഒരു കാഹളം മുഴങ്ങി. വെളിയിൽനിന്നു കുതിര ഹ്രേഷിച്ചു. അവ സമരരംഗത്തിലേക്കുള്ള ആഹ്വാനമായിരുന്നു. ആർതർ പിന്നെയും സംസാരിച്ചു. അദ്ദേഹത്തിന്റെ സ്വരം അത്യന്തം ആർദ്രമായിരുന്നു.

“ഗിനിവെർ! നിന്റെ അപരാധങ്ങൾ ഒന്നൊന്നായി എടുത്തുപറയാനല്ല

ഞാനിവിടെവന്നതു്. ഞാൻ സദാ കൈയ്യിലെടുത്തു് തലോലിച്ചുകൊണ്ടിരുന്ന മോഹനമായ നിന്റെ തലമുടിച്ചുരുളുകൾ സൌഭാഗ്യം തുളുമ്പുന്നതുമൂലം പൂപോലെ മൃദുവായ ശരീരം, തായിലെ പൊടിയും അഴുക്കും പററിക്കിടക്കുന്നതു കാണുമ്പോൾ എന്റെ ഹൃദയം പിളരുന്നു.

നിന്റെ പാപം അറിഞ്ഞപ്പോൾ എന്റെ ക്രോധാഗ്നി കത്തിക്കാളി. കുറേ സമയം ഞാൻ ഒരു പിശാചുതന്നെയായിരുന്നു. നിന്റെ പാതിവ്രത്യഭംഗം എന്നെ എത്രമാത്രം വേദനിപ്പിച്ചു എന്നു നീ അറിയുന്നില്ല. പോകട്ടെ അതെല്ലാം കഴിഞ്ഞ കഥകൾ. ഭൂതകാല സംഭവങ്ങളെ മാററാൻ കഴിയുകയില്ലല്ലോ. ദയാമയനായ ഈശ്വരൻ ക്ഷമിക്കുന്നതുപോലെ ഞാൻ നിന്റെ സമസ്താപരാധങ്ങളും ക്ഷമിച്ചിരിക്കുന്നു. നിന്റെ ആത്മശാന്തിക്കുവേണ്ടി നീതന്നെ ശ്രമിക്കുക. ഞാനിതാനിന്നോടു യാത്രപറയുന്നു.

അയ്യോ! ഞാനെങ്ങിനെപിരിയും ? ഹാ! ലോകത്തു് ഞാൻ ഏററവും സ്നേഹിച്ചിരുന്ന വസ്തുക്കളോടു് ഞാനെങ്ങിനെ യാത്രപറയും ? മനോഹരമായ ആ തലമുടി പാപശങ്കയില്ലാത്ത ഞാൻ അതെടുത്തു താലോലിക്കുമായിരുന്നു. ഹാ! നിന്റെ സൌന്ദര്യം എന്റെ സ്വത്തായിതീന്നു ആ നിമിഷത്തിൽ ഭയങ്കരമായ ശാപം. രാജ്യത്തു് കാലുകുത്തി—പോട്ടെ പവിഴംപോലെയുള്ള നിന്റെചുണ്ടു് ഞാനൊന്നു് ചുംബിക്കട്ടെ—"

അദ്ദേഹം ഒന്നു കുനിഞ്ഞു. പിന്നെ ഞെട്ടിനിവന്നിട്ടു പറഞ്ഞു. "വേണ്ട, വേണ്ട അതു് എന്റേതല്ല അതിന്റെ അവകാശി ലാൻസ്ലററാണു്. ഞാൻ ഇപ്പോൾ അറിയുന്നു; അതു് ഒരിക്കലും എന്റേതായിരുന്നില്ല. നിന്റെ മൃദുവായ കരപല്ലവങ്ങൾ, ഹാ; എത്ര മനോഹരം, അവ എന്റെ കൈയ്യിലെടുത്തു് മുഖത്തണയ്ക്കാൻ എനിക്കു് എത്ര കൊതിയാകുന്നു! പക്ഷെ ഞാൻ നിന്നെ തൊടുകയില്ല. ആ കൈകൾകൊണ്ടു് നീ എന്റെ ശരീരം തലോടുമ്പോൾ ഞാൻ സ്വർഗ്ഗസുഖം അനുഭവിക്കുകയായി. ആ കൈകളുടെ സ്പർശനസുഖം അതൊക്കെ ലാൻസ്ലററുംകൂടി അനുഭവിക്കുകയായിരുന്നു.— ഗിനിവെർ! നീ എന്നെ വഞ്ചിച്ചു. ഞാൻ നിനക്കുവേണ്ടി ഞാൻ പാവനമായി ജീവിച്ചു. പരസ്ത്രീസ്പർശം സ്വപ്നത്തിൽകൂടി ഞാൻ ചെയ്തിട്ടില്ല. വിധിയുടെ വൈപരീത്യം! ഞാൻ നിന്നെ ഇപ്പോഴും പരിപൂർണ്ണമായി സ്നേഹിക്കുന്നു. മരണംവരെ അങ്ങിനെ സ്നേഹിക്കുകയും ചെയ്യും. ഞാനിതാ പോകുന്നു. പടക്കളത്തിലെ കാഹളങ്ങൾ മുഴങ്ങുന്നതും ഞാൻ കേൾക്കുന്നു. ഘോരമായ യുദ്ധത്തിലേക്കു് കുതിച്ചുചാടാനായി അക്ഷമരായി കാത്തിരിക്കുന്ന മഹാവീരന്മാർ അവരെ നയിക്കാനായി എന്നെ വിളിക്കുകയാണു്. അവിടെച്ചെന്നു് എന്റെ സ്വന്തം ഭാഗിനേയനോടു് എനിക്കു പടവെട്ടേണ്ടിയിരിക്കുന്നു. ദ്രോഹി! അവന്റെ തല എനിക്കു വെട്ടിപ്പിളക്കണം എന്റെ വിധിയും സമാധാനമായി ഞാൻ സ്വീകരിച്ചുകൊള്ളാം. അതു് എന്തായിരിക്കുമെന്നു് എനിക്കറിയാൻപാടില്ല. ഏതായാലും താമസിയാതെ നിനക്കു് അതിനെപ്പററി അറിയാറാകും. പക്ഷെ ഇനിമേൽ ഞാനിവിടെ വരികയില്ല, നിന്റെ അരികത്തു് ഇരിക്കുകയില്ല. നിന്നെ കാണുകയില്ല. "പ്രിയേ! എന്നു് അദ്ദേഹം അവസാനമായി സംബോധനചെയ്തു.

ഗിനിവെർ തലപൊക്കിനോക്കി. അപ്പോഴേക്കും ആർതർ അവിടെനിന്നും പോയികഴിഞ്ഞിരുന്നു.

ആരോഗ്യവകുപ്പ്.

ജനസമുദായമദ്ധ്യേ സേവനമനുഷ്ഠിക്കണമെന്നു് ആഗ്രഹമുവള്ളർക്കും ജനസേവയെ ജീവിതാദർശമായി കരുതീട്ടുള്ളവർക്കും നിർബാധമായി തുറന്നുകിടക്കുന്ന ഒരു ഉൽകൃഷ്ടരംഗമാണു് ആരോഗ്യവകുപ്പു്. ജനവിഭാഗങ്ങളിൽനിന്നും ഉണ്ടാകാവുന്ന ഒരുവിധ സഹായങ്ങളും പ്രോത്സാഹനങ്ങളുംകൊണ്ടു് മതിയാവുന്ന ഒരു തുറയല്ല ഇതെന്നു് പ്രത്യേകിച്ചു പറയണമെന്നില്ല. എന്നാൽ ഗവമ്മെൻറുകളുടെ നിരന്തരവും നിർവ്യാജവുമായ സഹകരണംകൊണ്ടു് മാത്രം, ഉപയുക്തമാകാമെന്നുള്ളതും അതോടൊന്നിച്ചു് ജനസമുദായത്തിന്റെ തികച്ചുമുള്ള സഹകരണംകൂടി ഉണ്ടായാൽ വിജയകരമായി പരിണമിക്കാമെന്നുള്ളതുമാണു് ആരോഗ്യത്തിനുവേണ്ടിയുള്ള പ്രയത്നവിശേഷങ്ങളെല്ലാം. ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും യൂറോപ്പിൽ യുദ്ധകാലത്തിനുമുമ്പിലുള്ള രാജ്യങ്ങളിലേയും ജനനമരണകണക്കുകളും ശിശുമരണവും, ആയുർദൈർഘ്യവും ഒക്കെ പ്രസിദ്ധീകരിച്ചിരിക്കുന്നതു വായിക്കുമ്പോൾ നമ്മുടെ രാജ്യത്തെ ആവക സ്ഥിതിവിവരങ്ങളുമായി താരതമ്യപ്പെടുത്തി ലജ്ജിക്കുകയും അത്ഭുതപ്പെടുകയും ചെയ്യാത്തഭാരതീയർ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ഈ പ്രസ്ഥാനത്തെ താഴെപറയുംവണ്ണം വിഭജിച്ചു് പ്രവൃത്തിക്കുമെങ്കിൽ അതു് കൂടുതൽ പ്രയോജനകരമായിരിക്കും. മഹാരോഗങ്ങളെ തടയാനുള്ള ഔഷധങ്ങളും വിജ്ഞാനവും ജനതാമദ്ധ്യേ വിതരണം ചെയ്യുക. സ്കൂളുകളിലും കച്ചേരിസ്ഥലങ്ങളിലും ചന്തകളിലും സമ്മേളനസ്ഥലങ്ങളിലും പ്രസംഗങ്ങൾമൂലവും ലഘുഗ്രന്ഥങ്ങൾമൂലവും ഈ വക വിഷയത്തിൽ അറിവുനൾകുക. ഗ്രാൻറു് വൈദ്യന്മാർ മുനിസിപ്പാലിററികൾ പകുത ഉദ്യോഗസ്ഥന്മാർ അദ്ധ്യാപകന്മാർ മുതലായവർ മുഖേന ഔഷധവിതരണം അധികൃതമായി ചെയ്യുക.

൨. വ്യായാമത്തിനും വിനോദങ്ങൾക്കും ഉള്ള സ്ഥലങ്ങൾ ഓരോ കരയ്ക്കും ഓരോന്നുണ്ടാക്കുക. ദേശീയ വ്യായാമങ്ങളെ വേതനങ്ങൾ നൾകിയുംമററും പ്രോത്സാഹിപ്പിക്കുക. ആവക ഗ്രന്ഥങ്ങളും ഉപകരണങ്ങളും ഉപദേശങ്ങളും ഇടയ്ക്കിടെ നൾകികൊണ്ടിരിക്കുക.

൩. എല്ലാസ്ഥിതികളിലും ഉള്ള ജനങ്ങൾ കഴിക്കുന്ന ഭക്ഷണസാധനങ്ങളുടേയും ആരോഗ്യപരമായ പ്രയോജനങ്ങളെ പരിശോധിച്ചറിഞ്ഞു് ശരിയായ പട്ടികകൾ തയ്യാറാക്കി-നാടൊട്ടുക്കു് പ്രചരിപ്പിക്കുകയും അവശ്യം വേണ്ടനിർദ്ദേശങ്ങൾ നൾകുകയും ചെയ്യുക.

4. പകർച്ചവ്യാധികളുടെ കാലങ്ങളിലും സാധാരണരോഗാണുക്കളെ പരത്തുവാൻ ഉപകരിക്കുന്ന പരിതസ്ഥിതികളിലും ഭക്ഷണസാധനങ്ങളുടെ ക്രയവിക്രയങ്ങളെ കർശനമായ നടപടിക്രമങ്ങൾമൂലം തടയുക. ഈവക കാര്യങ്ങൾ ചെയ്യുവാൻ ആത്മാർത്ഥമായി ശ്രമിച്ചെങ്കിൽ മാത്രമേ നമുക്കു് പൊതുവെ ജീവിതശത്രുക്കളൊടു് പടവെട്ടി മുന്നോട്ടുപോകുവാൻ സാധിക്കയൊള്ളൂ. പക്ഷെ ഈ രാജ്യത്തെ ബഹുഭൂരിപക്ഷവും ശരിയായ ആഹാരം ലഭിക്കാതെയാണു് ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്യുന്നതെന്നുള്ള വസ്തുതകൂടി അനുസ്മരിക്കേണ്ടിയിരിക്കുന്നു.

TRADESCOMBINE

Dealers in

Handloom Textile Goods

MERCHANTS & AGENTS

PUTHENCHANTHAI,
TRIVANDRUM.

ശാന്താബേക്കറി

പുത്തൻചന്ത,
തിരുവനന്തപുരം

നിങ്ങളുടെ രുചിഭേദങ്ങൾക്കും ശരീര
പോഷണത്തിനും ഒരുപോലെ ഹിതമായ
ബിസ്കറ്റുകൾ, കേക്കുകൾ
എന്നിവയ്ക്കു ഞങ്ങളോടാവശ്യപ്പെടുക.

വീരകേരളജിംഖാന

(1924 ൽ സ്ഥാപിച്ചതു്)
(ഫ്രീഫിസിക്കൽ കൾച്ചറൽ ഇൻസ്റ്റിറ്റ്യൂഷൻ) ഗ്രാൻറ്-ഇൻ-എയിഡ്,
തിരുവനന്തപുരം.

പാശ്ചാത്യവും പൌരസ്ത്യവുമായ സകലവിധ വ്യായാമരീതികളിലും അവരവരുടെ പ്രായവും ശരീരസ്ഥിതിയുമനുസരിച്ചു് ശാസ്ത്രീയമായ അഭ്യസനം സൗജന്യമായി നൽകുന്ന ഏകസ്ഥാപനം.

സമയം കാലത്തു് 6-30 to 8-30
വൈകിട്ടു് 5-30 to 7-45

രമ

അനുവാദകൻ:

R. നാരായണപ്പണിക്കർ B. A. L. T-

സുപ്രസിദ്ധ വംഗസാഹിത്യകാരനായ ശരശ്ചന്ദ്രചട്ടോപാദ്ധ്യായൻെറ ഒരു ചതുരങ്കനാടകത്തിൻെറ വിവർത്തനം മനോഹരമായ കഥ. പുരോഗമനപരമായ ആശയഗതി സജീവമായ പാത്രസൃഷ്ടി. ഹൃദയാവർജ്ജകമായ ശൈലി. വില രൂപാ 1. അണ 8.

SHORTHAND IN 30 DAYS

(PITMAN'S SYSTEM)

Experience of 35 years

So arranged as to be taught in 30 Days
A speed of 50 WORDS per minute guaranteed.

Apply to:—

THE PRINCIPAL,
St. Michael's Institute
Cantonment, Trivandrum.

ഇംഗ്ലീഷ് ഉപാദ്ധ്യായൻ

വില 3 രൂ. 8 ണ.

മദ്രാസ് മെഡിക്കൽഹാളിൻെറ വക വിശേഷവിധിയായ പല ഔഷധങ്ങളും വില്ക്കുവാനുണ്ടു്. കാററ്ലാഗ് ഇനാം!

മദ്രാസ്മെഡിക്കൽഹാൾ (ബ്രാഞ്ച്)
പുത്തൻചന്ത,
തിരുവനന്തപുരം.

ദേവികാറാണി

ഗ്രന്ഥകർത്താ

R. നാരായണപ്പണിക്കർ B. A. L. T.

നവരസങ്ങൾ സമ്മേളിച്ചിരിക്കുന്ന സംഭവങ്ങൾ, ഹൃദയത്തിൻ്റെ അഗാധതലങ്ങളെ സ്പർശിക്കുന്ന കഥാഘടന, അതിരമണീയമായ ശൈലി, സർവാംഗസുന്ദരമായ ചമല്ക്കാരവൈശിഷ്ട്യം, ഇവ ആസ്വദിക്കണമെങ്കിൽ ഈ കൃതിതന്നെ വായിക്കുക. ഈ അടുത്തകാലത്തെങ്ങും ഇത്രമാത്രം മനോമോഹനമായ ഒരു നാടകകൃതി ഉണ്ടായിട്ടില്ലെന്നു് ഞങ്ങൾ ഉറപ്പുപറയുന്നു. പാരായണത്തിനും അഭിനയത്തിനും ഏററവും പററിയതു് വില രൂപാ 1.

റെഡ്യാർ പ്രസ്സ്, പുത്തൻചന്ത തിരുവനന്തപുരം.

കുളത്തുങ്കൽ ജൂവലേഴ്സ്.

പാളയം, തിരുവനന്തപുരം.

അഖിലഭാരതപ്രശസ്തി ആൎജ്ജിച്ചുകഴിഞ്ഞിട്ടുള്ള അതിമനോഹരമായ "വസുന്ധരാവള, ബ്രിസ്റ്റ്‌വള, അമ്മിണിവള, കോണവള, പീകോക്ക് നെക്ക്‌ലേസ്, സരോജാനെക്ക്‌ലേസ് തുടങ്ങിയ പരിഷ്കൃതരീതിയിലുള്ള ആഭരണങ്ങൾ കിട്ടണമെങ്കിൽ ഞങ്ങൾക്ക ആർഡർ തരിക. പുതിയപുതിയ പരിഷ്കാരങ്ങൾ ദിവസേന വരുത്തിക്കൊണ്ടിരിക്കുന്നു.

തങ്കവും പവനും വെള്ളിയും
മൊത്തമായും ചില്ലറയായും തയാർ.

ശ്രീധന്വന്തരിമഠം

ആയുൎവ്വേദഫാൎമസി

പുത്തൻചന്ത,—തിരുവനന്തപുരം.

ശാസ്ത്രനിയമത്തെ ശ്രദ്ധാപൂർവ്വം അനുഷ്ഠിച്ച് തയാറാക്കിയിട്ടുള്ള

ഔഷധങ്ങൾ

വി. പി. ആയും അയക്കപ്പെടും.
മലയാളത്തിലൊ തമിഴിലൊ ഉള്ള കാററ്‌ലാഗിന്
2 അണ സ്റ്റാമ്പുസഹിതം ആവശ്യപ്പെടുക.

മാനേജർ,
ശ്രീധന്വന്തരിമഠം ആയുർവേദഫാർമസി
പുത്തൻചന്ത,
തിരുവനന്തപുരം.

വല്ലാരി ടാണിക്ക്

രക്തശുദ്ധിക്കും ആരോഗ്യത്തിനും കൈകണ്ട ഒരു സിദ്ധൗഷധം.

T. T. & C. COMPANY,
Kurutheru.
NAGERCOIL.

NATARAJAN BROS.

MAIN ROAD, TRIVANDRUM,

LOUD SPEEKING
EQUIPMENTS

RADIOS, ELECTRICAL INSTALLATIONS

Willard Batteries, Radio Service

Etc., Etc.,

Printed by P. M. Kesavan, Ezhukone at the Bharath Press, Trivandrum & Published from Trivandrum.